32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

May 17, 2024 | Vol. XXXII No. 20 | Periodicals Postage Paid






ചിക്കാഗോ (ബെൻസൻവില്ല്), സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ പള്ളിയിലെ മാതൃദിനാഘോഷത്തിൽ പങ്കെടുത്ത അമ്മമാർ ചിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോയി ആലപ്പാട്ട്, ഇടവക അസിസ്റ്റന്റ് വികാരി ഫാ. ബിൻസ് ചേത്തലിൽ എന്നിവരോടൊപ്പം. (ഫോട്ടോ: സഞ്ജു തേക്കനാട്ട് )

(വാർത്ത 16-ാം പേജിൽ)


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200
CHICAGO
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700
www.kunnathalaw.com


നിങ്ങൾ ഇന്നും
പുനരുദ്ധാനത്തിൽ
വിശ്വസിക്കുന്നുവോ ?
Do you still believe in
bodily resurrection?
ഈ സുപ്രധാന ചോദ്യത്തിനു
മറുപടി നൽകുന്ന പുസ്തകം.
ഇംഗ്ലീഷ് ആമസോണിൽ
ലഭ്യമാണ്.
മലയാളം ഞങ്ങളിൽ നിന്നും
ലഭിക്കും.
വില $15.00
RETHINKING RESURRECTION
A Closer Look at the Future Hope of All Believers
SUNNY PHILIP
DR. SUNNY PHILIP
Pastor, author,
conference speaker
Gateway Christian Missions | 1862 Meadowbrook Rd | Merrick |NY 11566
(516) 286-0345 | sphilipnyc@gmail.com | www.touchnations.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com

32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 മൂന്നാം തവണയും മോദി പ്രധാനമന്ത്രിയാകും
11 സമരക്കാരെ നേരിടാനുറച്ച് സർക്കാർ
13 ചിക്കാഗോ സോഷ്യൽ ക്ലബ് വടംവലി മത്സരം
19 ടാമ്പായിൽ 'സീനിയർ വെൽനസ് ഫോറം'
21 ദിവ്യകാരുണ്യ സ്വീകരണം

## മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പൊലീത്ത ഓർമ്മയായി



തിരുവല്ല: ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് അധ്യക്ഷൻ ഡോ. മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പൊലീത്ത (74) അന്തരിച്ചു. മെയ് ഏഴിന് ചൊവ്വാഴ്ച ഡാളസിൽ ഉണ്ടായ അപകടത്തെത്തുടർന്നു ഗുരുതരമായി പരുക്കേറ്റ മെത്രാപ്പൊലീത്തയെ ഡാളസ് സിറ്റിയിലെ മെതഡിസ്റ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയായിരുന്നു. ഡാളസിലെ സിൽവർസിന്റിൽ പ്രഭാതസവാരിക്കിടെയാണു മെത്രാപ്പൊലീത്തയെ വാഹനമിടിച്ചത്. നെഞ്ചിനും തലയ്ക്കും ഗുരുതരമായി പരുക്കേറ്റു. ആന്തരാവയവങ്ങളിലുണ്ടായ രക്തസ്രാവം നിലയ്ക്കാൻ ശസ്ത്രക്രിയ നടത്തി. ആരോഗ്യനിലയിൽ നേരിയ പുരോഗതി കണ്ടെങ്കിലും മെയ് എട്ടിന് ഇന്ത്യൻ സമയം രാത്രി ഏഴിന് മരിച്ചു. സംസ്കാരം പിന്നീട് തിരുവല്ല കുറ്റപ്പുഴയിലെ സെന്റ് തോമസ് നഗറിൽ. അപ്പർ കുട്ടനാട്ടിലെ നിരണം കടപ്പിലാരിൽ കുടുംബാംഗമായ മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പൊലീത്ത ഗോസ്പൽ ഫോർ ഏഷ്യ എന്ന പ്രസ്ഥാനത്തിലൂടെയാണു സുവിശേഷ പ്രവർത്തന രംഗത്തെത്തിയത്.

(ശേഷം 24-ാം പേജിൽ)

## രാജ്യസഭാ സീറ്റിനായി മുന്നണിയിൽ തർക്കം

കോട്ടയം: ഒഴിവുവരുന്ന രാജ്യസഭാ സീറ്റ് ആവശ്യപ്പെടാൻ എൽഡിഎഫ് യോഗത്തിൽ സിപിഐ തീരുമാനം. ഒഴിവുവരുന്ന മൂന്ന് സീറ്റുകളിൽ ഒന്നിൽ അവകാശവാദം ഉന്നയിക്കാൻ കേരള കോൺഗ്രസ് നീക്കം സജീവമാക്കിയതോടെയാണ് സീറ്റിനായി സിപിഐയും നിലപാട് എടുത്തത്. എന്നാൽ രാജ്യസഭാ സീറ്റ്സംബന്ധിച്ച വിഷയം ഇതുവരെ മുന്നണിയിൽ ചർച്ചയായിട്ടില്ലെന്ന് എൽഡിഎഫ് നേതൃത്വം വ്യക്തമാക്കി. ബിനോയ് വിശ്വം, ജോസ് കെ. മാണി, എളമരം കരിം എന്നിവരുടെ കാലാവധിയാണ് ജൂലൈ ഒന്നിന് അവസാനിക്കുന്നത്. ഒരു സീറ്റിൽ സിപിഎം മത്സരിക്കുമെന്ന് ഉറപ്പായിട്ടുണ്ട്.

തദ്ദേശ തെരഞ്ഞെടുപ്പും പിന്നാലെ നിയമസഭാ തെരഞ്ഞെടുപ്പും വരാനിരിക്കെ കേരള കോൺഗ്രസിന് (എം) സീറ്റ് വിട്ടുനല്കി മത്സരത്തിൽ പിന്നോട്ടു പോകാൻ സിപിഐ ഉദ്ദേശിക്കുന്നില്ല. എന്നാൽ, രാജ്യസഭാംഗത്വവുമായാണ് ജോസ് കെ. മാണിയുടെ പാർട്ടി എൽഡിഎഫിലെത്തിയത്. യുഡിഎഫിന്റെ ഭാഗമായി 2018-ൽ ജയിച്ച രാജ്യസഭാ സീറ്റ്

(ശേഷം 24-ാം പേജിൽ)

### കെജ്രിവാളിന് ഇടക്കാല ജാമ്യം അനുവദിച്ച് സുപ്രീം കോടതി

# മോദി ഗാരന്റിക്ക് ബദലായി കെജ്രിവാൾ ഗാരന്റി

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഗാരന്റിക്ക് ബദലായി പത്ത് ഉറപ്പുകളുമായി ഡൽഹി മുഖ്യമന്ത്രിയും ആം ആദ്മി നേതാവുമായ അരവിന്ദ് കെജ്രിവാൾ. ഇന്ത്യാ മുന്നണി ഭരണത്തിലെത്തിയാൽ പത്ത് ഉറപ്പുകളും ഇന്ത്യയിൽ നടപ്പാക്കുമെന്ന് കെജ്രിവാൾ മെയ് 12-ന് നടന്ന പത്രസമ്മേളനത്തിൽ പറഞ്ഞു.

മോദിയുടെ വാഗ്ദാനങ്ങളൊന്നും നടപ്പാക്കിയിട്ടില്ലെന്നും എന്നാൽ തന്റെ ഗാരന്റിക്ക് ട്രാക്ക് റിക്കാർഡുകളുണ്ടെന്നും അതിനാൽ ആരെ വിശ്വസിക്കണമെന്ന് ജനങ്ങൾ തീരുമാനിക്കുമെന്നും കെജ്രിവാൾ പറഞ്ഞു. മോദിയുടെ ഗാരന്റികൾ ഊതിവീർപ്പിച്ചതാണെന്നും 15 ലക്ഷം രൂപ അക്കൗണ്ടിൽ നൽകുമെന്നു പറഞ്ഞത് നടന്നില്ലെന്നും അദ്ദേഹം വിമർശിച്ചു.

രാജ്യവ്യാപകമായി 200 യൂണിറ്റ് സൗജന്യ വൈദ്യുതി 24 മണിക്കൂറും ലഭ്യമാക്കും, സൗജന്യ ചികിത്സ ഉറപ്പാക്കാൻ മൊഹല്ല ക്ലിനിക്കുകൾ, സർക്കാർ സ്കൂളുകളിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നിവയാണ് കെജ്രിവാൾ മുന്നോട്ടുവെക്കുന്ന പ്രധാന വാഗ്ദാനങ്ങൾ. അഗ്നിവീർ പദ്ധതി നിർത്തലാക്കുമെന്നും നിലവിലുള്ളവരെ സ്ഥിരപ്പെടുത്തുമെന്നും കെജ്രിവാൾ പറഞ്ഞു. ഇന്ത്യയിൽനിന്ന് അഴിമതി തുടച്ചുനീക്കുമെന്നും കെജ്രിവാൾ ഉറപ്പു നൽകി.

ഇന്ത്യയിൽ മൂന്നു ലക്ഷം മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ശേഷിയുണ്ട്. എന്നാൽ രണ്ടു ലക്ഷം മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഉപയോഗിക്കുന്നതെന്നും കൂടുതൽ വൈദ്യുതി ഉത്പാദിപ്പിച്ച് വൈദ്യുതി ലഭ്യത സൗജന്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതു ഡൽഹിയിൽ പരീക്ഷിച്ചു വിജയിച്ചതാണെന്നും കെജ്രിവാൾ ചൂണ്ടിക്കാട്ടി.

(ശേഷം 24-ാം പേജിൽ)



മദ്യനയ അഴിമതിക്കേസിൽ സുപ്രീം കോടതിയിൽനിന്ന് ഇടക്കാല ജാമ്യം ലഭിച്ച് തിഹാർ ജയിലിൽനിന്നു പുറത്തിറങ്ങിയ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ പാർട്ടി പ്രവർത്തകരെ അഭിവാദ്യം ചെയ്യുന്നു

## മത്സ്യബന്ധന ബോട്ടിൽ കപ്പലിടിച്ച് രണ്ട് മരണം

പൊന്നാനി: കപ്പലിടിച്ച് മത്സ്യബന്ധന ബോട്ട് തകർന്നതിനെ തുടർന്ന് കാണാതായ മത്സ്യത്തൊഴിലാളികളുടെ മൃതദേഹങ്ങൾ കണ്ടെത്തി. സ്രാങ്ക് നൈനാറിന്റെ ഉടമസ്ഥതയിലുള്ള ഇസ്ലാഹ് എന്ന ബോട്ടാണ് അപകടത്തിൽപ്പെട്ടത്. പൊന്നാനിയിൽ നിന്ന് പുറപ്പെട്ട ബോട്ട് സാഗർ യുവരാജ്



അഴീക്കൽ സ്വദേശി അബ്ദുൽ സലാം, പൊന്നാനി സ്വദേശി ഗഫൂർ എന്നിവരാണ് അകടത്തിൽ മരിച്ചത്.

അഴീക്കൽ സ്വദേശി മരക്കാട്ട് എന്ന കപ്പലുമായി കൂട്ടിയിടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ബോട്ട് രണ്ടായി മുറിഞ്ഞ് കടലിൽ താഴ്ന്നു.

(ശേഷം 24-ാം പേജിൽ)

## ജപ്തിയിൽ നിയമഭേദഗതി വരുന്നു; അധികാരം സർക്കാരിന്

തിരുവനന്തപുരം: നിശ്ചിത കാലയളവിനുള്ളിൽ ബാധ്യതതീർത്ത് അപേക്ഷ നൽകിയാൽ ബാങ്കുകൾ ജപ്തിചെയ്ത വസ്തുവകകൾ കുടിശ്ശികക്കാരനുതന്നെ തിരികെ ലഭിക്കും. ഇതിനായി നിലവിലുള്ള കേരള റവന്യൂ റിക്കവറി നിയമം ഭേദഗതിചെയ്യും. ജപ്തി ഒഴിവാക്കാൻ വായ്പത്തുക ഗഡുക്കളായി തിരിച്ചടയ്ക്കാൻ അനുവദിക്കുന്നതിന് സർക്കാരിന് അധികാരംനൽകുന്ന വ്യവസ്ഥകളും ഉൾപ്പെടുത്തും.

ജപ്തിനടപടിയിലൂടെ ബാങ്കുകൾ ഏറ്റെടുക്കുന്ന വസ്തുക്കൾ ലേലംചെയ്യുകയാണ് പതിവ്. ലേലത്തിൽ വാങ്ങാൻ ആളില്ലെങ്കിൽ നാമമാത്രമായ തുകനൽകി ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കും. ഇങ്ങനെ സർക്കാർ ഏറ്റെടുക്കുന്ന ഭൂമി നിശ്ചിത കാലയളവ് കഴിഞ്ഞാൽ മാത്രമേ മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാകൂവെന്നാണ് ഭേദഗതി കൊണ്ടുവരുക. ഈ കാലയളവിനുള്ളിൽ ബാധ്യതതീർത്ത് അപേക്ഷ നൽകിയാൽ ഉടമയ്ക്ക് വസ്തു തിരികെലഭിക്കും. ബാങ്കുകൾ ഏറ്റെടുക്കുന്ന ഭൂമിക്കും ഇത്തരത്തിൽ നിശ്ചിത കാലയളവ് വിൽപ്പനവിലക്ക് ഏർപ്പെടുത്തും. ബാധ്യത തീർക്കുന്ന വായ്പക്കാർ നിശ്ചിത കാലാവധിക്കകം ആവശ്യപ്പെട്ടാൽ തിരികെ നൽകുന്നതിനാണിത്.

നിലവിൽ സർക്കാർ ഏറ്റെടുത്തിട്ടുള്ള ഇത്തരം ഭൂമിക്ക് 20 വർഷം കഴിഞ്ഞും അവകാശികൾ എത്താറുണ്ട്. അപേക്ഷ നൽകാൻ കാലപരിധി നിശ്ചയിക്കുന്നതോടെ ഇത്തരം തലവേദനകൾ ഒഴിവാകുമെന്നാണ് കരുതുന്നത്.

# സൈബർ തട്ടിപ്പിന് പിന്നിൽ മലയാളി സംഘവും

തിരുവനന്തപുരം: സൈബർ തട്ടിപ്പുസംഘങ്ങൾക്കായി അനധികൃതമായി വൻതോതിൽ സിം കാർഡുകൾ സംഘടിപ്പിച്ചു കൈമാറുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി കേന്ദ്ര ഏജൻസികൾ സംസ്ഥാന ആഭ്യന്തര വകുപ്പിനെ അറിയിച്ചു.

വൻതോതിൽ സിം കാർഡ് വിൽക്കുന്ന അഞ്ച് സ്ഥലങ്ങളുടെ വിവരങ്ങളും കൈമാറി. ഇവിടങ്ങളിൽ അന്വേഷണം ആരംഭിച്ചു. ഉപയോക്താക്കളിൽനിന്ന് ആവശ്യത്തിൽ കൂടുതൽ തവണ വിരലടയാളം പതിപ്പിച്ച് അവരറിയാതെ വിവിധ കമ്പനികളുടെ സിം കാർഡ് അനധികൃതമായി എടുക്കുന്നതാണു രീതി. തുടർന്ന് ഇവ സൈബർ തട്ടിപ്പുസംഘങ്ങൾക്കു വിൽക്കും.

വർക്കലയിൽ ഇത്തരത്തിൽ അനധികൃതമായി സംഘടിപ്പിച്ച 250 സിം കാർഡുകൾ വിദേശ തട്ടിപ്പുസംഘങ്ങൾക്കു നൽകിയ കടയുടമയെ അറസ്റ്റ് ചെയ്തപ്പോൾ തൃശൂരിൽ ഉൾപ്പെടെ വിവിധ ഭാഗങ്ങളിലെ തട്ടിപ്പുകൾ തെളിഞ്ഞു. 13 മലയാളികൾ ചേർന്ന് കംബോഡിയയിൽ നടത്തുന്ന തട്ടിപ്പുസംഘത്തിനാണ് ഈ മൊബൈൽ നമ്പറുകൾ നൽകിയതെന്നും കണ്ടെത്തി. സംഘത്തിലുൾപ്പെട്ട വർക്കല സ്വദേശിയെ കംബോഡിയയിൽനിന്ന് കഴിഞ്ഞ ദിവസമാണു തന്ത്രപൂർവം നാട്ടിലെത്തിച്ച് അറസ്റ്റ് ചെയ്തത്. ഇല്ലാത്ത പാഴ്സലിന്റെ പേരുപറഞ്ഞു സിബിഐയുടെയും കസ്റ്റംസിന്റെയും പേരിൽ വാട്സാപ് കോൾ വഴി തട്ടിപ്പ് നടത്തുന്നതായിരുന്നു കംബോഡിയ സംഘത്തിന്റെ രീതി.

മലപ്പുറത്തുനിന്ന് ഒരു കോടി രൂപ തട്ടിയ കേസിൽ കേരള പോലീസ് ഈയിടെ കർണാടകയിൽനിന്ന് അറസ്റ്റ് ചെയ്ത പ്രതി ഇന്ത്യയിലെ സൈബർ തട്ടിപ്പുകളിലെ നിർണായക കണ്ണിയാണെന്നു കണ്ടെത്തിയിട്ടുണ്ട്.

മൊബൈൽ ഫോൺ സിം കാർഡ് വിൽപനക്കാരനാണു പ്രതി. ഇയാൾ അനധികൃതമായി സംഘടിപ്പിച്ച 4000 സിം കാർഡ് കണക്ഷനുകൾ വിദേശത്തെ ഓൺലൈൻ തട്ടിപ്പ് സംഘത്തിനു കൈമാറിയെന്നും കണ്ടെത്തിയിട്ടുണ്ട്.

കേരളം ഉൾപ്പെടെ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലേക്കും തട്ടിപ്പു കോളുകൾ വന്നിരുന്നത് ബെംഗളൂരുവിൽ ഒരേപ്രദേശം കേന്ദ്രീകരിച്ചുള്ള നമ്പറുകളിൽ നിന്നായിരുന്നു. തുടർന്നുള്ള അന്വേഷണത്തിലാണു തട്ടിപ്പിന്റെരീതി കണ്ടെത്തി പ്രതിയെ പിടികൂടിയത്.

കേരളത്തിൽ നാല് മാസത്തിനിടെ ഓൺലൈൻ തട്ടിപ്പുകളിലൂടെ നഷ്ടമായത് 180 കോടി രൂപയാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ റിപ്പോർട്ട്. ഇതേ കാലയളവിൽ ഇന്ത്യയിലാകെ 6000 കോടിയാണ് സൈബർ തട്ടിപ്പിലൂടെ നഷ്ടമായത്.

# നരേന്ദ്ര മോദിക്കെതിരായ ഹർജി തള്ളി

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ നടത്തിയ വിദ്വേഷപ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്കെതിരെ കേസെടുക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി ഡൽഹി ഹൈക്കോടതി തള്ളി. ഹർജി തെറ്റിദ്ധരിപ്പിക്കുന്നതും കഴമ്പില്ലാത്തതുമാണെന്ന് ഹർജി തള്ളിക്കൊണ്ട് ഡൽഹി ഹൈക്കോടതി വ്യക്തമാക്കി. വിഷയം തെരഞ്ഞെടുപ്പ് കമ്മീഷന്റെ പരിഗണനയിലാണെന്നും ജസ്റ്റിസ് സച്ചിൻ ദത്ത പറഞ്ഞു.



രാജസ്ഥാനിലും മധ്യപ്രദേശിലും കഴിഞ്ഞമാസം പ്രധാനമന്ത്രി നടത്തിയ പ്രസംഗത്തിന് എതിരെയാണ് കോടതിയിൽ ഹർജിയെത്തിയത്. ഏപ്രിൽ 27-ന് ഹിമാചൽപ്രദേശിൽ കേന്ദ്രമന്ത്രി അനുരാഗ് ഠാക്കൂർ നടത്തിയ പ്രസംഗവും ബിജെപി ദേശീയ അദ്ധ്യക്ഷൻ ജെ.പി. നഡ്ഢ നടത്തിയ സമൂഹമാധ്യമ പോസ്റ്റുകളെക്കുറിച്ചും ഹർജിയിൽ പറയുന്നുണ്ട്. വിദ്വേഷപ്രസംഗം നടത്തിയ എല്ലാ നേതാക്കൾക്ക് എതിരെയും നടപടിയെടുക്കണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നുണ്ട്. ബിആർഎസ് നേതാവ് കെ. ചന്ദ്രശേഖർ റാവുവിനെതിരെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടിയെടുത്തെന്നും എന്നാൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് എതിരെ ഒരു നോട്ടീസ് പോലും അയച്ചിട്ടില്ലെന്നും ഹർജിക്കാർക്കുവേണ്ടി ഹാജരായ അഭിഭാഷകൻ നിസാം പാഷ കോടതിയിൽ പറഞ്ഞു. "എന്തുകൊണ്ടാണ് നരേന്ദ്ര മോദിക്ക് പ്രത്യേക പരിഗണന കിട്ടുന്നത്? തെരഞ്ഞെടുപ്പ് കമ്മീഷന്റെ നോട്ടീസ് ലഭിച്ചത് രാഷ്ട്രീയപാർട്ടിക്കാണ്. അതിൽ പ്രസംഗത്തെക്കുറിച്ച് പരാമർശിക്കുന്നു പോലുമില്ല": നിസാം പാഷ പറഞ്ഞു.


# നിരണം ഡക്ക്ഫാമിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു

തിരുവല്ല: താറാവുകൾ കൂട്ടത്തോടെ ചത്തതിനു പിന്നാലെ നിരണം ഡക്ക്ഫാമിൽ നടത്തിയ പരിശോധനയിൽ തിരുവല്ലയിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു. നിരണത്തെ സർക്കാർ താറാവ് വളർത്തൽ കേന്ദ്രത്തിൽ ഈയിടെ താറാവുകൾ കൂട്ടത്തോടെ ചത്തിരുന്നു. ഇതിനു കാരണം പക്ഷിപ്പനിയാണെന്ന സംശയത്തിലാണ് പരിശോധന നടന്നത്. ഭോപ്പാൽ വൈറോളജി ലാബിലേക്കാണ് സാംപിളുകൾ അയച്ചുകൊടുത്തത്. ഇവിടെ നടത്തിയ പരിശോധനയുടെ ഫലം വന്നപ്പോഴാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്.

പക്ഷിപ്പനി സ്ഥിരീകരിച്ചതോടെ പഞ്ചായത്തിൽ പ്രതിരോധ നടപടികൾ ഊർജിതമാക്കിയിട്ടുണ്ട്. സമീപപ്രദേശത്തു വളർത്തുപക്ഷികളിൽ രോഗമുണ്ടോയെന്ന് പരിശോധന തുടങ്ങി. നേരത്തെ ആലപ്പുഴ ജില്ലയിൽ അപ്പർകുട്ടനാട് പ്രദേശങ്ങളോടു ചേർന്ന ഭാഗങ്ങളിൽ പക്ഷിപ്പനി കണ്ടതോടെ നിരണം, നെടുമ്പ്ര, കടപ്ര പഞ്ചായത്തുകളിൽ പക്ഷികളുമായി ബന്ധപ്പെട്ട കടത്ത്, വ്യാപാരം, മാംസവില്പന എന്നിവ നിരോധിച്ചിരുന്നു.

# മൂന്നാം തവണയും മോദി പ്രധാനമന്ത്രിയാകും: അമിത് ഷാ

ന്യൂഡൽഹി: മൂന്നാം തവണയു മോദി പ്രധാനമന്ത്രിയായാലും 75 വയസാകുന്ന അടുത്ത വർഷം വിരമിക്കുമെന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ പ്രസ്താവനയ്ക്കെതിരെ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ രംഗത്ത്. 75 വയസായാലും മോദി തന്നെയായിരിക്കും വീണ്ടും പ്രധാനമന്ത്രിയെന്നും മൂന്നാം ടേമും അദ്ദേഹം പൂർത്തിയാക്കുമെന്നും അമിത് ഷാ പറഞ്ഞു.




"മോദിക്ക് 75 വയസ് തികയുന്നതോർത്തു സന്തോഷിക്കേണ്ടെന്ന് അരവിന്ദ് കെജ്രിവാളിനോടും ഇന്ത്യാ സഖ്യത്തോടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മോദിക്ക് പ്രധാനമന്ത്രിയാകാൻ കഴിയില്ലെന്ന് ബിജെപിയുടെ ഒരു ഭരണഘടനയിലും എഴുതിയിട്ടില്ല. അദ്ദേഹം വീണ്ടും പ്രധാനമന്ത്രിയാകും. കാലാവധി പൂർത്തിയാക്കുകയും ചെയ്യും"- ഹൈദരാബാദിൽ നടത്തിയ പത്രസമ്മേളനത്തിൽ അമിത് ഷാ വ്യക്തമാക്കി. അടുത്ത വർഷം സെപ്റ്റംബർ 17-ന് മോദിക്ക് 75 വയസാകുമെന്നും പാർട്ടിയിൽ മോദി തന്നെ കൊണ്ടുവന്ന നിയമപ്രകാരം 75 വയസാകുമ്പോൾ പാർലമെന്ററി രാഷ്ട്രീയത്തിൽ നിന്നു വിരമിക്കേണ്ടതിനാൽ അമിത് ഷാ ആയിരിക്കും പ്രധാനമന്ത്രിയെന്നുമായിരുന്നു മെയ് 12-ന് നടത്തിയ പത്രസമ്മേളനത്തിൽ കെജ്രിവാൾ പറഞ്ഞത്. മോദി അമിത് ഷായ്ക്കുവേണ്ടിയാണ് ഇപ്പോൾ വോട്ടു പിടിക്കുന്നതെന്നും മോദിയുടെ ഗാരന്റി അമിത് ഷാ നടപ്പിലാക്കുമെന്ന് വല്ല ഉറപ്പുമുണ്ടോയെന്നും കെജ്രിവാൾ ചോദിച്ചിരുന്നു. എൽ.കെ. അദ്വാനി, മുരളീ മനോഹർ ജോഷി, സുമിത്ര മഹാജൻ, യശ്വന്ത് സിൻഹ തുടങ്ങിയവർ 75 വയസ് പൂർത്തിയായപ്പോൾ പാർലമെന്ററി രാഷ്ട്രീയത്തിൽനിന്നു വിരമിച്ച കാര്യവും കെജ്രിവാൾ ചൂണ്ടിക്കാട്ടിയിരുന്നു. അതേസമയം, കെജ്രിവാളിന്റെ പ്രസ്താവന തള്ളിക്കളഞ്ഞ ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി. നഡ്ഡ, അവർ ഇപ്പോൾ മോദിയുടെ വയസ് പറഞ്ഞു രക്ഷപ്പെടാനുള്ള വഴി തേടുകയാണെന്നും ആരോപിച്ചു.

# സ്ത്രീ വിരുദ്ധ പരാമർശം: ആർഎംപി നേതാവ് കെ.എസ്. ഹരിഹരനെതിരെ കേസെടുത്തു

കോഴിക്കോട്: സ്ത്രീ വിരുദ്ധ പരാമർശം നടത്തിയ ആർഎംപി കേന്ദ്രകമ്മിറ്റിയംഗം കെ.എസ് ഹരിഹരനെതിരെ വടകര പോലീസ് കേസെടുത്തു. സ്ത്രീത്വത്തെ അപമാനിക്കൽ, കലാപശ്രമം തുടങ്ങിയ വകുപ്പുകൾ ചുമത്തിയാണ് കേസ്. ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാവ് കെ. പുഷ്പജ നൽകിയ പരാതിയിലാണ് നടപടി. വടകര മണ്ഡലം എൽഡിഎഫ് സ്ഥാനാർത്ഥി കെ.കെ. ശൈലജയ്ക്കെതിരെ നടത്തിയ പരാമർശത്തെത്തുടർന്ന് ഹരിഹരന് രൂക്ഷവിമർശനം നേരിടേണ്ടി വന്നിരുന്നു. വടകര കോട്ടപ്പറമ്പിൽ യുഡിഎഫ് സംഘടിപ്പിച്ച ജനകീയ കാമ്പയിനിലാണ് അധിക്ഷേപ പരാമർശമുണ്ടായത്.

യുഡിഎഫ് നേതാക്കളുൾപ്പെടെ ഹരിഹരനെ തള്ളിപ്പറഞ്ഞ് രംഗത്തെത്തി. ഇതിന്റെ പേരിൽ വിവാദത്തിലായ ആർഎംപി നേതാവ് കെ.എസ്. ഹരിഹരന്റെ വീടിനു നേരെ നടന്ന ബോംബാക്രമണത്തിൽ മൂന്നുപേരെ പോലീസ് കസ്റ്റഡിയിലെടുത്തു. ഇവരെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിവായിട്ടില്ല. പോലീസ് ചോദ്യം ചെയ്തുവരികയാണ്. തേഞ്ഞിപ്പലം പോലീസാണ് കേസെടുത്ത് അന്വേഷണം



നടത്തിവരുന്നത്. സമീപപ്രദേശങ്ങളിലെ സിസിടിവി ദൃശ്യങ്ങൾ പോലീസ് പരിശോധിക്കും. ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും സ്ഥലത്തെത്തും. നാടൻ ബോംബാണെന്നാണ് പ്രാഥമിക നിഗമനം. ബൈക്കിലെത്തിയ രണ്ടുപേർ സ്ഫോടകവസ്തു എറിയുകയായിരുന്നു. ഗേറ്റിന് മുകളിലേക്കാണ് സ്ഫോടകവസ്തു വീണത്. സംഭവസമയത്ത് ഹരിഹരനും കുടുംബവും ഭാര്യാസഹോദരനും രാഷ്ട്രീയ നിരീക്ഷകനുമായ ഡോ. ആസാദും വീട്ടിലുണ്ടായിരുന്നു. ഉച്ചയ്ക്ക് വടകര രജിസ്ട്രേഷനിലുള്ള കാറിലെത്തിയ സംഘം ഭീഷണി മുഴക്കിയിരുന്നതായും സിപിഎം ആണ് ആക്രമണത്തിന് പിന്നിലെന്നും ഹരിഹരൻ പറഞ്ഞു.

ഹരിഹരന്റെ പരാമർശം ദൗർഭാഗ്യകരമാണെന്നും ആ മനോനില തിരുത്തണമെന്നും വടകരയിലെ യുഡിഎഫ് സ്ഥാനാർത്ഥി ഷാഫി പറമ്പിൽ പറഞ്ഞു. ആരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ലാത്ത പരാമർശമാണുണ്ടായതെന്നും തെറ്റു മനസ്സിലാക്കി മാപ്പു പറഞ്ഞ സ്ഥിതിക്ക് ഇനി വിവാദത്തിനു പ്രസക്തിയില്ലെന്നും കെ.കെ. രമ എംഎൽഎ പറഞ്ഞു. ഹരിഹരന്റെ വീടിനു നേരെയുണ്ടായ ആക്രമണം ആസൂത്രിതമാണെന്നും മാപ്പുപറയൽ കൊണ്ട് പ്രശ്നം അവസാനിക്കില്ലെന്ന് സിപിഎം ജില്ലാ സെക്രട്ടറി പി. മോഹനൻ പറഞ്ഞത് ഇതിന്റെ സൂചനയാണെന്നും രമ പറഞ്ഞു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 20
May 17, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം

ജീവിതത്തെക്കുറിച്ച് ഒരാൾക്കുള്ള വീക്ഷണമാണ് അയാളുടെ ജീവിതത്തിന്റെ ശക്തി.
**അൽക്കോട്ട്**

ഒരു മുറിവിനെ മനനം വഴി ഒഴിവാക്കുകയാണ് വാഗ്വാദം വഴി മറികടക്കുവാൻ ശ്രമിക്കുന്നതിനെക്കാൾ നല്ലത്.
**ഫ്രാൻസിസ്**

K.O. JOSE & ASSOCIATES, INC.
Certified Public Accountants



K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

Tel: 847-724-3020 • Cell: 847-833-6038

CPA SM
America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com



INDIA PENTECOSTAL ASSEMBLY
544 TIPTON RD
IRVING TX 75060

Youth Pastor Job Summary

We are seeking a committed, spirit-filled, Youth Pastor to provide leadership and care to our church's youth ministry. The Youth Pastor will be responsible for fostering spiritual growth, planning and leading activities, and providing guidance to young people in our church. The successful candidate is a committed Christian leader who is passionate about helping young people grow in their faith.

Youth Pastor Requirements and Qualifications

- Bachelor's or master's degree in theology, ministry, or related field from a reputed Bible college
- Minimum 2 years of experience in youth ministry and ordination preferred.
- A deep knowledge of the Bible and Christian theology
- Teach the Word of God to the youth with conviction, compassion, and care.
- Able to effectively communicate with young people, adults, and families as well as work with the Senior pastor
- Exceptional organizational, leadership skills and Fluent in English and understand Malayalam
- A passion for helping young people grow in their faith.Youth Ministry in the US preferred
- Age Between 25-40 years and married.

Email resume to:
pastorsearchipa@gmail.com



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

Trusted Representation
Achieves Aggressive Financial Results

★Over $ 50M Recovered and Collected For Our Clients
★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
★Free Confidential Consultation On All Matters Home Visits Available
★Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

We Want A Long Term Relationship With You

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

Fee Discounts Available To Malayalee Clients On Specific Cases

BBB A+ Rating Better Business Bureau
AV PREEMINENT® Peer Rated for Highest Level of Professional Excellence 2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ
സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# നീതിപൂർവ വോട്ടെടുപ്പിനായി കോടതിയുടെ ഒരു ചുവട്

അരവിന്ദ് കെജ്രിവാളിന് ഇടക്കാല ജാമ്യം നൽകിയ സുപ്രീം കോടതിയുടെ നടപടിയെ ലോക്സഭാ തെരഞ്ഞെടുപ്പു നീതിപൂർവമാക്കാനുള്ള ഇടപെടലെന്നു വ്യാഖ്യാനിക്കാം. പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെയുള്ള പരാതികളിൽ വേഗത്തിൽ നടപടിയെടുക്കാൻ മടിക്കുന്ന തെരഞ്ഞെടുപ്പു കമ്മീഷന് ആലോചനയ്ക്കു വക നൽകുന്നതുമാണു കോടതിയുടെ സമീപനം.

തെരഞ്ഞെടുപ്പു പ്രഖ്യാപനത്തിനുശേഷം കേന്ദ്ര സർക്കാരിനു കോടതിയിൽനിന്നു ലഭിച്ച രണ്ടാമത്തെ അടിയാണ് കെജ്രിവാളിന്റെ കേസിലെ ഉത്തരവ്. കെജ്രിവാളിന്റെ അറസ്റ്റിനെതിരെ രാജ്യാന്തരതലത്തിൽത്തന്നെ ഉണ്ടായ പ്രതികരണം ശ്രദ്ധേയമായിരുന്നു. ഐക്യരാഷ്ട്ര സംഘടനാ സെക്രട്ടറി ജനറലിന്റെ ഓഫീസും യുഎസും ജർമനിയും തെരഞ്ഞെടുപ്പു നീതിപൂർവമാണോയെന്ന സംശയംകൂടി ചേർത്താണ് അറസ്റ്റിനെതിരെ പ്രതികരിച്ചത്.

തെരഞ്ഞെടുപ്പു തീരുംവരെയെങ്കിലും കെജ്രിവാൾ തടവിൽ കഴിയണമെന്നാണു ബിജെപി താൽപര്യപ്പെട്ടത്. കെജ്രിവാൾ, മനീഷ് സിസോദിയ തുടങ്ങിയവർ ജയിലിലെന്നത് ഉദാഹരണമാക്കി, അഴിമതിക്കാരുടേതാണ് ആം ആദ്മി പാർട്ടിയെന്ന പ്രചാരണം ബിജെപി സജീവമാക്കി. എന്നാൽ, ഇടക്കാല ജാമ്യത്തോടെ ബിജെപി ഡൽഹിയിലും പഞ്ചാബിലുമുൾപ്പെടെ പ്രതിരോധത്തിലാകുന്ന സ്ഥിതിയായി.

പിഎംഎൽഎയിലെ 45-ാം വകുപ്പിലാണു ജാമ്യവ്യവസ്ഥകളടങ്ങിയിരിക്കുന്നത്. രണ്ടു വ്യവസ്ഥകളാണ് ഇതിൽ നിഷ്കർഷിച്ചിട്ടുള്ളത്. ഒന്ന്, ജാമ്യത്തിലിരിക്കവേ പ്രതി കുറ്റകൃത്യത്തിൽ ഏർപ്പെടരുത്. രണ്ടാമത്തേത്, ആരോപിക്കപ്പെടുന്ന കുറ്റം പ്രതി ചെയ്തിട്ടില്ലെന്നു ന്യായാധിപനു പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടാൽമാത്രമേ ജാമ്യം അനുവദിക്കാവൂ. എന്നാൽ, സുപ്രീം കോടതി ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നത്, കേസിന്റെ ശരിതെറ്റുകളെക്കുറിച്ചുള്ള എന്തെങ്കിലും അഭിപ്രായത്തിന്റെയോ നിഗമനത്തിന്റെയോ പ്രകടനമല്ല ഇടക്കാല ജാമ്യം അനുവദിക്കാനുള്ള തീരുമാനം എന്നാണ്. അതായത്, പിഎംഎൽഎയിലെ 45-ാം വകുപ്പിലടങ്ങിയ കർക്കശവ്യവസ്ഥയെ സുപ്രീംകോടതി അവഗണിച്ചിരിക്കുന്നു എന്നർത്ഥം. ആരോപിക്കപ്പെട്ട കുറ്റം ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന ബോധ്യത്തിനല്ല, പ്രതിയുടെ വ്യക്തിസ്വാതന്ത്ര്യം സംരക്ഷിക്കുക എന്നതിനാണ് ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയുടെയും ദീപാങ്കർ ദത്തയുടെയും ബെഞ്ച് പരിഗണന നൽകിയത് എന്നു വ്യക്തമാകുന്നു.

ഭരണകൂടശക്തികൾക്കുമേൽ വ്യക്തിസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കണോ അതോ നേരേമറിച്ചുവേണോ എന്നതു ന്യായാധിപനു തീരുമാനിക്കാവുന്നതേയുള്ളൂ. അരവിന്ദ് കെജ്രിവാളിന് ഇടക്കാല ജാമ്യമനുവദിച്ചപ്പോൾ, ഭരണകൂടശക്തിക്കുമേൽ വ്യക്തിസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കാൻ ജസ്റ്റിസ് സഞ്ജീവ് ഖന്നയും ജസ്റ്റിസ് ദീപാങ്കർ ദത്തയും ബോധപൂർവം തീരുമാനിക്കുകതന്നെയായിരുന്നു. കേന്ദ്രസർക്കാർ പിഎംഎൽഎ ദുരുപയോഗം ചെയ്യുന്നതിനെതിരെ സുപ്രീംകോടതിയിലെ മറ്റൊരു സിറ്റിങ് ജഡ്ജി ജസ്റ്റിസ് ഉജ്ജൽ ഭുയാൻ ഈയിടെ മുന്നറിയിപ്പു നൽകിയതും ഈയവസരത്തിൽ ഓർക്കാവുന്നതാണ്. ആ നിയമത്തിന്റെ അമിതോപയോഗവും ദുരുപയോഗവും ഇ.ഡിക്കു പേരുദോഷവും ഇന്ത്യയ്ക്കു ദോഷവുമാണെന്നാണു സ്വകാര്യചടങ്ങിൽ ജസ്റ്റിസ് ഭുയാൻ പറഞ്ഞത്.

ഡൽഹി മദ്യനയ അഴിമതിക്കേസിൽ പിഎംഎൽഎയിലെ വകുപ്പുകൾ ചുമത്തിയാണ് മാർച്ച് 21-ന് കെജ്രിവാളിനെ ഇഡി അറസ്റ്റുചെയ്തത്. ഇന്ത്യയിൽ പൊതുതെരഞ്ഞടുപ്പ് പ്രഖ്യാപിച്ചതിനു തൊട്ടുപിന്നാലെ നടത്തിയ അറസ്റ്റ് രാഷ്ട്രീയപ്രേരിതവും ദുരധികാരസൂചകവുമാണെന്ന് അന്നേ ആരോപണമുയർന്നിരുന്നു. 2022 ഓഗസ്റ്റിൽ രജിസ്റ്റർചെയ്ത കേസിൽ കെജ്രിവാളിനെ 2024 മാർച്ച് 21-നുമാത്രമാണ് അറസ്റ്റുചെയ്തതെന്നു ജാമ്യ ഉത്തരവിൽ സുപ്രീംകോടതി ചൂണ്ടിക്കാട്ടുന്നുമുണ്ട്. പൊതുതെരഞ്ഞെടുപ്പിന്റെ ശിഷ്ടദശയിൽ പ്രചാരണത്തിൽ പങ്കെടുക്കാൻ കെജ്രിവാളിനെ കോടതി അനുവദിച്ചെന്നത് അദ്ദേഹത്തിന്റെ പാർട്ടിയായ എഎപിക്കും അതുൾപ്പെട്ട പ്രതിപക്ഷ സഖ്യത്തിനും ഉത്തേജനം പകരും. രാഷ്ട്രീയ എതിരാളികളെയും വിമതസ്വരങ്ങളെയും അടിച്ചമർത്താൻ ഭരണകൂടം നിയമങ്ങളെ ദുരുപയോഗം ചെയ്യുന്നതിനെതിരായ താക്കീതായിക്കൂടി സുപ്രീംകോടതിയുടെ ഈ ഉത്തരവു വർത്തിക്കും എന്നു പ്രത്യാശിക്കാം.

വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ച് ജസ്റ്റിസ് കൃഷ്ണയ്യർ പ്രകടിപ്പിച്ച ഉത്കണ്ഠ വേണ്ടവിധം ഉൾക്കൊള്ളുംവിധത്തിലാണ് സുപ്രീംകോടതി ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന് ഇടക്കാലജാമ്യം അനുവദിച്ചിരിക്കുന്നത്. ജാമ്യം തടയാൻ കോടതിയിൽ പരമാവധി ശ്രമിച്ച കേന്ദ്ര അന്വേഷണ ഏജൻസിയായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റി(ഇഡി)ന് ഈ ഉത്തരവ് തിരിച്ചടിയാണ്. ഏറെ ദുരുപയോഗംചെയ്യപ്പെടുന്ന കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമ (പ്രിവൻഷൻ ഓഫ് മണിലോൻഡറിങ് ആക്ട് - പിഎംഎൽഎ) ത്തിലെ കർക്കശമായ ജാമ്യവ്യവസ്ഥ തൃണവദ്ഗണിച്ചുകൊണ്ടാണ് സുപ്രീം കോടതിയുടെ ഉത്തരവ് എന്നതാണു കൂടുതൽ ശ്രദ്ധേയം.

# കെ.പി. യോഹന്നാൻ

## ആത്മീയയാത്രയിലൂടെ വിശ്വാസ ഹൃദയത്തിൽ

ബിലീവേഴ്സ് ചർച്ച് പരമാധ്യക്ഷനായ മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പൊലീത്ത 16-ാം വയസ്സിലാണ് ആത്മീയരംഗത്തേയ്ക്ക് വരുന്നത്. മാർത്തോമ്മ സഭാംഗമായിരുന്ന കെ.പി. യോഹന്നാൻ ചെറുപ്രായത്തിൽതന്നെ തികഞ്ഞ വിശ്വാസിയായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം എട്ടു വർഷം അദ്ദേഹം ദക്ഷിണേഷ്യയിൽ സുവിശേഷ പ്രചാരണത്തിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും ഏർപ്പെട്ടു.

അദ്ദേഹം ഓപ്പറേഷൻ മൊബിലൈസേഷൻ തിയോളജിക്കൽ എന്ന ആത്മീയ സംഘവുമായി പരിചയപ്പെടുകയും ഇന്ത്യ മുഴുവൻ സഞ്ചരിക്കുകയും ചെയ്തു.

ജോർജ് വെർവറിനെ ആത്മീയഗുരുവായി തെരഞ്ഞെടുത്തു. ഇദ്ദേഹത്തിന്റെ ഐ ഇൻവൈറ്റ് യു ടു കം, ഡൈ ആൻഡ് ലിവ് (ഞാൻ നിങ്ങളെ ക്ഷണിക്കുന്നു, വരുക, മരിക്കുക, ജീവിക്കുക) എന്ന എട്ടു വാക്കുകളാണ് തന്റെ ജീവിതം മാറ്റിമറിച്ചതെന്ന് യോഹന്നാൻ എഴുതിയിട്ടുണ്ട്. ദൈവത്തിലേക്കുള്ള ക്ഷണമായിരുന്നു അത്. 1971-ൽ ജോൺ ഹഗ്ഗായി എന്ന ആത്മീയ പ്രഭാഷകന്റെ നിർദേശപ്രകാരം യോഹന്നാൻ സുവിശേഷ പ്രവർത്തനം വിദേശത്തേക്ക് വ്യാപിപ്പിച്ചു.


1974-ൽ അമേരിക്കയിലെ ഡാളസിൽ ദൈവശാസ്ത്രപഠനത്തിനു ചേർന്നു. പഠനശേഷം ഡാളസിലെ പള്ളിയിൽ പുരോഹിതനായി.

നാലു വർഷത്തിനുശേഷം പുരോഹിതപദവിയിൽനിന്നു രാജിവെച്ചു ജീവകാരുണ്യപ്രവർത്തനങ്ങൾക്കു മുന്നിട്ടിറങ്ങി. അദ്ദേഹത്തിനൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുണ്ടായിരുന്ന ജർമൻ വനിത ഗിസില്ലയെ ഇതിനിടെ വിവാഹം കഴിച്ചു. ഡാനിയൽ, സാറ എന്നിവരാണു മക്കൾ.

അമേരിക്കയിലെ ടെക്സാസിൽ 1978-ൽ അദ്ദേഹം ഗോസ്പൽ ഫോർ ഏഷ്യ എന്ന ട്രസ്റ്റ് സ്ഥാപിച്ചു. ഭാര്യയ്ക്കൊപ്പം സുവിശേഷപ്രവർത്തനം തുടർന്ന അദ്ദേഹം 1983-ൽ കേരളത്തിലേക്കു തിരിച്ചുവന്നു. തിരുവല്ല മഞ്ഞാടിയിൽ ഗോസ്പൽ ഫോർ ഏഷ്യയുടെ ആസ്ഥാനം നിർമിച്ചു. ആത്മീയയാത്ര എന്ന റേഡിയോ പ്രഭാഷണത്തിലൂടെ അദ്ദേഹം ലോകമെങ്ങും പ്രശസ്തനായി.

ക്രൈസ്തവ ജീവിതത്തെയും ദൗത്യങ്ങളെയും കുറിച്ച് അഞ്ഞൂറോളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ചെന്നൈയിലെ ഹിന്ദുസ്ഥാൻ ബൈബിൾ കോളജ് അദ്ദേഹത്തെ ഡോക്ടർ ബിരുദം നൽകി ആദരിച്ചു.

പിന്നീട് ആത്മീയയാത്ര ടിവി ചാനൽ തുടങ്ങിയ അദ്ദേഹം ജീവകാരുണ്യമേഖലയ്ക്കു പുറമേ വിദ്യാഭ്യാസം, ആതുരസേവന രംഗങ്ങളിലേക്കും തിരിഞ്ഞു. റാന്നി-പെരുനാട്ടിൽ എഞ്ചിനീയറിംഗ് കോളജും തിരുവല്ല സെന്റ് തോമസ് നഗറിൽ റെസിഡൻഷ്യൽ സ്കൂളും ചുമത്രയിൽ ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളജ്, നേഴ്സിങ് കോളജ് എന്നിവയും സ്ഥാപിച്ചു.



ബിലീവേഴ്സ് ചർച്ച് എന്ന പേരിൽ 2003-ലാണ് അദ്ദേഹം എപ്പിസ്കോപ്പൽ സഭ സ്ഥാപിച്ചത്. ഇത് പിന്നീട് ഇന്ത്യയ്ക്ക് അകത്തും പുറത്തും ധാരാളം വിശ്വാസികളുള്ള സഭയായി മാറി. 2017-ൽ ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് എന്നു സഭ പേരു മാറി. ഏഷ്യയിലും ആഫ്രിക്കയിലും അമേരിക്കയിലും യൂറോപ്പിലും സഭയ്ക്കു പള്ളികളുമുണ്ട്.

കേരളത്തിലെ തന്നെ പ്രമുഖ ആരോഗ്യ സ്ഥാപനമായ തിരുവല്ലയിലെ ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളജ് 2014-ലാണ് പ്രവർത്തനം തുടങ്ങിയത്. 25 ഏക്കറിൽ 750 കിടക്കകളുള്ള മെഡിക്കൽ കോളജാണ് സഭയുടെ ഉടമസ്ഥതയിലുള്ളത്. കോന്നിയിൽ സഭയുടെതന്നെ മെഡിക്കൽ സെന്ററുമുണ്ട്. മെഡിക്കൽ കോളജിന്റെ ക്യാമ്പസ് രൂപകല്പന ചെയ്യുന്നതിന് ആദ്യം മുതൽ യോഹാൻ മെത്രാപ്പൊലീത്തയുടെ കൃത്യമായ നിർദേശങ്ങൾ ഉണ്ടായിരുന്നു. അതിൻപ്രകാരം പ്രകൃതിയോട് ഇണങ്ങുംവിധമുള്ള ക്യാമ്പസാണ് മെഡിക്കൽ കോളജിൽ ഒരുക്കിയത്. ഏതു നിർമിതിയിലും പ്രകൃതിയോട് ചേർന്നുപോകുന്ന രൂപകല്പന ഉണ്ടാകണമെന്ന് യോഹാൻ മെത്രാപ്പൊലീത്തക്ക് നിർബന്ധമായിരുന്നു.

തിരുവല്ലയിലെ മെഡിക്കൽ കോളജും ചെറുവള്ളി എസ്റ്റേറ്റുമൊക്കെ അദ്ദേഹത്തെ ഇന്ത്യയിലെ വലിയൊരു സംരംഭകന്റെ നിലയിലേക്കും എത്തിച്ചു. പാട്ടക്കാലാവധി കഴിഞ്ഞ് തർക്കത്തിൽ ആയിരുന്ന ചെറുവള്ളി എസ്റ്റേറ്റ് വാങ്ങിയ ബിലീവേഴ്സ് ചർച്ച് എങ്ങനെ എസ്റ്റേറ്റ് നന്നായി നടത്താം എന്ന് കാണിച്ചു കൊടുത്തു. തൊഴിലാളികൾക്കും അദ്ദേഹത്തിന്റെ പ്രസ്ഥാനം പ്രിയങ്കരമായി.



തന്റെ സാമ്രാജ്യം കെട്ടിപ്പടുക്കുന്നതിനൊപ്പം വിവാദങ്ങളും അദ്ദേഹത്തെ തേടിവന്നുകൊണ്ടിരുന്നു. റുവാണ്ടയിൽ ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളജിന്റെ നിർമാണം നടന്നുവരുന്നതിനിടെയാണ് അന്തരിച്ചത്.


Law Office of
Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


MIDWEST
WINDOWS & DOORS
40% OFF
FOR DOORS & SIDING
45% OFF
FOR WINDOWS
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

## മൂന്നു ഭാഷകളിൽ ബൈബിൾ പകർത്തിയെഴുതി എൺപതുകാരി ഏലിയാമ്മ

ഉഴവൂർ: വിശുദ്ധഗ്രന്ഥം പകർത്തിയെഴുതിയതിന്റെ സന്തോഷത്തിലാണ് ഉഴവൂർ കണ്ണംമാനാൽ ഏലിയാമ്മ ജോൺ. എൺപതാം വയസ്സിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലാണ് എഴുത്ത്. ബൈബിൾ പകർത്തിയെഴുത്ത് പതിവാണെങ്കിലും മൂന്ന് ഭാഷകളിൽ അപൂർവമാണ്. 2018 ഏപ്രിൽ 28-ന് മലയാളത്തിലുള്ള പകർത്തിയെഴുത്ത് തുടങ്ങി. 11 മാസത്തിനുള്ളിൽ പൂർത്തിയാക്കി.



വാക്കർ ഉപയോഗിച്ചാണ് ഏലിയാമ്മയുടെ നടപ്പ്. അനാരോഗ്യത്തെ മറന്നാണ് രചനകൾ. മകൻ സജയ് ജോണിനൊപ്പം ആൽപ്പാറ ഭാഗത്താണു താമസം. ആറ് വർഷം കൊണ്ടാണ് മൂന്ന് ഭാഷകളിലെയും എഴുത്ത് പൂർത്തിയാക്കിയത്. ദൈവവിളി പോലെയാണ് എഴുത്ത് ആരംഭിച്ചത്.

ഇംഗ്ലീഷിൽ എഴുതാനായിരുന്നു ആദ്യ തീരുമാനം. കോവിഡ് സമയത്താണ് ഈ ആശയം ഉദിച്ചത്.

തൂവാനീസ പ്രാർഥനാ കേന്ദ്രത്തിലെ വൈദികൻ സമ്മാനിച്ച ഇംഗ്ലീഷ് ബൈബിൾ ഒന്നര വർഷം കൊണ്ടു പകർത്തിയെഴുതാനായി. മധ്യപ്രദേശിൽ ജോലി ചെയ്തിരുന്ന മകൻ ജയ്‌രാജ് ജോണും ഭാര്യ ജെസിയുമാണ് ഹിന്ദി ഭാഷയിലേക്കുള്ള പകർത്തിയെഴുത്തിനു പ്രേരണയായത്.

എട്ടാം ക്ലാസ് മാത്രം വിദ്യാഭ്യാസമുള്ള ഏലിയാമ്മ എങ്ങനെയാണ് മൂന്നു ഭാഷകളിൽ എഴുതുന്നതെന്ന ചോദ്യത്തിന് ഉത്തരം ഇങ്ങനെ: ‘പഴയ എട്ടാം ക്ലാസാണെങ്കിലും ഏഴിലും എട്ടിലും ഹിന്ദി, ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിൽ മുഴുവൻ മാർക്കും നേടിയിട്ടുണ്ട്.

ദിവസം എട്ട് മണിക്കൂർ വരെ എഴുത്തിനു ചെലവിട്ടു. ഹിന്ദിയെഴുത്തിനു സമയമേറെയെടുത്തു. 76 ബുക്കുകളും 250 പേനകളും എഴുത്തിനു വേണ്ടി വന്നു. പരേതനായ ജോണാണു ഭർത്താവ്. ജോമണിയാണ് മറ്റൊരു മകൻ.

## എസ്എസ്എൽസി പരീക്ഷാഫലം: കേരളത്തിൽ 99.69 വിജയശതമാനം

തിരുവനന്തപുരം: എസ്എസ്എൽസി പരീക്ഷയിൽ കേരളത്തിൽ 99.69 ശതമാനം വിജയം. 4,26,892 പേർ പരീക്ഷ എഴുതിയതിൽ 4.25,565 പേർ ഉപരിപഠനത്തിന് യോഗ്യത നേടി. യോഗ്യത നേടാനാകാതെ പോയത് 1327 പേർക്കു മാത്രമാണ്.

ജില്ലകളിൽ കോട്ടയമാണ് ഒന്നാമത്: 99.92 ശതമാനം ജയം. 100 ശതമാനം വിജയം നേടി വിദ്യാഭ്യാസ ജില്ലകളിൽ പാലാ ഒന്നാമതെത്തി.

കഴിഞ്ഞ വർഷത്തെ 99.70 ശതമാനം എന്ന റെക്കോർഡ് ജയത്തെക്കാൾ 0.01 ശതമാനം കേരളത്തിൽ കുറഞ്ഞെങ്കിലും ഉപരിപഠനത്തിനു യോഗ്യത നേടിയവരുടെയും മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയവരുടെയും എണ്ണം കൂടി. അതേസമയം 100 ശതമാനം ജയം നേടിയ സ്കൂളുകളുടെ എണ്ണം കുറഞ്ഞു.

ടിഎച്ച്എസ്എൽസിയിൽ പരീക്ഷ എഴുതിയ 2944 പേരിൽ 2938 പേരും (99.8 ശതമാനം) എഎച്ച്എസ്എൽസിയിൽ (കേരള കലാമണ്ഡലം സ്കൂൾ) 60-ൽ 59 പേരും (98.33 ശതമാനം) യോഗ്യത നേടി.

കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഒന്നാമതായിരുന്ന കണ്ണൂർ ജില്ല ഇത്തവണ 99.87 ശതമാനത്തോടെ രണ്ടാം സ്ഥാനത്തായി. എറണാകുളം (99.86) ആണ് മൂന്നാം സ്ഥാനത്ത്. തിരുവനന്തപുരം ജില്ലയാണ് (99.08 ശതമാനം) വിജയശതമാനത്തിൽ പിന്നിൽ.

വിദ്യാഭ്യാസജില്ലകളിൽ പാലാ തുടർച്ചയായ രണ്ടാം വർഷവും 100 ശതമാനം വിജയം നേടി. വിദ്യാഭ്യാസ ജില്ലകളിൽ ആറ്റിങ്ങൽ (99 ശതമാനം) ആണു പിന്നിൽ.

ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ (79,901) പരീക്ഷയെഴുതിയ മലപ്പുറം 99.79 ശതമാനം വിജയം നേടി. ഏറ്റവും കുറവ് (10.021) കുട്ടികൾ പരീക്ഷയെഴുതിയ പത്തനംതിട്ട ജില്ലയുടെ വിജയശതമാനം 99.7.

എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഇത്തവണയും മലപ്പുറം ജില്ലയാണ് മുന്നിൽ- 11,974. രണ്ടാം സ്ഥാനം കോഴിക്കോടിന്- 8563.

കൂടുതൽ വിദ്യാർഥികൾക്ക് ഫുൾ എ പ്ലസ് ലഭിച്ച വിദ്യാഭ്യാസ ജില്ലയും മലപ്പുറമാണ്- 4934. ആകെ 2472 സ്കൂളുകൾ 100 ശതമാനം വിജയം നേടി.

## ബിഎസ്സി നേഴ്സിങ്: നിർബന്ധിത പരിശീലനം വേണ്ടെന്ന് സുപ്രീം കോടതിയും

ന്യൂഡൽഹി: ബിഎസ്സി നേഴ്സിങ് പഠനത്തിന്റെ ഭാഗമായുള്ള നിർബന്ധിത പരീശീലനം വേണ്ടെന്നു സുപ്രീം കോടതിയും. പഠനത്തിന്റെ ഭാഗമായുള്ള ഇന്റേൺഷിപ് ഒഴിവാക്കിയ സർക്കാർ ഉത്തരവും ഇതനുസരിച്ചു സർവകലാശാലകൾ പാഠ്യപദ്ധതി പരിഷ്കരിച്ചതും സുപ്രീം കോടതി ശരിവെച്ചു.

നിർബന്ധിത പരിശീലനം പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടു കേരള പ്രൈവറ്റ് ഹോസ്പിറ്റൽസ് അസോസിയേഷൻ സമർപ്പിച്ച ഹർജി കോടതി തള്ളി.

നേഴ്സിങ് പഠനം കഴിഞ്ഞ് ഒരു വർഷം നിർബന്ധിത പരിശീലനം നടത്തിയാലേ ജോലിക്കു കയറാനാകൂ എന്ന വ്യവസ്ഥ 2011-ലാണ് കേരള സർക്കാർ തിരുത്തിയത്. നാല് വർഷ കോഴ്സിനു പിന്നാലെ ഒരു വർഷം പരിശീലനം കൂടി കണക്കാക്കുമ്പോൾ പഠനം പൂർത്തിയാക്കാൻ അഞ്ച് വർഷമെടുത്തിരുന്നു. ഇത് ഒഴിവാക്കിയ സർക്കാർ ഉത്തരവിനെതിരെ അസോസിയേഷൻ നൽകിയ ഹർജി നേരത്തെ കേരള ഹൈക്കോടതിയും തള്ളിയിരുന്നു. തുടർന്നാണു നിർബന്ധിത പരിശീലനം പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടു സുപ്രീം കോടതിയെ സമീപിച്ചത്.

നാല് വർഷത്തെ പഠനത്തിൽ ആറുമാസം പരിശീലന കാലയളവാണെന്നു ജസ്റ്റിസുമാരായ ബി.ആർ. ഗവായ്, സന്ദീപ് മേത്ത എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി. ഇതിനു ശേഷം വീണ്ടും ഒരു വർഷത്തെ നിർബന്ധിത പരിശീലനത്തിന്റെ ആവശ്യമില്ലെന്നും നേഴ്സിങ് ബിരുദധാരികൾക്കു നേരിട്ടു ജോലിക്കു കയറാമെന്നും കോടതി വ്യക്തമാക്കി.

## എസ്എസ്എൽസി പരീക്ഷയിൽ മാറ്റം വരുന്നു; എഴുത്തുപരീക്ഷയിൽ ഇനി 30 ശതമാനം മാർക്ക് നേടണം

തിരുവനന്തപുരം: എസ്എസ്എൽസി പരീക്ഷ ജയിക്കാൻ എഴുത്തുപരീക്ഷയ്ക്കു മിനിമം മാർക്ക് വേണമെന്ന രീതി തിരികെ വരുന്നു. അടുത്ത വർഷം മുതൽ എഴുത്തുപരീക്ഷയിൽ ഓരോ വിഷയത്തിനും കുറഞ്ഞത് 30 ശതമാനം മാർക്ക് നേടുന്നവർക്ക് ഉപരിപഠന യോഗ്യത നൽകിയാൽ മതിയെന്ന നിർദേശമാണ് സർക്കാർ നടപ്പാക്കാനൊരുങ്ങുന്നത്. എസ്എസ്എൽസി ഫലപ്രഖ്യാപന വേളയിൽ മന്ത്രി വി. ശിവൻകുട്ടി ഇക്കാര്യം വ്യക്തമാക്കിയെങ്കിലും തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ഔദ്യോഗിക പ്രഖ്യാപനമുണ്ടായില്ല. ഒൻപതാം ക്ലാസ് വരെ മാർക്ക് പരിഗണിക്കാതെ എല്ലാവരെയും ജയിപ്പിക്കുന്ന രീതിയിലും മാറ്റം പരിഗണിക്കുന്നതായി മന്ത്രി വ്യക്തമാക്കി.

നിലവിൽ നിരന്തര മൂല്യനിർണയത്തിലൂടെ സ്കൂൾ തലത്തിൽ നൽകുന്ന 20 ശതമാനം മാർക്ക് കൂടി ചേർത്താണ് ഉപരിപഠന യോഗ്യതയ്ക്കുവേണ്ട 30 ശതമാനം കണക്കാക്കുന്നത്. നിരന്തര മൂല്യനിർണയത്തിലെ 20 ശതമാനം മാർക്ക് മിക്ക വിദ്യാർത്ഥികൾക്കും പൂർണമായി നൽകാറുമുണ്ട്. ബാക്കി 10 ശതമാനം മാർക്ക് മാത്രം എഴുത്തുപരീക്ഷയിലൂടെ നേടിയാൽ മതിയെന്നതാണു സ്ഥിതി. ഇതു കടുത്ത നിലവാരത്തകർച്ചയ്ക്കു കാരണമാകുന്നുവെന്ന വിമർശനം ശക്തമാണ്. സ്വന്തം പേര് തെറ്റു കൂടാതെ എഴുതാൻ അറിയാത്തവർ പോലും എസ്എസ്എൽസിക്ക് എ പ്ലസ് നേടുന്നുവെന്നു പൊതുവിദ്യാഭ്യാസ ഡയറക്ടർ തന്നെ പറഞ്ഞത് ഏറെ ചർച്ചയായിരുന്നു.

പുതിയ പരിഷ്കാരം നടപ്പാക്കിയാലും എല്ലാ വിഷയങ്ങളിലും നിരന്തര മൂല്യനിർണയം തുടരും. എന്നാൽ, ഇതിനൊപ്പം 40 മാർക്കിന്റെ എഴുത്തുപരീക്ഷയ്ക്ക് 12 മാർക്കും 80 മാർക്കിന്റെ പരീക്ഷയ്ക്ക് 24 മാർക്കും നേടണമെന്നു വ്യവസ്ഥ ചെയ്യും. അതോടെ എസ്എസ്എൽസി വിജയനിരക്ക് കുറയാനും സാധ്യതയുണ്ട്. വിദ്യാഭ്യാസ വിദഗ്ധരുമായുള്ള കൂടിയാലോചനകൾക്കു ശേഷമാകും മാറ്റം നടപ്പാക്കുകയെന്നും അതിനായി വിദ്യാഭ്യാസ സമ്മേളനം വിളിക്കുമെന്നും മന്ത്രി അറിയിച്ചു.

ഹയർ സെക്കൻഡറിയിൽ എഴുത്തുപരീക്ഷയ്ക്ക് 30 ശതമാനം മാർക്കാണു യോഗ്യത നേടാൻ വേണ്ടത്. ഈ മാതൃകയാണ് എസ്എസ്എൽസിക്കും സ്വീകരിക്കുക.







നല്ലയിനം ജുജുബി,പേഴ്സിമോൻ
ഫല വൃക്ഷത്തൈകൾ വിൽപ്പനയ്ക്ക്
വിൻസന്റ് ഇമ്മാനുവൽ
215 880 3341


# ഖാർഗെയ്ക്ക് തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിമർശനം

ന്യൂഡൽഹി: വോട്ടിങ് ശതമാനത്തിൽ പൊരുത്തക്കേടുണ്ടെന്ന് ചൂണ്ടിക്കാട്ടി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ 'ഇന്ത്യ' മുന്നണിയിലെ നേതാക്കൾക്കയച്ച കത്തിനുനേരെ രൂക്ഷ വിമർശനവുമായി തെരഞ്ഞെടുപ്പ് കമ്മീഷൻ.

തെരഞ്ഞെടുപ്പുവേളയിൽ തെറ്റായ രാഷ്ട്രീയ ആഖ്യാനത്തിനാണ് ഖാർഗെ ശ്രമിച്ചതെന്നും ഇത്തരം ആരോപണങ്ങളിൽനിന്ന് വിട്ടുനിൽക്കണമെന്നും കമ്മീഷൻ ഖാർഗെയ്ക്കയച്ച കത്തിൽ മുന്നറിയിപ്പ് നൽകി.

ആദ്യഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും അന്തിമ വോട്ടിങ് ശതമാനം വൈകുന്നതിൽ ഖാർഗെ അടക്കമുള്ള കോൺഗ്രസ് നേതാക്കൾ കമ്മീഷനുനേരെ രൂക്ഷവിമർശനമുന്നയിച്ചിരുന്നു. ശതമാനം വൈകിയാണ് പ്രസിദ്ധീകരിച്ചത്. ഇതുമായി ബന്ധപ്പെട്ട് ഖാർഗെ ഇന്ത്യ മുന്നണി നേതാക്കൾക്കയച്ച കത്തിൽ ചരിത്രത്തിലെ ഏറ്റവും മോശമായ അവസ്ഥയിലാണ് കമ്മീഷനെന്ന് വിമർശിച്ചിരുന്നു. വോട്ടിങ് ശതമാനത്തിലുള്ള വ്യത്യാസം ക്രമക്കേടിനു കാരണമാകുമെന്നും ഖാർഗെ ചൂണ്ടിക്കാട്ടി. ഇതിനെതിരെയാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ സീനിയർ പ്രിൻസിപ്പൽ സെക്രട്ടറി ഖാർഗെയ്ക്ക് കത്തയച്ചത്. തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വിശ്വാസ്യത ഉയർത്തിപ്പിടിക്കാൻ ഇത്തരം പരാമർശങ്ങളിൽനിന്ന് വിട്ടുനിൽക്കണമെന്ന് കത്തിലാവശ്യപ്പെട്ടു.

ആദ്യഘട്ടങ്ങളിലെ അന്തിമ വോട്ടിങ് ശതമാനം വൈകിയതിലും വോട്ടർ പട്ടിക വെബ്സൈറ്റിൽ ലഭ്യമാകാത്ത



തിലും തെരഞ്ഞെടുപ്പ് കമ്മീഷനെ വിമർശിച്ച് ഇന്ത്യ നേതാക്കൾക്കെഴുതിയ കത്ത് ഖാർഗെ 'എക്സി'ൽ പങ്കുവെച്ചിരുന്നു.

ഇതിലെ കമ്മീഷനെതിരായുള്ള പരാമർശങ്ങളും എണ്ണിയെണ്ണി മറുപടിയിൽ ചൂണ്ടിക്കാട്ടി. മണ്ഡലത്തിലുള്ള വോട്ടർപട്ടികയിൽ എത്രപേരുണ്ടെന്ന് എല്ലാ രാഷ്ട്രീയപ്പാർട്ടികൾക്കും അറിയാം.

പട്ടിക തയ്യാറാക്കുന്ന ഓരോ ഘട്ടത്തിലും പാർട്ടികളെ ഇക്കാര്യം അറിയിക്കാറുണ്ട്. ഓരോ പോളിങ് ബൂത്തിലുമുള്ള വോട്ടർമാരുടെ എണ്ണം സ്ഥാനാർത്ഥിക്കും പാർട്ടിക്കും അറിയാം. വോട്ടെടുപ്പു ദിവസം 17 സി. ഫോറത്തിൽ രേഖപ്പെടുത്തി സ്ഥാനാർത്ഥികൾക്ക് നൽകിയ വോട്ടിൽ മാറ്റമുണ്ടാകാനിടയില്ല.

വോട്ടിങ് യന്ത്രത്തിൽ പോൾചെയ്ത വോട്ടുകളുടെ എണ്ണം 17 സി ഫോമുമായി ഒത്തുനോക്കുന്നത് സ്ഥാനാർത്ഥികളുടെ സാന്നിധ്യത്തിലാണ്. ഇതിൽ ഏതെങ്കിലും തരത്തിലുള്ള അപാകത ശ്രദ്ധയിൽപ്പെടുകയോ ഏതെങ്കിലും സ്ഥാനാർത്ഥികൾ പരാതിപറയുകയോ ചെയ്തിട്ടില്ലെന്നും കത്തിൽ കമ്മീഷൻ ചൂണ്ടിക്കാട്ടി.

# മുനിസിപ്പൽ അംഗങ്ങളെ പുറത്താക്കാൻ അധികാരമില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: മുനിസിപ്പാലിറ്റികളിൽ തെരഞ്ഞെടുക്കപ്പെട്ടു വരുന്ന അംഗങ്ങളെ പുറത്താക്കാൻ ഉദ്യോഗസ്ഥർക്കും രാഷ്ട്രീയ യജമാനന്മാർക്കും അധികാരമില്ലെന്ന് സുപ്രീംകോടതി. മഹാരാഷ്ട്രയിലെ മുനിസിപ്പാലിറ്റിയിൽനിന്ന് ചില അംഗങ്ങളെ പുറത്താക്കിയതു ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റീസുമാരായ സൂര്യകാന്ത്, പി.എസ്. നരസിംഹ എന്നിവരുൾപ്പെട്ട ബെഞ്ചിന്റെ വിധി. ജനാധിപത്യത്തിന്റെ അടിവേരിലുള്ള സംവിധാനമാണ് മുനിസിപ്പാലിറ്റികളെന്നും രാഷ്ട്രീയ നേതാക്കന്മാരുടെയും ഉദ്യോഗസ്ഥരുടെയും ഇഷ്ടത്തിനനുസരിച്ച് മുനിസിപ്പാലിറ്റികളിലെ അംഗങ്ങലെ പുറത്താക്കാൻ സാധിക്കില്ലെന്നും കോടതി വ്യക്തമാക്കി.

2015-2016 വർഷത്തിൽ അന്നത്തെ മഹാരാഷ്ട്ര ഗ്രാമീണ വികസന മന്ത്രി ഒസ്മാനാബാദ്, നൽദുർഗ മുനിസിപ്പാലിറ്റികളിലെ കൗൺസിലർമാരെ പുറത്താക്കാൻ ഉത്തരവിട്ടിരുന്നു. ആറു വർഷത്തേക്ക് ഇവരെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് മന്ത്രിയുടെ ഉത്തരവിൽ വിലക്കുകയും ചെയ്തിരുന്നു. നിലവിൽ ജനപ്രതിനിധിയെന്ന കാലാവധിയും ഡീബാർമെന്റിന്റെ കാലാവധിയും അവസാനിച്ചതിനാൽ തങ്ങൾക്കെതിരെയുള്ള പെരുമാറ്റ ദൂഷ്യക്കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ടാണ് ഹർജിക്കാർ സുപ്രീംകോടതിയെ സമീപിച്ചത്.

# ബിരുദ കോഴ്സ് ഇനി നാലുവർഷം

തിരുവനന്തപുരം: നാലു വർഷ ബിരുദ കോഴ്സുകൾക്കു സർവകലാശാലകളിലും കോളജുകളിലും ജൂലൈ ഒന്നിനു തുടക്കമാകുമെന്നു മന്ത്രി ആർ. ബിന്ദു അറിയിച്ചു.

മെയ് 20-നു മുൻപ് അപേക്ഷ ക്ഷണിക്കും. ജൂൺ 15-നകം ട്രയൽ റാങ്ക് ലിസ്റ്റും അവസാന പട്ടികയും പ്രസിദ്ധീകരിക്കും. 20 മുതൽ പ്രവേശന നടപടികൾ. മൂന്നു വർഷം കഴിയുമ്പോൾ ബിരുദവും നാലാംവർഷം പൂർത്തിയാകുമ്പോൾ ഓണേഴ്സ് ബിരുദവും ലഭിക്കുന്ന വിധത്തിലാണ് കോഴ്സ് സംവിധാനം. കൂടുതൽ ക്രെഡിറ്റ് സ്കോറുകൾ നേടുന്ന മിടുക്കരായ കുട്ടികൾക്കു രണ്ടര വർഷത്തിനുള്ളിൽ ബിരുദം നേടാനും അവസരമുണ്ട്.

നാലാം വർഷം ഗവേഷണ പ്രവർത്തനങ്ങൾ, ഇന്റേൺഷിപ്, നൈപുണ്യ വികസന പരിപാടികൾ എന്നിവ നടത്തും. ഇന്റേൺഷിപ്പിനും യുജിസി നിർദ്ദേശ പ്രകാരമുള്ള നൈപുണ്യ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമായി പ്രഫഷണൽ സ്ഥാപനങ്ങളെയും ഏജൻസികളെയും സർക്കാർ നേരിട്ടു തെരഞ്ഞെടുക്കും. വിവിധ വിഷയങ്ങളിൽ കോമ്പിനേഷൻ സ്ട്രീമുകൾ തെരഞ്ഞെടുക്കാനാകും.

ഭിന്നശേഷി വിഭാഗത്തിലുള്ള കുട്ടികൾക്ക് പ്രത്യേക പരീക്ഷാരീതി ആയിരിക്കും. സർവകലാശാലകളിൽ ഏകീകൃത കരിക്കുലവും റഗുലേഷനും നിലവിൽ വരും. ആദ്യഘട്ടത്തിൽ എല്ലാ കോഴ്സുകളുടെയും 20 ശതമാനം സിലബസ് പഠിപ്പിക്കുന്ന അധ്യാപകർ തന്നെയാണ് തയാറാക്കിയിരിക്കുന്നത്. ക്യാംപുകളിൽ ഹെൽപ് ലൈൻ ഡെസ്ക് തുറക്കും. ഉയർന്ന ഫീസ് പരിഗണനയിൽ ഇല്ലെന്നും മന്ത്രി അറിയിച്ചു.

# അമ്പലങ്ങളിൽ അരളിപ്പൂവിന് നിയന്ത്രണം

തിരുവനന്തപുരം: തിരുവിതാംകൂർ, മലബാർ ദേവസ്വം ബോർഡുകൾക്കു കീഴിലുള്ള ക്ഷേത്രങ്ങളിൽ അരളിപ്പൂവിന്റെ ഉപയോഗത്തിനു നിയന്ത്രണം. നിവേദ്യം, പുഷ്പാഞ്ജലി, പ്രസാദം എന്നിവയിൽനിന്ന് അരളി പൂർണമായി ഒഴിവാ



ക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രത്യേക യോഗം തീരുമാനിച്ചു. എന്നാൽ, പൂജയ്ക്കായി ഉപയോഗിക്കും. മാല, പുഷ്പാഭിഷേകം, പൂമൂടൽ എന്നീ വഴിപാടുകൾക്കു ഉപയോഗിക്കാം. അരളിക്കു പകരം തെച്ചി, തുളസി, പിച്ചി, മുല്ല, റോസ്, ജമന്തി എന്നിവ ഉപയോഗിക്കാനാണു തീരുമാനം. ക്ഷേത്രങ്ങളിൽ അർച്ചനയിലും നിവേദ്യത്തിലും അരളിപ്പൂ ഉപയോഗിക്കേണ്ടെന്ന മലബാർ ദേവസ്വം ബോർഡിന്റെ ഉത്തരവ് മെയ് 10-ന് ഇറങ്ങി. കൊച്ചിൻ ദേവസ്വം ബോർഡ് ഇക്കാര്യത്തിൽ പുതിയ തീരുമാനം എടുത്തിട്ടില്ല. ആലപ്പുഴയിൽ യുവതി മരിച്ചത് അരളിപ്പൂ ഉള്ളിൽ ചെന്നാണെന്ന വാർത്ത പുറത്തുവന്നതോടെയാണ് ക്ഷേത്രങ്ങളിൽ അരളി നിരോധനം ചർച്ചയായത്.

# മന്ത്രിമാർക്ക് ഉദ്യോഗസ്ഥരുടെ ഓൺലൈൻ യോഗം വിളിക്കാനുള്ള അനുമതി തള്ളി തെരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം: ഉദ്യോഗസ്ഥരുടെ ഓൺലൈൻ യോഗം വിളിക്കാനായി മന്ത്രിമാർക്ക് അനുമതി നൽകണമെന്ന ആവശ്യം തെരഞ്ഞെടുപ്പ് കമ്മീഷൻ തള്ളി. വീഡിയോ കോൺഫറൻസ് വഴി മന്ത്രിമാർക്ക് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു വകുപ്പുകളിലെ അത്യാവശ്യ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള അനുമതി തരണമെന്ന ചീഫ് സെക്രട്ടറി അധ്യക്ഷനായ പെരുമാറ്റച്ചട്ട സമിതിയുടെ അപേക്ഷയാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തള്ളിയത്.

ഇതുസംബന്ധിച്ച് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചു മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്കു സർക്കാർ കത്തു നൽകിയിരുന്നു. ഇതു കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനു കൈമാറി. അനുമതി ആവശ്യം അനുവദിക്കാനാകില്ലെന്ന് അറിയിച്ച് കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷനാണ് മറുപടി നൽകിയത്.

ഇതോടെ അവശ്യകാര്യങ്ങൾക്ക് അടക്കം ഓൺലൈൻ യോഗങ്ങളും മന്ത്രിമാർക്കു വിളിച്ചു ചേർക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. കേരളത്തിലെ വോട്ടെടുപ്പ് പൂർത്തിയായ സാഹചര്യത്തിൽ തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടത്തിൽ ഇളവു തേടി നേരത്തേ തെരഞ്ഞെടുപ്പു കമ്മീഷനെ ചീഫ് സെക്രട്ടറിതല സമിതി സമീപിച്ചെങ്കിലും ഇതുവരെ മറുപടി നൽകിയിട്ടില്ല. ഗവർണർ അംഗീകരിച്ച ഭൂപതിവു ഭേദഗതി ബിൽ അടക്കം അഞ്ചു ബില്ലുകളിൽ അനുമതി തേടി തെരഞ്ഞെടുപ്പു കമ്മീഷനെ സമീപിച്ചതിനും ഇതുവരെ മറുപടി ലഭിച്ചിട്ടില്ലെന്നാണു വിവരം.






### ഡ്രൈവിംഗ് ടെസ്റ്റ്

# സമരക്കാരെ നേരിടാനുറച്ച് സർക്കാർ

തിരുവനന്തപുരം: ഡ്രൈവിങ് ടെസ്റ്റ് നടത്താൻ അനുവദിക്കാത്ത ഡ്രൈവിങ് സ്കൂൾ ഉടമകളെ നേരിടാനുറച്ച് സർക്കാർ. ടെസ്റ്റ് നടത്താൻ പകരം ഗ്രൗണ്ടുകൾ കണ്ടെത്താൻ ഗതാഗത വകുപ്പ് തീരുമാനിച്ചെങ്കിലും പ്രതിഷേധം തുടരവേ ടെസ്റ്റ് നടന്നില്ല. കെഎസ്ആർടിസിയുടെ സ്ഥലങ്ങളിൽ പോലീസ് സംരക്ഷണത്തോടെ ടെസ്റ്റ് നടത്താൻ മന്ത്രി കെ.ബി. ഗണേഷ്കുമാർ ആർടിഒമാർക്കു ഈയിടെ നിർദേശം നൽകിയിരുന്നു. നിലവിൽ ടെസ്റ്റ് നടക്കുന്ന 86-ൽ 77 ഗ്രൗണ്ടുകളും ഡ്രൈവിങ് സ്കൂൾ യൂണിയനുകൾ വാടകയ്ക്കെടുത്തവയാണ്. ഈ ഗ്രൗണ്ടുകൾ അടച്ചിട്ടാണ് യൂണിയനുകൾ ഇപ്പോൾ ടെസ്റ്റ് തടയുന്നത്.

മെയ് 10 മുതൽ ടെസ്റ്റ് കേന്ദ്രങ്ങളായി പുതിയ ഇടങ്ങൾ കണ്ടെത്താൻ നിർദേശം. കെഎസ്ആർടിസിയുടെ ഉടമസ്ഥതയിലുള്ള 24 സ്ഥലങ്ങൾ കണ്ടെത്തിക്കഴിഞ്ഞു. മറ്റിടങ്ങളിൽ സർക്കാരിന്റെയും സർക്കാർ സ്കൂളുകളുടെയും മൈതാനങ്ങൾ ഒരുക്കാൻ ആർടിഒമാർക്ക് നിർദേശം. ഇത്തരം സൗകര്യങ്ങളൊന്നുമില്ലാത്തയിടങ്ങളിൽ സ്വകാര്യ വ്യക്തികളുടെ ഭൂമി വാടകയ്ക്കെടുക്കും. ടെസ്റ്റിനുള്ള വാഹനം കിട്ടാത്ത സ്ഥലങ്ങളിൽ അവയും വാടകയ്ക്കെടുക്കും. 10-ന് ടെസ്റ്റിനു വന്നവരെ നിസ്സാരകാര്യങ്ങൾ പറഞ്ഞു തിരിച്ചയച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടിക്കു നിർദേശം. ടെസ്റ്റിന് വരുന്നവരെ തിരിച്ചയക്കുന്നവർക്കെതിരെ ഇനിമുതൽ ഉടൻ നടപടിയുണ്ടാകും. സമരത്തിന് ചില ഉദ്യോഗസ്ഥർ പിന്തുണ നൽകുമെന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണിത്. ഓരോ ദിവസവും അനുവദിക്കപ്പെട്ട സ്ലോട്ടുകളിൽ പങ്കെടുക്കേണ്ടവർ വരാത്തപക്ഷം തൊട്ടടുത്ത ദിവസത്തെ ലിസ്റ്റിലുള്ളവരിൽനിന്നു വരാൻ തയാറുള്ളവരെ ഉൾപ്പെടുത്തി വെയ്റ്റിങ് ലിസ്റ്റ് തയാറാക്കണം.

ഡ്രൈവിങ് സ്കൂളുകളുടെയും യൂണിയനുകളുടെയും സമ്മർദത്തിനു വഴങ്ങില്ലെന്ന നിലപാട് മന്ത്രി കെ.ബി. ഗണേഷ്കുമാർ കർശനമാക്കി. വിദേശത്തുനിന്നാണു മന്ത്രി നിർദേശങ്ങൾ നൽകിയത്. ചീഫ് സെക്രട്ടറിയും വിഷയത്തിൽ ഇടപെട്ടിരുന്നു.

ഇതിനിടെ, ഡ്രൈവിങ് ടെസ്റ്റ് പരിഷ്കരിച്ച സർക്കുലറിലെ മിക്ക നിർദേശങ്ങളും നടപ്പാക്കാൻ മൂന്ന് മാസത്തിലേറെ ഇളവു നൽകിയിട്ടും ആശയക്കുഴപ്പമുണ്ടെന്നു പറഞ്ഞ് ഉദ്യോഗസ്ഥരിൽ ചിലർ നിസ്സഹകരിച്ചു. കയ്യിൽ ഗിയർ ഉള്ള ഇരുചക്ര വാഹനങ്ങൾ ടെസ്റ്റിന് ഉപയോഗിക്കാൻ പാടില്ലെന്ന ആദ്യ സർക്കുലറിലെ നിർദേശത്തിനു മാത്രം പുതിയ ഉത്തരവിൽ പ്രത്യേകിച്ച് ഇളവിന്റെ കാര്യം പറഞ്ഞിരുന്നില്ല. അതിനാൽ, കയ്യിൽ ഗിയറുള്ള ഇരുചക്ര വാഹനവുമായി വന്നവരെ ഉദ്യോഗസ്ഥർ തിരിച്ചയച്ചു. എന്നാൽ, കയ്യിൽ ഗിയറുള്ളതു പറ്റില്ല എന്ന മുൻ ഉത്തരവു നടപ്പാക്കുന്നതും മൂന്നു മാസത്തേക്ക് നീട്ടി പിന്നാലെ ഗതാഗതവകുപ്പ് ഉത്തരവിറക്കി. ഇതോടെ ഈ പ്രശ്നവും പരിഹരിച്ചു.



പുതിയ ഡ്രൈവിങ് ടെസ്റ്റ് രീതിയിൽ പ്രതിഷേധിച്ച് തിരുവനന്തപുരം മുട്ടത്തറയിലെ മോട്ടോർ വാഹനവകുപ്പിന്റെ ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റ് സെന്ററിനു മുന്നിൽ വിവിധ തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ നടന്ന സമരം

### ഹിന്ദുക്കൾ കുറഞ്ഞു, മുസ്‌ലിം, ക്രൈസ്തവർ കൂടി

# കേന്ദ്ര റിപ്പോർട്ട് വിവാദത്തിൽ

ന്യൂഡൽഹി: ഇന്ത്യയിലെ ഹിന്ദു ജനസംഖ്യ കുറഞ്ഞെന്നും മുസ്‌ലിം, ക്രൈസ്തവ ജനസംഖ്യ കൂടിയെന്നും പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക കൗൺസിൽ തയ്യാറാക്കിയ വർക്കിങ് റിപ്പോർട്ട്. തെരഞ്ഞെടുപ്പിൽ ജനശ്രദ്ധ തിരിക്കാനുള്ള നീക്കമാണിതെന്നും സെൻസസ് നടത്താതെ എങ്ങനെ കണക്ക് കിട്ടിയെന്നും പ്രതിപക്ഷം വിമർശിച്ചു. കോൺഗ്രസ് ന്യൂനപക്ഷ പ്രീണനം നടത്തുകയാണെന്ന് ബിജെപി പ്രചാരണം തുടങ്ങി.

1950 മുതൽ 2015 വരെയുള്ള കാലയളവിൽ ഹിന്ദു ജനസംഖ്യ 7.82 ശതമാനം കുറഞ്ഞെന്നാണ് കൗൺസിൽ അംഗം ഷമിക രവിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ വർക്കിങ് പേപ്പറിൽ പറയുന്നത്. മുസ്‌ലിം ജനസംഖ്യ 1950-നെ അപേക്ഷിച്ച് 43.15 ശതമാനവും ക്രൈസ്തവർ 5.38 ശതമാനവും സിഖുകാർ 6.58 ശതമാനവും വർധിച്ചെന്നും പറയുന്നു. ജൈന, പാഴ്സി ജനസംഖ്യ കുറഞ്ഞു.

എന്നാൽ, 2011-നുശേഷം ഇന്ത്യയിൽ സെൻസസ് നടന്നിട്ടില്ലാത്തതിനാൽ 2015-ലെ കണക്കുകൾ ചേർത്തിരിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ബിജെപി വിദ്വേഷപ്രചാരണം നടത്തുകയാണെന്ന് ആർജെഡി നേതാവ് തേജസ്വി യാദവ് വിമർശിച്ചു. 2021-ൽ നടക്കേണ്ട സെൻസസ് ഇതുവരെയായിട്ടും നടത്താത്ത കേന്ദ്രം തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ ശ്രദ്ധ തിരിക്കാൻ വർഗീയ വിഷയങ്ങളുയർത്തുകയാണ്.

പൊതു തെരഞ്ഞെടുപ്പിന്റെ മധ്യത്തിൽ റിപ്പോർട്ട് പുറത്തുവന്നതിന്റെ ഉദ്ദേശ്യശുദ്ധി ചോദ്യംചെയ്ത സിപിഐ ജനറൽ സെക്രട്ടറി ഡി. രാജ, ഹിന്ദു-മുസ്‌ലിം പ്രചാരണം നടത്തി ഭിന്നിപ്പുണ്ടാക്കാനാണ് പ്രധാനമന്ത്രി ശ്രമിക്കുന്നതെന്നും ആരോപിച്ചു.

# എയർ ഇന്ത്യ എക്സ്പ്രസ് സമരം തീർന്നിട്ടും സർവീസ് മുടക്കം

കൊച്ചി: തൊഴിൽ അവകാശങ്ങൾ നിഷേധിക്കുന്നതിനെതിരെ എയർ ഇന്ത്യ എക്സ്പ്രസിന്റെ കാബിൻക്രൂ നടത്തിവന്ന സമരം പിൻവലിച്ചെങ്കിലും എയർ ഇന്ത്യ എക്സ്പ്രസിന്റെ 75 സർവീസുകൾ മുടങ്ങി. ജീവനക്കാരുടെ മിന്നൽ സമരം മൂലം 30 കോടി രൂപ കമ്പനിക്ക് നഷ്ടമുണ്ടായതായാണു വിവരം. ഇതേക്കുറിച്ച് സ്ഥാപനം ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല.

ചീഫ് ലേബർ കമ്മീഷണറുടെ മധ്യസ്ഥതയിൽ നടന്ന ചർച്ചയിലാണു സമരം ഒത്തുതീർപ്പായത്. മിന്നൽ പണിമുടക്കിന്റെ പേരിൽ പിരിച്ചുവിട്ട 25 പേരെ തിരിച്ചെടുത്തു.

മൂന്ന് ദിവസത്തിനിടെ 245 സർവീസുകളാണ് മുടങ്ങിയത്. സാധാരണ ദിവസം ശരാശരി 120 രാജ്യാന്തര സർവീസുകളും 260 ആഭ്യന്തര സർവീസുമാണ് നടത്താറുള്ളത്. രോഗാവധിയെടുത്ത ജീവനക്കാർ തിരികെ പ്രവേശിക്കുന്നതിനു മുൻപുള്ള ഫിറ്റ്നെസ് പരിശോധന അടക്കമുള്ള കാരണങ്ങളാലാണ് സർവീസുകൾ മുടങ്ങിയതെന്നാണ് സൂചന. യുഎയിൽനിന്ന് ഇന്ത്യയിലേക്കുള്ള വിമാനങ്ങൾ റദ്ദാക്കിയത് യാത്രക്കാർക്ക് ബുദ്ധിമുട്ടായി. വിസാ കാലാവധി കഴിഞ്ഞവരും അടിയന്തരമായി നാട്ടിൽ എത്തേണ്ടവരും ഉണ്ടായിരുന്നു. സ്കൂൾ അവധിക്കാലത്ത് യുഎഇയിൽ എത്തിയ കുടുംബങ്ങൾ നാട്ടിലേക്കു തിരിച്ചുപോകുന്ന സമയം കൂടിയാണിത്.

റദ്ദാക്കിയ വിമാനങ്ങളിലെ യാത്രക്കാർക്ക് ടിക്കറ്റ് തുക തിരിച്ചു വാങ്ങുകയോ ലഭ്യമായ മറ്റൊരു ദിവസത്തേക്കു ബുക്കിങ് മാറ്റുകയോ ചെയ്യാമെന്ന് എയർലൈൻ അധികൃതർ അറിയിച്ചു.

തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിൽ അഞ്ച് സർവീസുകൾ മുടങ്ങി. ഇതിൽ മൂന്നെണ്ണം രാജ്യാന്തര സർവീസുകളാണ്.

കൊച്ചി വിമാനത്താവളത്തിൽനിന്നുള്ള എയർ ഇന്ത്യ എക്സ്പ്രസിന്റെ സർവീസുകളിൽ 20 ശതമാനത്തിന്റെ കുറവുണ്ടായി. കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ 12 സർവീസുകളും കോഴിക്കോട് വിമാനത്താവളത്തിൽ ഏഴ് സർവീസുകളും മുടങ്ങി.

# ഹയർ സെക്കൻഡറി: 78.69 ശതമാനം വിജയം

തിരുവനന്തപുരം: കേരളത്തിൽ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷാ ഫലം പ്രഖ്യാപിച്ചു. രണ്ടാം വർഷ ഹയർ സെക്കൻഡറി പരീക്ഷയിൽ 78.69 ശതമാനം വിജയം. 3,73,755 പേർ പരീക്ഷ എഴുതിയപ്പോൾ 2,94,888 പേർ ഉപരിപഠനത്തിന് യോഗ്യത നേടി. വിജയശതമാനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 4.26 ശതമാനത്തിന്റെ കുറവ്. കഴിഞ്ഞ വർഷം 82.95 ശതമാനമായിരുന്നു വിജയ ശതമാനം. ഏറ്റവും അധികം പേർ എ പ്ലസ് നേടിയത് മലപ്പുറത്താണ്- 5,659 പേർ. ഏറ്റവും കൂടുതൽ വിജയശതമാനം എറണാകുളം ജില്ലയിൽ- 84.12 ശതമാനം. കുറവ് വയനാട്ടിൽ- 72.13 ശതമാനം. 63 സ്കൂളുകൾ 100 ശതമാനം വിജയം കരസ്ഥമാക്കി. ഇതിൽ ഏഴ് എണ്ണം സർക്കാർ സ്കൂളുകളും 17 എണ്ണം എയ്ഡഡ് സ്കൂളുകളും 27 എണ്ണം അൺ എയ്ഡഡ് സ്കൂളുകളും 12 എണ്ണം സ്പെഷൽ സ്കൂളുകളുമാണ്. ടെക്നിക്കൽ സ്കൂൾ വിജയശതമാനം 70.01. കേരള കലാമണ്ഡലം ആർട് ഹയർ സെക്കൻഡറി സ്കൂൾ 100 ശതമാനം വിജയം നേടി. പരീക്ഷയെഴുതിയ 60 കുട്ടികളും വിജയിച്ചു. സ്കൂൾ കേരള വിജയ ശതമാനം 40.61. പ്രൈവറ്റ് വിഭാഗം 17.77. 105 കുട്ടികൾ മുഴുവൻ മാർക്കും നേടി. സേ പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട അവസാന തീയതി ഈ മാസം 13. പുനർമൂല്യനിർണയത്തിനും ഉത്തരക്കടലാസിന്റെ പകർപ്പിനും 14 വരെ അപേക്ഷിക്കാം. വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷയിൽ 71.42 ശതമാനം വിജയം. 29,300 പേരാണ് വിഎച്ച്എസ്ഇ പരീക്ഷ എഴുതിയത്. 19,702 കുട്ടികൾ ഉപരിപഠനത്തിന് യോഗ്യതനേടി. വയനാട്ടിലാണു വിജയശതമാനം കൂടുതൽ- 85.21 ശതമാനം. കുറവ് കാസർഗോഡ്- 61.31 ശതമാനം. 12 സ്കൂളുകൾ 100 ശതമാനം വിജയം നേടി. 251 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി.



# സീറോമലബാർ സഭയുടെ വളർച്ചയ്ക്കു പിന്നിൽ സിഎംഐ സഭ: കർദ്ദിനാൾ മാർ ആലഞ്ചേരി

മാന്നാനം: സീറോമലബാർ സഭയുടെ വളർച്ചയ്ക്കു പിന്നിൽ വിശുദ്ധ ചാവറയച്ചനും സിഎംഐ സഭയുമാണെന്ന് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി. സിഎംഐ സഭയുടെ 193-ാം സ്ഥാപക ദിനത്തോടനുബന്ധിച്ച് മാന്നാനം ആശ്രമദേവാലയത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കുകയായിരുന്നു അദ്ദേഹം. സീറോമലബാർ സഭയോടൊപ്പം വളർന്ന സന്യാസസഭയാണ് സിഎംഐ സഭ. ഇപ്പോൾ സീറോമലബാർസഭ ആഗോളസഭയായിരിക്കുന്നു. സിഎംഐ സഭയും ലോകമെങ്ങും വ്യാപിച്ച സന്യാസ സഭയായി. സിഎംഐ സഭയെ സീറോമലബാർ സഭയോടു ചേർന്നേ കാണാൻ കഴിയൂ. സഭാസ്ഥാപനത്തിന്റെ 200-ാം വർഷത്തിലേക്ക് പ്രയാണം ചെയ്യുന്ന സിഎംഐ സഭയുടെ വിദ്യാഭ്യാസ പ്രവർത്തനം, ആതുരസേവനം അധഃകൃതോദ്ധാരണം, അജപാലനപ്രവർത്തനം, സ്വയം വിശുദ്ധീകരണം എന്നീ സ്ഥാപിത ലക്ഷ്യങ്ങൾക്കായി വർദ്ധിത ഊർജ്ജത്തോടെ പ്രവർത്തിക്കാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് മാർ ജോർജ് ആലഞ്ചേരി ആശംസിച്ചു. വി. കുർബാനയിൽ സിഎംഐ സഭയുടെ പ്രയോർ ജനറാൾ റവ.ഡോ. തോമസ് ചാത്തംപറമ്പിൽ, വികാർ ജനറാൾ ഫാ. ജോസ് താമരശേരി, തിരുവനന്തപുരം പ്രൊവിൻഷ്യൽ ഫാ. ആന്റണി ഇളംതോട്ടം, കോട്ടയം പ്രൊവിൻഷ്യൽ ഫാ. ഏബ്രഹാം വെട്ടിയാങ്കൽ എന്നിവരും നൂറ്റിയമ്പതോളം വൈദികരും സഹകാർമ്മികരായി. കുടുംബത്തിന്റെയും യുവാക്കളുടെയും കുട്ടികളുടെയും വർഷപ്രഖ്യാപനവും ലോഗോ പ്രകാശനവും പ്രിയോർ ജനറാൾ റവ.ഡോ. തോമസ് ചാത്തംപറമ്പിൽ നിർവഹിച്ചു.


സിഎംഐ സഭയുടെ 193-ാം സ്ഥാപകദിനത്തോടനുബന്ധിച്ച് മാന്നാനത്ത് സംഘടിപ്പിച്ച സിഎംഐ വൈദികരുടെ കുടുംബസംഗമം കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു.

## മോദിയുടെ വിദ്വേഷപ്രസംഗം: ഇന്ത്യാസഖ്യം തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകി

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വിദ്വേഷപ്രസംഗത്തിൽ നടപടി സ്വീകരിക്കുക, അന്തിമവോട്ടിങ് ശതമാനം പുറത്തുവിടാൻ വൈകിയതിൽ വിശദീകരണം നൽകുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് ഇന്ത്യാസഖ്യം തെരഞ്ഞെടുപ്പു കമ്മീഷന് പരാതിനൽകി. പെരുമാറ്റച്ചട്ടം ലംഘിച്ച് പ്രധാനമന്ത്രി തുടർച്ചയായി വിദ്വേഷപ്രസംഗവും മതത്തിന്റെ പേരിൽ വോട്ടഭ്യർത്ഥനയും നടത്തിയിട്ടും നടപടി സ്വീകരിക്കാത്തതിൽ നേതാക്കൾ പ്രതിഷേധമറിയിച്ചു. മൂന്നു വർഷംവരെ ശിക്ഷിക്കാവുന്ന ജനപ്രാതിനിധ്യനിയമം ഉണ്ടായിട്ടും ഒന്നിലധികം തവണ പരാതിനൽകിയിട്ടും കമ്മീഷൻ നടപടി സ്വീകരിക്കാത്തതിലുള്ള കാരണവും നേതാക്കൾ ആരാഞ്ഞു. ഒന്നാംഘട്ട വോട്ടെടുപ്പിന്റെ അന്തിമ പോളിങ് ശതമാനം 11 ദിവസം കഴിഞ്ഞാണ് പുറത്തിറക്കിയത്. വോട്ടെടുപ്പ് ദിവസത്തെ കണക്കുമായി ഇതിന് 6.14 ശതമാനത്തിന്റെ വ്യത്യാസമുണ്ട്. നാലുദിവസം കഴിഞ്ഞ് പുറത്തിറക്കിയ രണ്ടാംഘട്ട പോളിങ് ശതമാനത്തിൽ 6.71 ശതമാനത്തിന്റെയും വ്യത്യാസമുണ്ടായിരുന്നതായി കോൺഗ്രസ് നേതാവ് അഭിഷേക് മനു സിംഘ്‌വി പറഞ്ഞു. ഇതേക്കുറിച്ച് വ്യക്തമായ മറുപടി നൽകാൻ കമ്മീഷന് ആയില്ലെന്നും അദ്ദേഹം വിശദീകരിച്ചു.

## സെക്രട്ടേറിയറ്റിൽ സ്ഥാനക്കയറ്റം കാര്യക്ഷമത നോക്കി

തിരുവനന്തപുരം: സെക്രട്ടേറിയറ്റിൽ ജീവനക്കാരുടെ കാര്യക്ഷമത നോക്കി സ്ഥാനക്കയറ്റം നൽകിയാൽ മതിയെന്നും ഇതിനായി സർവീസ് കാലയളവിനിടെ രണ്ട് യോഗ്യതാപരീക്ഷയെങ്കിലും പാസാകണമെന്നും ഉദ്യോഗസ്ഥ ഭരണപരിഷ്കാര കമ്മീഷന്റെ പഠനറിപ്പോർട്ട് ശിപാർശ ചെയ്തു. പിഎസ്‌സി പരീക്ഷ വിജയിച്ച് നിയമനം നേടുന്നവരുടെ കാര്യക്ഷമത പിന്നീട് ഒരിക്കലും പരിശോധിക്കുന്നില്ല. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അംഗീകരിച്ച റിപ്പോർട്ടിലെ മറ്റു ശിപാർശകൾ: മേൽജീവനക്കാരുടെ കഴിവ് വിലയിരുത്താൻ കീഴ്ജീവനക്കാർക്ക് അവസരം ഒരുക്കണം. ജോലിഭാരം പഠിച്ച് ജീവനക്കാരെ ശാസ്ത്രീയമായി പുനർവിന്യസിക്കണം. ടൈപ്പിങ് വേഗം വർധിപ്പിക്കാൻ പരിശീലനം നൽകണം. സ്ഥാനക്കയറ്റത്തിനു മുൻപ് ആ തസ്തികയിലെ ജോലിപരിശീലനം നൽകണം. എൻട്രി കേഡറിൽ ഇൻഡക്ഷൻ ട്രെയിനിങ് നൽകണം. നിയമവകുപ്പിൽ ഓഫീസ് അറ്റൻഡന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ് തസ്തികകൾ ആവശ്യത്തിലേറെയാണ്. ഇതു മൂന്നിലൊന്നായി കുറയ്ക്കണം. തസ്തികകൾ കുറയ്ക്കുന്നതിനുപകരം ജീവനക്കാർ കുറവുള്ള വകുപ്പുകളിലേക്ക് ഇവ പുനഃക്രമീകരിക്കാം. ഭക്ഷ്യസുരക്ഷ, മോട്ടോർ വാഹനം, തദ്ദേശഭരണം എന്നീ വകുപ്പുകളിൽ ആവശ്യത്തിനു ജീവനക്കാരില്ല. അപ്പോഴും ഇ-ഓഫീസ് നടപ്പാക്കിയ നിയമവകുപ്പിൽ അനാവശ്യമായി ജീവനക്കാർ തുടരുന്നു. പുറത്തുനിന്നുള്ള ഉദ്യോഗസ്ഥരെ നിയമവകുപ്പിൽ ഉയർന്ന ഗ്രേഡിൽ നിയമിക്കുന്നത് ഒഴിവാക്കണം.

## അമ്മയുടെ ഓർമയ്ക്ക് ക്ഷേത്രം നിർമിച്ച് മകൻ



കമ്പം: കാൻസർ ബാധിച്ചു മരിച്ച അമ്മയ്ക്ക് 85 അടി ഉയരത്തിൽ ക്ഷേത്രം നിർമിച്ചു മകൻ. മൂവാറ്റുപുഴ സബീൻ ഹോസ്പിറ്റൽ ആൻഡ് റിസർച് സെന്ററിലെ ഡോക്ടർമാരായ ജഗന്തും ഭാര്യ മഹാലക്ഷ്മിയും തമിഴ്നാട്ടിലെ തേനി ജില്ലയിൽ ചുരുളിപ്പെട്ടിയിലാണ് ഒരേക്കർ സ്ഥലത്തു ക്ഷേത്രം നിർമിച്ചത്. മാതൃദിനത്തിൽ ക്ഷേത്രം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. ചുരുളിപ്പെട്ടി സ്വദേശിയാണ് ഡോ. ജഗന്ത് ജയരാജ്.

2013-ലാണ് ഡോ. ജഗന്തിന്റെ അമ്മ ജയമീനാ മരിച്ചത്. എന്താവശ്യമുണ്ടെങ്കിലും തന്നെ വിളിച്ചാൽ മതിയെന്നു മരണസമയത്ത് അമ്മ നൽകിയ ഉറപ്പാണ് ക്ഷേത്രം എന്ന ആശയത്തിലേക്ക് എത്തിച്ചതെന്നു ഡോ. ജഗന്ത് പറയുന്നു.

ശക്തിമിക അണ്ണെ ശ്രീ ജയമീനാ തിരുക്കോവിൽ എന്നാണു ക്ഷേത്രത്തിനു പേരിട്ടിരിക്കുന്നത്. ജയമീനയുടെ രൂപമാണ് പ്രതിഷ്ഠ.

രക്താർബുദത്തിന്റെ പിടിയിലാകുന്ന കുഞ്ഞുങ്ങൾക്കു ചികിത്സാസഹായം നൽകാനും ഡോക്ടർക്കു പദ്ധതിയുണ്ട്. കഴിഞ്ഞ വനിതാദിനത്തിൽ ക്ഷേത്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ചിരുന്നു.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445

GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS
- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE

Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!
www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056

FULL TIME REALTOR

# ചിക്കാഗോ സോഷ്യൽ ക്ലബ് പത്താമത് ഇന്റർനാഷണൽ വടംവലി മത്സരം സെപ്റ്റംബർ രണ്ടിന്

ചിക്കാഗോ: നോർത്ത് അമേരിക്കയിലെ മലയാളി സുഹൃത്തുക്കളുടെ ക്ലബുകളിൽവെച്ച് ഏറ്റവും മുൻനിരയിൽ നിൽക്കുന്ന ചിക്കാഗോ സോഷ്യൽ ക്ലബ് ഈ വർഷം സെപ്റ്റംബർ രണ്ടാം തീയതി പത്താമത് ഇന്റർനാഷണൽ വടംവലി മത്സരം ചിക്കാഗോയിൽവെച്ച് നടത്താൻ തീരുമാനമെടുത്തു.


സിറിയക്ക് കൂവക്കാട്ടിൽ


സ്റ്റീഫൻ കിഴക്കേക്കുറ്റ്


മാണി കരികുളം


മാത്യു തട്ടാമറ്റം


ജോസ് മണക്കാട്ട്

ആയിരക്കണക്കിന് കാണികൾ എത്തിച്ചേരുന്ന ടൂർണമെന്റിന് നേതൃത്വം നൽകാൻ ചിക്കാഗോയിലെ മുതിർന്ന സംഘാടകനും മുൻ ഐഎംഎ പ്രസിഡണ്ടും മുൻ കെസിസിഎൻഎ പ്രസിഡണ്ടും ആയ സിറിയക് കൂവക്കാട്ടിൽ ഈ ടൂർണമെന്റിന്റെ ചെയർമാനാണ്. അതോടൊപ്പം ടൂർണമെന്റിന്റെ ജനറൽ കൺവീനർ ആയി ചിക്കാഗോയിലെ കലാമേഖലയിലെ നിറസാന്നിധ്യം മുൻ മിഡ്വെസ്റ്റ് പ്രസിഡണ്ട് ഇപ്പോഴത്തെ കെസിസിഎൻഎ ചിക്കാഗോ റീജിയണൽ വൈസ് പ്രസിഡണ്ട് സ്റ്റീഫൻ കിഴക്കേകുറ്റിനെയും ഫൈനാൻസ് കമ്മിറ്റി ചെയർമാൻ ആയി സോഷ്യൽ ക്ലബ് മുൻ ട്രഷറർ ബിജു കരികുളത്തെയും തെരഞ്ഞെടുത്തു. ചിക്കാഗോ കമ്യൂണിറ്റിയിലെ അറിയപ്പെടുന്ന സോഷ്യൽ മീഡിയ വക്താവും കഴിഞ്ഞ പത്ത് വർഷക്കാലമായി സോഷ്യൽ ക്ലബിന്റെ പിആർഒ ആയി പ്രവർത്തിക്കുന്ന മാത്യു തട്ടാമറ്റത്തിലിനെ പബ്ലിസിറ്റി ചെയർമാനായി സോഷ്യൽ ക്ലബ് ജനറൽ ബോഡി നിയമിച്ചു.

ചിക്കാഗോയിലെ പൊതുരംഗത്ത് നിറസാന്നിധ്യമായ ജോസ് മണക്കാട്ട് ആണ് ഫുഡ് ഫെസ്റ്റിവൽ ചെയർമാൻ.




# കൈരളി ടിവി ഷോർട് ഫിലിം ഫെസ്റ്റിവലിന്റെ ഗ്രാന്റ് ഫിനാലെ ആരംഭിക്കുന്നു




ന്യൂയോർക്ക്: വടക്കേ അമേരിക്കയിലെ ചലച്ചിത്ര പ്രതിഭകളെ കണ്ടെത്താനുള്ള കൈരളി ടിവി യുഎസ്എ ആരംഭിച്ച ഷോർട് ഫിലിം മത്സരത്തിൽ വിവിധ സ്റ്റേറ്റുകളിൽനിന്ന് 40 ചിത്രങ്ങൾ പങ്കെടുത്തു. അമേരിക്കൻ മലയാളിയുടെ ജീവിത പരിസരങ്ങളെ അധികരിച്ച ലഘു ചിത്രങ്ങളാണ് മത്സരത്തിൽ ഉണ്ടായിരുന്നത്. അമേരിക്കൻ പ്രവാസികൾക്കിടയിൽ വളർന്നു വരുന്ന ചലച്ചിത്ര പ്രതിഭകളെ കണ്ടെത്തുന്നതിനും പിന്തുണക്കുന്നതിനും വേണ്ടിയാണു കൈരളി ടിവി ടീം ഈ ഷോർട് ഫിലിം മത്സരം സംഘടിപ്പിച്ചത്. ചലച്ചിത്ര സംവിധായകൻ രഞ്ജിത്ത് ബാലകൃഷ്ണൻ, അധ്യാപികയും എഴുത്തുകാരിയും ആയ ദീപ നിഷാന്ത്, കവിയും ന്യൂസ് ഡയറക്ടറുമായ ഡോക്ടർ എൻപി ചന്ദ്രശേഖരൻ എന്നിവർ ജൂറിമാരായ കമ്മിറ്റി ഫൈനൽ റൗണ്ടിലേക്ക് 11 ചലച്ചിത്രങ്ങൾ തെരഞ്ഞെടുത്തു. പ്രേക്ഷകർക്ക് വേണ്ടി കൈരളി ടിവിയിൽ ഈ ചിത്രങ്ങൾ വീണ്ടും പ്രക്ഷേപണം ചെയ്യും. അതിൽനിന്നും പ്രേക്ഷകരുടെ അഭിപ്രായംകൂടി തേടി മികച്ച ഹ്രസ്വ ചലച്ചിത്രം തെരഞ്ഞെടുക്കും. രമേശ് കുമാറിന്റെ (വിസ്കോൺസിൽ) 'മഴ വരുംനേരത്തു, ഡോളർ രാജുവിന്റെ (ന്യൂയോർക്ക്) 'ഇൻ ദി നെയിം ഓഫ് ദി ഫാദർ', ദേവസ്യ പാലാട്ടി (ന്യൂജേഴ്സി) യുടെ 'അമേരിക്കൻ സ്വീറ്റ് ഡ്രീംസ്', വിനോദ് മേനോൻ (കാലിഫോർണിയ) സംവിധാനം നിർവഹിച്ച 'ചങ്ങമ്പുഴ പാർക്', ജയൻ മുളങ്ങാട് (ചിക്കാഗോ) സംവിധാനം നിർവഹിച്ച 'മിക്സഡ് ജ്യൂസ്', ശ്രീലേഖ ഹരിദാസ് (സാന്റിയാഗോ) സംവിധാനം നിർവഹിച്ച ഒയാസിസ്, ജൂബിൻ തോമസ് മുണ്ടക്കൽ (ന്യൂജേഴ്സി) സംവിധാനം നിർവഹിച്ച 'പോസിറ്റീവ്', അജോ സാമുവലിന്റെ (ഡാളസ് ടെക്സാസ്) ബെറ്റർ ഹാഫ്, ബിജു ഉമ്മൻ (അറ്റ്ലാന്റ) സംവിധാനം നിർവഹിച്ച Wake up Call, ജെയ്സൺ ജോസ്, ദീപ ജേക്കബ് (ബോസ്റ്റൺ) സംയുക്തമായി സംവിധാനം നിർവഹിച്ച ബോസ്റ്റൺ എൻജൽസ്, എൽവിസ്ജോർജ് ആൻഡ് നീമ നായർ (സാന്റിയാഗോ) സംവിധാനം നിർവഹിച്ച 'ടച്ച്' എന്നീ 11 ഷോർട്ഫിലിമുകളാണ് അവസാന റൗണ്ടിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. മത്സരത്തിൽ പങ്കെടുത്ത എല്ലാ ചിത്രങ്ങളും ഒന്നിന് ഒന്ന് മെച്ചമായിരുന്നു. പങ്കെടുത്തവരോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. അവസാന റൗണ്ടിൽ എത്തിയവരിൽനിന്ന് മികച്ച ഷോ




ർട്ഫിലിം, മികച്ച അഭിനേതാക്കൾ, മികച്ച ക്യാമറ എന്നിവക്കു സമ്മാനങ്ങൾ നൽകും. ഡോ. ജോൺ ബ്രിട്ടാസിന്റെ നേതൃത്വത്തിൽ വടക്കേ അമേരിക്കയിലെ കൈരളി ടിവിയുടെ പ്രതിനിധികളായ ജോസ് കാടാപുറം, ജോസഫ് പ്ലാക്കാട്ട് പുറമെ ഷോർട് ഫിലിം കോ-ഓർഡിനേറ്റർ തോമസ് രാജൻ അമേരിക്കയിലെ മികച്ച അവതാരകരായ സുബി തോമസ്, തുഷാര ഉറുമ്പിൽ, പ്രവിധ എന്നിവരാണ് ഈ മത്സരങ്ങളുടെ ചുക്കാൻ പിടിച്ചത്. കൂടുതൽ വിവരങ്ങൾക്ക്: ജോസ് കാടാപുറം 9149549586



# അമേരിക്കൻ കാമ്പസുകളിൽ ആളിപടരുന്ന വിദ്യാർത്ഥി പ്രക്ഷോഭം

ജോസ് കല്ലിടിക്കിൽ

ചിക്കാഗോ: 2023 ഒക്ടോബർ ഏഴിന് ഒരപ്രതീക്ഷിത ആക്രമണത്തിലൂടെ 1200 ഇസ്രയേലി പൗരരെ വധിക്കുകയും അമേരിക്കൻ പൗരർ ഉൾപ്പെടെ 250-ൽപരം വ്യക്തികളെ ബന്ദികളാക്കുകയും ചെയ്ത ഹമാസിന്റെയും ഇതര ഇസ്ലാമിക ഭീകരസംഘടനകളുടെയും ക്രൂരത ആഗോളതലത്തിൽ അപലപിക്കപ്പെടുകയുണ്ടായി. അമേരിക്കൻ ഭരണകൂടവും ജനതയും ഏതാണ്ട് ഒറ്റക്കെട്ടായി ഈ ദുരന്തം നേരിടുന്നതിൽ ഇസ്രയേലി ഭരണാധികാരികൾക്കും ജനതയ്ക്കും ഐക്യദാർഢ്യവും പിന്തുണയുമായി നിലപാട് സ്വീകരിക്കുകയും ചെയ്തു. അത്യാധുനിക യുദ്ധോപകരണങ്ങളും സാമ്പത്തിക സഹായങ്ങളും നിർലോഭമായി അമേരിക്കയിൽ നിന്ന് ഇസ്രയേലിന് നൽകുന്നുമുണ്ട്. ആറ് മാസത്തിലധികമായി തുടരുന്ന യുദ്ധത്തിൽ 34000-ത്തിലധികം പലസ്തീനികളെ വധിക്കുകയും പലസ്തീൻ ജനതയെ സ്വന്തം ദേശത്ത് അഭയാർത്ഥികളായി കഴിയേണ്ട സാഹചര്യം സൃഷ്ടിക്കുകയും ചെയ്തിട്ടും ഹമാസിനെ പൂർണമായും കീഴടക്കുന്നതിൽ ഇസ്രയേലി സേന വിജയിച്ചില്ല. ഹമാസ് പൂർണമായും കീഴടങ്ങുംവരെ യുദ്ധം തുടരുമെന്ന കടുത്ത നിലപാടാണ് ഇസ്രയേലി പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹു സ്വീകരിച്ചിട്ടുള്ളത്.

ഇസ്രയേൽ-പലസ്തീൻ യുദ്ധം അവസാനിപ്പിക്കുവാനുള്ള ഐക്യരാഷ്ട്ര സഭയുടെ ശ്രമങ്ങൾ എല്ലാം വിഫലമായിരിക്കുകയാണ്. അമേരിക്കയുടെ സെക്രട്ടറി ഓഫ് സ്റ്റേറ്റ് ആന്റണി ബ്ലിങ്കൻ തുടർച്ചയായി ഇസ്രയേലി നേതൃത്വവും വിവിധ ഇസ്ലാമിക ഭരണകൂടങ്ങളുമായി ചർച്ചയിൽ ഏർപ്പെട്ടിട്ടും വെടിനിർത്തൽ ലക്ഷ്യം കാണാതെ നീളുന്നു. മരണനിരക്ക് ഓരോ ദിനവും ഉയരുന്നു. ഗാസയിലെ ജനതയുടെ ദുരിതം നമുക്ക് അനുമാനിക്കാവുന്നതിലധികമായി തുടരുകയും ചെയ്യുന്നു.

വാരാന്ത്യങ്ങളിൽ മാത്രമായി പ്രധാന നഗരങ്ങളിൽ നടന്നിരുന്ന യുദ്ധവിരുദ്ധ പ്രകടനങ്ങൾ ഇപ്പോൾ അമേരിക്കയുടെ ഒട്ടുമിക്ക യൂണിവേഴ്സിറ്റികളിലേയ്ക്കും ആളിപടർന്നിരിക്കുകയാണ്. യൂണിവേഴ്സിറ്റി കാമ്പസുകളിൽ ടെന്റ് സ്ഥാപിച്ച് കിടന്നുറങ്ങിയും ക്ലാസ് മുറികൾ കയ്യേറിയും പ്രതിഷേധം വ്യാപിക്കുന്നു. കമ്യൂണിറ്റി കോളജുകളിലേക്കും ഏതാനും ഹൈസ്കൂളുകളിലേയ്ക്കു കൂടിയും യുദ്ധവിരുദ്ധ പ്രക്ഷോഭം പടർന്നിട്ടുണ്ട്. പലയിടങ്ങളിലും പ്രക്ഷോപകാരികളെ കാമ്പസുകളിൽനിന്ന് നീക്കംചെയ്യുവാൻ പോലീസിന് ഇടപെടേണ്ടിവന്നിട്ടുമുണ്ട്.

കാമ്പസ് പ്രക്ഷോഭത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഒപ്പം സാമൂഹ്യവിരുദ്ധരും കടന്നുകൂടിയിട്ടുണ്ടെന്നത് ആശങ്കാജനകമാണ്. ഇസ്രയേലി ഭരണകൂടത്തിന് എതിരെ മാത്രമല്ല ഇവരുടെ പ്രതിഷേധം, യഹൂദ ജനതയ്ക്കെതിരെ കൂടിയാണ്. ഇസ്രയേലിനും യഹൂദജനതയ്ക്കും ഐക്യദാർഢ്യം പ്രകടിപ്പിച്ചിട്ടുള്ള കൗണ്ടർ പ്രകടനങ്ങൾ കാമ്പസുകളിൽ ചിലയിടങ്ങളിലെങ്കിലും സ്ഫോടനാത്മകമായൊരു സ്ഥിതിവിശേഷമാണ് സൃഷ്ടിച്ചിരിക്കുന്നത്. കൊളംബിയ യൂണിവേഴ്സിറ്റി ഈ വർഷത്തെ ഗ്രാജ്വേഷൻ ചടങ്ങുകൾ ഉപേക്ഷിക്കുവാൻ നിർബന്ധിതരായി. മറ്റ് പല യൂണിവേഴ്സിറ്റികളും അതേ പാത സ്വീകരിക്കുവാനും നിർബന്ധിതരാകും. ഗ്രാജ്വേഷൻ ചടങ്ങുകൾ നടക്കുന്ന യൂണിവേഴ്സിറ്റികളിൽ സംഘർഷാവസ്ഥ സൃഷ്ടിക്കുവാനോ ചടങ്ങുകൾ അലങ്കോലപ്പെടുത്തുവാനോ ഉള്ള സാധ്യത തള്ളിക്കളയുവാനോ കഴിയില്ല ഇപ്പോഴത്തെ സാഹചര്യത്തിൽ. അത്തരം നടപടികൾ തികച്ചും അപലപനീയവും വിദ്യാർത്ഥിസമൂഹത്തോടുള്ള ക്രൂരതയുമാകും.



ലേഖകൻ

അക്രമാസക്തമായി കാമ്പസുകളിൽ പടരുന്ന പ്രക്ഷോഭങ്ങളോട് ഒരു വിഭാഗം വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കും പൂർണമായ വിയോജിപ്പാണുള്ളത്. പൊതുസമൂഹത്തിൽ പരക്കെ ആശങ്കയും പരന്നിട്ടുണ്ട്. പ്രക്ഷോപക്കാരെ ശക്തമായി നേരിടണമെന്ന അഭിപ്രായമാണ് റിപ്പബ്ലിക്കൻ പാർട്ടി നേതൃത്വത്തിന്. പ്രക്ഷോഭത്തെ നേരിടുവാൻ യൂണിവേഴ്സിറ്റി കാമ്പസുകളിൽ നാഷണൽ ഗാർഡിനെ വിന്യസിക്കണമെന്ന് സ്പീക്കർ മൈക്ക് ജോൺസൺ പ്രസിഡണ്ട് ജോ ബൈഡനോട് പരസ്യമായി ആവശ്യപ്പെട്ടിട്ടുമുണ്ട്. സർവ്വകലാശാലകളിലെ സംഘർഷത്തോട് പ്രസിഡണ്ട് ജോ ബൈഡൻ, വൈസ് പ്രസിഡണ്ട് കമലാ ഹാരിസ്സ്, യഹൂദവംശജൻ കൂടിയായ സെനറ്റ് മജോറിട്ടി ലീഡർ ചക്ക് ഷൂമർ എന്നിവർ പുലർത്തുന്ന മൃദു സമീപനം നിരുത്തരവാദപരമാണെന്ന് അദ്ദേഹം ആരോപിക്കുകയുമുണ്ടായി.

ഭരണഘടന പൗരർക്ക് നല്കിയിട്ടുള്ള അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ ഭാഗമാണ് പ്രതിഷേധിക്കുവാനുള്ള അവകാശം എന്ന നിലപാടാണ് കാമ്പസ് പ്രതിഷേധ വിഷയത്തിൽ പ്രസിഡണ്ട് ജോ ബൈഡനുള്ളത്. എന്നാൽ പ്രതിഷേധങ്ങൾ പൂർണമായും നിയമപരവും സമാധാനപരവുമായിരിക്കണമെന്ന് അദ്ദേഹം താക്കീത് നല്കുകയുമുണ്ടായി. പ്രക്ഷോപകരെ പ്രതിരോധിക്കുവാൻ കാമ്പസുകളിൽ നാഷണൽ ഗാർഡിനെ വിന്യസിപ്പിക്കണമെന്ന റിപ്പബ്ലിക്കൻ നിർദേശം പ്രസിഡണ്ട് ജോ ബൈഡൻ തള്ളുകയും ചെയ്തു. വിയറ്റ്നാം യുദ്ധകാലത്തെ കാമ്പസ് പ്രക്ഷോഭങ്ങൾ നേരിടുവാൻ നാഷണൽ ഗാർഡിനെ ചുമതലപ്പെടുത്തിയ നടപടി സൃഷ്ടിച്ച ദുരന്തവും അതിനെതിരെ ഉയർന്ന ശക്തമായ പ്രതിഷേധങ്ങളും ജോ ബൈഡന്റെ നിലപാടിനെ സ്വാധീനിച്ചിട്ടുണ്ടാകും. എങ്കിലും പലസ്തീൻ യുദ്ധത്തിൽ ഇസ്രയേലിനോടുള്ള അമേരിക്കയുടെ സമീപനത്തിലും ഇസ്രയേലിനു നൽകുന്ന സാമ്പത്തിക-ആയുധ സഹായങ്ങളിലും യാതൊരു മാറ്റത്തിനും തന്റെ ഭരണകൂടം തയ്യാറാകില്ലെന്ന് അമേരിക്കൻ ജനതയ്ക്ക് അദ്ദേഹം ഉറപ്പും നൽകി.

കാമ്പസ് പ്രക്ഷോപകരുടെ മുഖ്യ ആവശ്യം ഇസ്രയേലിന് ആയുധങ്ങളോ ഇതര സൈനിക സഹായങ്ങളോ നൽകുന്ന ബിസിനസ് സ്ഥാപനങ്ങളിലും കോർപറേഷനുകളിലും തങ്ങളുടെ യൂണിവേഴ്സിറ്റിയ്ക്കുള്ള നിക്ഷേപങ്ങൾ പൂർണമായും പിൻവലിക്കണമെന്നുള്ളതാണ്. ഒട്ടുമിക്ക യൂണിവേഴ്സിറ്റികളും വിദ്യാർത്ഥികളുടെ ഈ ആവശ്യം നിരസിച്ചു. എങ്കിലും ചിക്കാഗോയിലെ നോർത്ത് വെസ്റ്റേൺ യൂണിവേഴ്സിറ്റി വിഷയം പരിശോധിക്കാമെന്നും പ്രക്ഷോപകരെ അനുനയിപ്പിക്കുവാൻ പലസ്തീനിൽനിന്നുള്ള ഏതാനും വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി സ്കോളർഷിപ്പ് ഏർപ്പെടുത്താമെന്ന് വാഗ്ദാനവും നൽകി.

പ്രതിഷേധങ്ങളും വിയോജിക്കുവാനുള്ള അവകാശവും പൗരാവകാശങ്ങളും ജനാധിപത്യ സംസ്കാരത്തിലെ കാതലായ ഘടകങ്ങളാണ്. പൗരാവകാശങ്ങൾക്കായി, വർണവിവേചനം നടപ്പാക്കിയ 'ജിം ക്രോ' നിയമങ്ങൾക്കെതിരെ, 65000-ത്തോളം അമേരിക്കൻ ജീവനുകൾ കുരുതികൊടുത്ത വിയറ്റ്നാം യുദ്ധത്തിനെതിരെ, കറുത്ത വംശജർ അനുഭവിക്കുന്ന നീതിനിഷേധവും അക്രമങ്ങൾക്കുമെതിരെയെല്ലാം അമേരിക്കയിൽ പൊട്ടിപുറപ്പെട്ട ദീർഘമായ പ്രതിഷേധങ്ങളും പോരാട്ടങ്ങളും അമേരിക്കൻ ജനാധിപത്യത്തെ ബലവത്താക്കുവാനും അർത്ഥവത്താക്കുവാനും സഹായിച്ചിട്ടുണ്ടെന്നതിൽ തർക്കം ലേശംപോലുമില്ല. ഏഷ്യൻ വംശജരായ നാമും പ്രസ്തുത സമരങ്ങളുടെ ഗുണഭോക്താക്കളാണ്. പ്രതികരണശേഷിയില്ലാത്തൊരു സമൂഹം നിരന്തരം പീഡനത്തിനും അവഗണനകൾക്കും ഇരയാവുകയും ചെയ്യുമെന്ന് ഓർമിക്കുക.

പലസ്തീൻയുദ്ധം വിട്ടുവീഴ്ചകൂടാതെ തുടരും എന്നുള്ള ഇസ്രയേൽ പ്രധാനമന്ത്രി നെതന്യാഹുവിന്റെ നിലപാട് പ്രസിഡണ്ട് ജോ ബൈഡനും അമേരിക്കയ്ക്കും ഒരു വിഷമസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. പലസ്തീൻ ജനതയുടെ യാതനകളും മുറവിളികളും കണ്ടില്ലെന്ന് നടിക്കുവാൻ നമുക്കിനിയും ആവില്ല. 50 ശതമാനത്തിലധികം അമേരിക്കൻ ജനത യുദ്ധം തുടരുമെന്നുള്ള ഇസ്രയേലിന്റെ ധാർഷ്ട്യത്തെ തള്ളിക്കളഞ്ഞു കഴിഞ്ഞു. അപ്പോഴും ഹമാസിന്റെ ക്രൂരതകൾ അംഗീകരിക്കുവാനോ ന്യായീകരിക്കുവാനോ സമാധാനകാംക്ഷികളായ ലോകജനത തയ്യാറായിട്ടുമില്ല. ഈ യാഥാർത്ഥ്യം മനസ്സിലാക്കി ഹമാസിന്റെ നിയന്ത്രണത്തിൽനിന്ന് പൂർണമായും മോചിതരാകുവാൻ പലസ്തീൻ ജനത തയ്യാറായാൽ മാത്രമെ പലസ്തീൻ ഉൾപ്പെടെയുള്ള മദ്ധ്യപൂർവദേശത്ത് ശാശ്വത സമാധാനം സ്ഥാപിതമാകൂ.

## മാതൃഭൂമി ന്യൂസ് കാമറാമാൻ എ.വി. മുകേഷിന്റെ വിയോഗത്തിൽ ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക അനുശോചിച്ചു

ജോർജ് ജോസഫ്

ചിക്കാഗോ: മാതൃഭൂമി ന്യൂസ് പാലക്കാട് ബ്യൂറോയിലെ കാമറാമാൻ എ.വി. മുകേഷ് (34) ജോലിക്കിടയിൽ കാട്ടാന ആക്രമണത്തിൽ മരിച്ചതിൽ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐപിസിഎൻഎ) അനുശോചിച്ചു.

മലമ്പുഴ കൊട്ടേക്കാട് മെയ് എട്ടിന് പുലർച്ചെയാണ് സംഭവം. കാട്ടാനക്കൂട്ടത്തിന്റെ ദൃശ്യങ്ങൾ കാമറയിൽ പകർത്തുന്നതിനിടെയാണ് സംഭവം നടന്നത്. കാട്ടാനക്കൂട്ടം പുഴ മുറിച്ചുകടക്കുന്നതിന്റെ ദൃശ്യം പകർത്തുന്നതിനിടെ പ്രകോപിതനായ കാട്ടാന മുകേഷിനെ ആക്രമിക്കുകയായിരുന്നു.

ഗുരുതരമായി പരുക്കേറ്റ മുകേഷിനെ ഉടൻതന്നെ ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ സാധിച്ചില്ല. റിപ്പോർട്ട് ചെയ്യാൻ പോയ സംഘത്തിൽ ഉണ്ടായിരുന്ന റിപ്പോർട്ടറും ഡ്രൈവറും ഓടി രക്ഷപ്പെടുകയായിരുന്നു.

പത്രപ്രവർത്തകർക്ക് സുരക്ഷിതത്വം ഉറപ്പാക്കേണ്ട ചുമതല മാധ്യമങ്ങൾക്കും ഗവണ്മെന്റിനുമാണ്. മാധ്യമപ്രവർത്തകർ തങ്ങളുടെ ജീവൻ പണയം വെച്ചും ദൃശ്യങ്ങൾ പകർത്താൻ മുതിരുന്നതിന്റെ പിന്നിൽ ചാനൽ മത്സരങ്ങൾ ഉണ്ടെന്നുള്ളതും ശ്രദ്ധേയമാണ്, ഇത് ഖേദകരമാണ്.



വാർത്താ ശേഖരണത്തിനിടെ അപകടമുണ്ടായാൽ മാധ്യമ പ്രവർത്തകനും അയാളുടെ കുടുംബത്തിനുമാണ് ഏറ്റവും കൂടുതൽ നഷ്ടം വരുന്നത് എന്ന് ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക നാഷണൽ വൈസ് പ്രസിഡണ്ട് അനിൽകുമാർ ആറന്മുള കൂടിയ യോഗത്തിൽ സൂചിപ്പിക്കുകയുണ്ടായി.

മുൻകാലങ്ങളിലെ പോലെ തന്നെ മുകേഷിന്റെ കുടുംബത്തിന് കഴിയുന്നത്ര സാമ്പത്തിക സഹായം ചെയ്യാൻ ഇന്ത്യാ പ്രസ്ക്ലബ് തയ്യാറാകുമെന്ന് നാഷണൽ സെക്രട്ടറി ഷിജോ പൗലോസ് പറഞ്ഞു. ഈ ദാരുണാന്ത്യത്തിൽ ദുഃഖാർത്തരായവരോടുള്ള ദുഃഖം അറിയിക്കുന്നതായി നാഷണൽ ട്രഷറർ വിശാഖ് ചെറിയാൻ, ജോയിന്റ് സെക്രട്ടറി ആശാ മാത്യു, ജോയിന്റ് ട്രഷറർ റോയ് മുളകുന്നം എന്നിവർ അറിയിച്ചു. മുകേഷിന്റെ കുടുംബത്തിന് ഒരിക്കൽ കൂടി അനുശോചനം അറിയിക്കുന്നതായി പ്രസ് ക്ലബ് പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ പറഞ്ഞു.

## എ.വി. മുകേഷിന്റെ നിര്യാണത്തിൽ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് അനുശോചിച്ചു

ലാലി ജോസഫ്

ഡാളസ്: എ.വി. മുകേഷിന്റെ ആകസ്മിക വിയോഗത്തിൽ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് അനുശോചിച്ചു. ഡാളസ് മാതൃഭൂമി ന്യൂസ് ഫോട്ടോഗ്രാഫർ എ.വി. മുകേഷിന്റെ (34) ദാരുണവും ആകസ്മികവുമായ വിയോഗത്തിൽ ഇന്ത്യപ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് അനുശോചനം അറിയിച്ചു.

നമ്മുടെ ചുറ്റുപാടും ജീവിക്കുന്ന മനുഷ്യർ, ഈ ആധുനിക കാലഘട്ടത്തിൽ വന്യമൃഗത്താൽ കൊല്ലപ്പെടുന്നു. ഇതുപോലെയുള്ള എത്ര വാർത്തകൾ ഇനിയും കേൾക്കേണ്ടിവരും ഇതിന് ശാശ്വതമായ ഒരു പ്രതിവിധി ഉണ്ടാക്കുവാൻ?



'അതിജീവനം' എന്ന പേരിൽ ധാരാളം ലേഖനങ്ങൾ എഴുതിയ മാതൃഭൂമിയുടെ റിപ്പോർട്ടർ എ.വി. മുകേഷ്, കുറച്ചു നാൾ മുൻപ് ഭർത്താവിനെ തന്റെ കൺമുമ്പിൽ ഇട്ട് ആന ചവിട്ടി കൊന്നപ്പോൾ ആ സ്ത്രീ നിലവിളിച്ചു. ഇനി ഈ ഗതികേട് ആർക്കും വരരുത്.

നമുക്കൊരു വനംമന്ത്രിയും മൃഗസംരക്ഷണ വകുപ്പും പോലീസും അതിർത്തി കാക്കുന്ന ജവാന്മാർ വരെയുമുണ്ട്. എന്നിട്ടും എന്തേ നാം പ്രതികരിക്കാത്തത്?

വിലയേറിയ മനുഷ്യ ജീവനുകൾ നഷ്ടപ്പെടാതിരിക്കാനും ഇതിനൊരു ശാശ്വത പരിഹാരം കണ്ടെത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് പ്രസിഡണ്ട് സണ്ണി മാളിയേക്കൽ ബന്ധപ്പെട്ടവരോട് ആവശ്യപ്പെട്ടു.


TRISTATE KERALA FORUM
PHILADELPHIA
TRISTATE KERALA FORUM
"ആരവം 2K24"
August 31st Saturday, 2K24 @ 12:00 PM
VENUE :
SYRO MALABAR CHURCH AUDITORIUM,
608 WELSH RD, PHILADELPHIA, P A - 19115
Participants wanted for Megathiruvathira and Stage performances!!
For more information please contact:
Abhilash john
Chairman
267 701 3623
Binu Mathew
General Secretary
267 893 9571
Philipose cherian
Treasurer
215 605 7310
Joby George
Onam Chairman
215 470 2400
Vincent Emmanuel
Program Coordinator
215 880 3341
Asha Augustin
Vice Chairperson
267 844 8503

KERALA EXPRESS പ്രവാസി താളുകൾ

# കൊപ്പേൽ സെന്റ് അൽഫോൻസാ ദേവാലയത്തിൽ അമ്മമാരെ ആദരിച്ചു






ഡാളസ്: കൊപ്പേൽ സെന്റ് അൽഫോൻസാ സീറോമലബാർ കത്തോലിക്കാ പള്ളിയിൽ മെയ് 12-ന് ഞായറാഴ്ച അമ്മമാരെ ആദരിച്ചു. 1900-ൽ ആൻറീവ്സ് ജാർവിസ് എന്ന സ്ത്രീ തന്റെ അമ്മയായ ആൻറീവ്സ് ജാർവിസിനു കൊടുത്ത ആദരവിന്റെ തുടക്കമായിട്ടാണ് അമേരിക്കയിൽ എല്ലാ വർഷവും മെയ്മാസം രണ്ടാമത്തെ ഞായറാഴ്ച അമ്മമാരുടെ ദിവസമായി ആഘോഷിച്ചുവരുന്നത്.


മാതൃദിനമായ മെയ് 12-ന് ഞായറാഴ്ച കൊപ്പേൽ പള്ളിയിൽ വിശുദ്ധ കുർബാനയ്ക്കു ശേഷം ഫാ. ജിമ്മി എടക്കുളത്തിൽ മാതൃത്വത്തിന്റെ ദൗത്യം ഏറ്റെടുത്തിരിക്കുന്ന അമ്മമാരെ ഈശോയുടെ കൈകളിൽ സമർപ്പിക്കുകയും അങ്ങ് ദാനമായി നല്കിയ മക്കൾക്ക് ജന്മംകൊടുത്ത് അങ്ങയുടെ നാമത്തിന് മഹത്വം നല്കി വളർത്തുന്ന ഇവരുടെ കഠിനാദ്ധ്വാനത്തെയും പ്രയത്നങ്ങളെയും ആശീർവദിക്കണമെ എന്ന് പ്രാർത്ഥിക്കുകയും ചെയ്തു.

**ലാലി ജോസഫ്**

പിന്നീട് പള്ളിയിൽ വന്ന എല്ലാ അമ്മമാർക്കും അച്ചൻ റോസാപ്പൂവ് സമ്മാനിക്കുകയും ചെയ്തു. അതിനു ശേഷം വിമൻസ് ഫോറം സംഘടനയിലുള്ള അമ്മമാർ ഒരുമിച്ചുകൂടി കേക്ക് മുറിക്കുകയും അതിനോടൊപ്പം ലഘുഭക്ഷണം ഒരുക്കിയും മാതൃദിനാഘോഷം ഗംഭീരമാക്കി.

## അമ്മ

എൻ വിരൽ തുമ്പിൽ
പിടിച്ചു നടന്നൊരമ്മ
എങ്ങോ മറഞ്ഞിട്ട് ഏറെയായി
ഇന്നും മനസ്സിന്റെ മൂലയിൽ
തങ്ങി നിൽക്കുമൊരു ഓർമ്മയായി!
മുറ്റത്തു അമ്മ നട്ട പിച്ചകമിന്ന്
പൂവിട്ടു നിൽക്കുന്നു
ചുറ്റും പറക്കുന്ന ചിത്രശലഭങ്ങൾ!
അമ്മ വളർത്തിയ പൂവാലി പശുവിന്നു
അമ്മയെ വിളിച്ചമറുന്നു
ചിലപ്പഴൊക്കെ
കോഴികൾ കൊക്കുന്ന കൂട്ടിൽ
മുട്ടകൾ പെറുക്കുമ്പോളമ്മ
കൂട്ടിന് എന്നെ വിളിക്കും!
ഇന്ന് അമ്മയില്ല, പിച്ചകമില്ല, കോഴിയില്ല
എല്ലാം കൈവിട്ടുപോയ
വെറുമൊരു അന്യദേശ പ്രവാസി!



**ജോൺ ഇളമത**

## അമ്മക്കൂട്ടായ്മയുടെ വിസ്മയമൊരുക്കി ബെൻസൻവിൽ ഇടവക മാതൃദിനാഘോഷം



ചിക്കാഗോ: ബെൻസൽവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദൈവാലയത്തിലെ മാതൃദിനാഘോഷം പുതുമകൾ കൊണ്ട് വ്യത്യസ്തമായി. മാതൃദിനത്തിലെ വിശുദ്ധ കുർബാനയ്ക്ക് ശേഷം ചിക്കാഗോ രൂപതാ മെത്രാൻ മാർ ജോയി ആലപ്പാട്ട് എല്ലാ അമ്മമാർക്കും പൂക്കൾ നല്കി പ്രാർത്ഥിച്ച് ആശീർവദിച്ചു. ഫോട്ടോഷൂട്ട് മത്സര വിജയി ബീനാ ആൻഡ് അമൽ പെരുങ്ങേലിൽ, ആദ്യമായി മാതൃദിനം ആഘോഷിക്കുന്ന ഷെറിൽ താന്നിക്കുഴിപ്പിൽ, സ്റ്റെഫിനി താന്നിക്കുഴിപ്പിൽ,

**ലിൻസ് താന്നിച്ചുവട്ടിൽ**

ആൽഫി ഇല്ലിക്കുന്നുംപുറം, മേഘ മുത്തോലം, രേഷ്മ കുളത്തിൽകരോട്ട് എന്നിവരെ പ്രത്യേകം ആദരിച്ചു. തുടർന്ന് മെൻസ് മിനിസ്ട്രി ചെണ്ടമേളത്തോടെ അമ്മമാരെ ഹാളിലേക്ക് ആനയിച്ചു. തുടർന്ന് തൊട്ടിൽകെട്ട് മത്സരം സംഘടിപ്പിച്ചു. മെൻസ് മിനിസ്ട്രി ഒരുക്കിയ അമ്മവിരുന്ന് ഏവർക്കും നല്കി. നൂറുകണക്കിന് അമ്മമാർ പങ്കെടുത്ത പരിപാടിക്ക് മെൻസ് മിനിസ്ട്രി കോ-ഓർഡിനേറ്റർ സജി ഇറപുറം നേതൃത്വം നല്കി.

## ആദ്യമായി പന്നിവൃക്ക സ്വീകരിച്ചയാൾ മരിച്ചു



ന്യൂയോർക്ക്: ആദ്യമായി പന്നിയുടെ വൃക്ക സ്വീകരിച്ച റിച്ചാർഡ് റിക്ക്സ്ലെയ്മാൻ (62) മരിച്ചു. അവയവമാറ്റിവയ്ക്കൽ ശസ്ത്രക്രിയയല്ല മരണകാരണമെന്ന് മസാച്ചുസെറ്റ്സ് ജനറൽ ഹോസ്പിറ്റൽ (എംജിഎച്ച്) അറിയിച്ചു. പന്നിയുടെ വൃക്കയിൽ ജനിതക മാറ്റം വരുത്തിയശേഷമാണു റിച്ചാർഡിന്റെ ശരീരത്തിനുള്ളിൽ തുന്നിച്ചേർത്തത്. മാർച്ചിലായിരുന്നു ശസ്ത്രക്രിയ. അദ്ദേഹത്തിന്റെ ശരീരം പന്നിവൃക്കയെ സ്വീകരിച്ചത് ചരിത്രപരമായ നാഴികക്കല്ലായി വാഴ്ത്തപ്പെട്ടു.

വൃക്കരോഗത്തിന് പുറമേ ടൈപ്പ് 2 പ്രമേഹം, രക്താതിമർദം എന്നിവയും റിച്ചാർഡിന് ഉണ്ടായിരുന്നു. 2018-ൽ അദ്ദേഹത്തിന് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയെങ്കിലും അഞ്ച് വർഷത്തിന് ശേഷം അത് പരാജയപ്പെട്ടു. മാർച്ച് 16-നാണു പന്നിയുടെ വൃക്ക സ്ഥാപിച്ചത്. പുതിയ അവയവം നന്നായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കിയതിനെ തുടർന്ന് അദ്ദേഹത്തിന് ഡയാലിസിസ് ആവശ്യമില്ലെന്ന് ഡോക്ടർമാർ വ്യക്തമാക്കി. പന്നിവൃക്ക റിച്ചാർഡ് സ്വീകരിച്ചുവെങ്കിലും, അവയവമാറ്റ പ്രക്രിയയിൽ ഉപയോഗിക്കുന്ന ആദ്യത്തെ പന്നി അവയവമല്ല അത്. മറ്റ് രണ്ട് രോഗികൾക്ക് പന്നി ഹൃദയം ലഭിച്ചിട്ടുണ്ട്. പക്ഷേ സ്വീകർത്താക്കൾ ഏതാനും ആഴ്ചകൾക്ക് ശേഷം മരിച്ചു.

## ഇന്ത്യയിലാദ്യമായി മൈക്രോ കൺട്രോളർ വാണിജ്യാടിസ്ഥാനത്തിൽ നിർമിച്ചു

ചെന്നൈ: ആധുനിക ഗൃഹോപകരണങ്ങൾ മുതൽ യന്ത്രമനുഷ്യനെവരെ നിയന്ത്രിക്കുന്ന സംവിധാനത്തിലെ അവിഭാജ്യഘടകമായ മൈക്രോ കൺട്രോളർ ഇന്ത്യയിലാദ്യമായി വാണിജ്യാടിസ്ഥാത്തിൽ നിർമിച്ചു. മദ്രാസ് ഐഐടിയുടെ ഇൻക്യുബേഷൻ സെല്ലിന്റെയും പ്രവർത്തക് ടെക്നോളജീസ് ഫൗണ്ടേഷന്റെയും സഹായത്തോടെ പ്രവർത്തിക്കുന്ന മൈൻഡ്ഗ്രോവ് എന്ന സ്റ്റാർട്ടപ്പ് ആണ് സെക്യൂർ ഐഒടി എന്നു പേരിട്ട മൈക്രോ കൺട്രോളർ ചിപ് നിർമ്മിച്ചത്. ചെറു കമ്പ്യൂട്ടറിന്റെ പ്രവർത്തനത്തിനാവശ്യമായ വിവിധ ഇലക്ട്രോണിക് ഘടകങ്ങളെ ഒരൊറ്റ ചിപ്പിലേക്ക് സംയോജിപ്പിക്കുകയാണ് മൈക്രോ കൺട്രോളർ ചെയ്യുന്നത്. സ്വയം നിയന്ത്രണ സംവിധാനമുള്ള ഉപകരണങ്ങൾ ഇതിന്റെ സഹായത്തോടെയാണ് പ്രവർത്തിക്കുന്നത്.

# ഫോമാ സെൻട്രൽ റീജിയൻ-ചിക്കാഗോ കലാമേള വൻ വിജയമായി







ചിക്കാഗോ: ഫോമ സെൻട്രൽ റീജിയൻ-ചിക്കാഗോയുടെ ആഭിമുഖ്യത്തിൽ മെയ് നാലിന് നടത്തിയ കലാമേള വൻ വിജയമായി. ഫോമാ നാഷണൽ വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളവും സെൻട്രൽ റീജിയൻ ആർ.വി.പി ടോമി എടത്തിലും കൂടെ ഉദ്ഘാടനം ചെയ്ത കലാമേള രാവിലെ 9.30-ന് ആരംഭിച്ച് വൈകുന്നേരം 5 മണിയോടെ അവസാനിച്ചു.

**ജോഷി വള്ളിക്കളം**

ഏറ്റവും കൂടുതൽ പോയിന്റ് നേടി റെയ്നോവ് വരുൺ കലാപ്രതിഭയായും സ്ലോക നമ്പ്യാർ കൊട്ടാരത്ത് കലാതിലകമായും തെരഞ്ഞെടുക്കപ്പെട്ടു. അതുപോലെ ഗ്രൂപ്പ് 'എ' വിഭാഗത്തിൽ (5-8 വയസ്) റൈസിംഗ് സ്റ്റാർ ആയി എലൈൻ റോണിയും ഗ്രൂപ്പ് 'ബി' വിഭാഗത്തിൽ (9-12 വയസ്) വിഭാഗത്തിൽ റൈസിംഗ് സ്റ്റാർ ആയി ജയ്ഡൻ ജോസും ഗ്രൂപ്പ് 'സി' വിഭാഗത്തിൽ (13-16 വയസ്) അഭിനന്ദ കൃഷ്ണയും റൈസിംഗ് സ്റ്റാറായി തെരഞ്ഞെടുക്കപ്പെട്ടു. പ്രത്യേക അവാർഡുകൾക്ക് തെരഞ്ഞെടുക്കപ്പെട്ടവർക്ക് ട്രോഫിയും ക്യാഷ് അവാർഡും സമ്മാനിച്ചു. വിവിധ മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ കുട്ടികൾക്കെല്ലാം ട്രോഫികൾ വിതരണം ചെയ്തു.

കലാമേളയുടെ വിജയത്തിനായി ജനറൽ കോ-ഓർഡിനേറ്റർ ജൂബി വള്ളിക്കളത്തിന്റെ നേതൃത്വത്തിൽ ആഷ മാത്യു, ഡോ. സ്വർണ്ണം ചിറമേൽ, ലിന്റാ ജോളിസ്, ശ്രീജയ നിഷാന്ത് എന്നിവരടങ്ങിയ കമ്മിറ്റി വളരെ ചിട്ടയോടെ പ്രവർത്തിച്ചതിന്റെ ഫലമാണ് കലാമേള ഇത്ര വിജയമാക്കാൻ കഴിഞ്ഞത്.

ഫോമാ സെൻട്രൽ റീജിയൻ സെക്രട്ടറി ജോഷി വള്ളക്കളത്തിന്റെ നേതൃത്വത്തിൽ മറ്റ് നിരവധി വോളണ്ടിയേഴ്സ് ഈ പരിപാടിയുടെ വിജയത്തിനായി സഹകരിച്ച് പ്രവർത്തിച്ചു.

ജോൺ പാട്ടപ്പതി, ഷാനി ഏബ്രഹാം, ആഗ്നസ് തെങ്ങുമ്മൂട്ടിൽ, മോനി വർഗീസ്, ജോയ്സ് ചെറിയാൻ, ജോസി കുരിശുങ്കൽ, ജോജോ വെങ്ങാന്തറ, ഷീബ മാത്യു, ടെറൻസ് ചിറമേൽ, യൂത്ത് വോളണ്ടിയേഴ്സായ ജൂലി വള്ളിക്കളം, ക്രിസ്റ്റഫർ ചെറുവള്ളി, ജെനി വള്ളിക്കളം തുടങ്ങിയവരുടെ സഹകരണം എടുത്തുപറയേണ്ടതായിരുന്നു.

# പൂതപ്പാട്ടിന്റെ ചിത്രീകരണം പൂർത്തിയായി

ചിക്കാഗോ: പൗലോസ് കുയിലാടൻ പ്രധാന വേഷത്തിലെത്തുന്ന പൂതപ്പാട്ടിന്റെ ചിത്രീകരണം പൂർത്തിയായി.






മലയാള ചലച്ചിത്ര പ്രേക്ഷകസമിതിയുടെ ബാനറിൽ നിർമ്മിക്കുന്ന ആന്തോളജി സിനിമയുടെ നാലാമത് ചിത്രമാണ് പൂതപ്പാട്ട്. പ്രശസ്ത നാടക അഭിനേതാവും കഥാകൃത്തുമായ പൗലോസ് കുയിലാടൻ പ്രധാന വേഷത്തിൽ അഭിനയിക്കുന്ന ചിത്രത്തിന്റെ നിർമ്മാണം ഏറ്റെടുത്തിരിക്കുന്നത് പ്രമുഖ ബാനറായ 'ഹെൽത്ത് ആൻഡ് ആർട്സ് യുഎസ്എ' ആണ്. കഥയും ഗാനരചനയും കുയിലാടന്റേതു തന്നെയാണ്.

ചിത്രത്തിൽ നായികയായി എത്തുന്നത് ജൂവൽ ബേബിയാണ്. ശ്രീകാന്ത്, കല, പ്രിൻസ്, സഞ്ജു, നിധിൻ, സുഭാഷ്, ജോയൽ ജസ്റ്റിൻ എന്നിവർ മറ്റു വേഷങ്ങളിൽ അഭിനയിക്കുന്നു. ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് പ്രശാന്ത് ശശി, ക്യാമറ-സന്ദീപ്, സംഗീതം-അരുൺ രാജ്, അസോസിയേറ്റ് ഡയറക്ടർ-ശ്രീകാന്ത് സോമൻ, അസിസ്റ്റന്റ് ക്യാമറാമാൻ-ഉദയഭാനു, മേക്കപ്-സിജിൻ കൊടകര.

KERALA EXPRESS

പ്രവാസി താളുകൾ

# ഫോമാ എംപയർ റീജിയൻ കൺവൻഷനും ഇന്റർനാഷണൽ കൺവൻഷൻ കിക്കോഫും പ്രൗഢഗംഭീരമായി നടന്നു

ന്യൂയോർക്ക്: ഫോമാ ന്യൂയോർക്ക് എംപയർ റീജിയൻ കൺവൻഷനും ആഗസ്റ്റ് എട്ട് മുതൽ പതിനൊന്നു വരെ ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ പൂന്റാ കാനായിൽ വെച്ച് നടക്കുന്ന ഫോമാ ഇന്റർനാഷണൽ കൺവൻഷന്റെ കിക്കോഫും യോങ്കേഴ്സിലുള്ള സെന്റ് തോമസ് മാർത്തോമ്മാ ദേവാലയ പാരിഷ് ഹാളിൽ വെച്ച് മെയ് 4-ാം തീയതി പ്രൗഢഗംഭീരമായി നടത്തപ്പെട്ടു.

ആർ.വി.പി. ഷോളി കുമ്പിളുവേലിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ഫോമാ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ് ഉദ്ഘാടനം ചെയ്തു. ഫോമാ ഇന്റർനാഷണൽ കൺവൻഷൻ വിജയിപ്പിക്കുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ഫോമാ ട്രഷറർ ബിജു തോണിക്കടവിൽ, നാഷണൽ കമ്മിറ്റി അംഗങ്ങളായ ഷിനു ജോസഫ്, ബെറ്റി ഉമ്മൻ, ടീനാ ആശിഷ്, ഫോമാ നേതാക്കളായ അനിയൻ ജോർജ്, ജെ. മാത്യൂസ്, തോമസ് കോശി, ജോഫ്രിൻ ജോസ്, ഷോബി ഐസക്, തോമസ് മാത്യു, തോമസ് സാമുവേൽ, കൺവൻഷൻ ചെയർമാൻ കുഞ്ഞ് മാലിയിൽ തുടങ്ങിയവർ സംസാരിച്ചു.

ഷോളി കുമ്പിളുവേലി

ഫോമാ എക്സിക്യൂട്ടീവിലേക്ക് മത്സരിക്കുന്ന ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള 'മീറ്റ് ദ കാൻഡിഡേറ്റ്' പരിപാടി ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. ടീം യുണൈറ്റഡിൽ നിന്നും പ്രസിഡണ്ട് സ്ഥാനാർത്ഥി ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിൽ ബൈജു വർഗീസ്, ഷാലു പുന്നൂസ്, പോൾ ജോസ്, അനുപമ കൃഷ്ണൻ എന്നിവരും ടീം ഫോമായിൽ നിന്ന് പ്രസിഡണ്ട് സ്ഥാനാർത്ഥി തോമസ് ടി. ഉമ്മന്റെ നേതൃത്വത്തിൽ സാമുവേൽ മത്തായി, സണ്ണി കല്ലൂപ്പാറ, ഡോ. പ്രിൻസ് നെച്ചിക്കാട്ട് എന്നിവരും സ്വതന്ത്ര സെക്രട്ടറി സ്ഥാനാർത്ഥി ഡോ. മധു നമ്പ്യാരും സംസാരിച്ചു. റീജണൽ കൺവൻഷൻ ചെയർമാൻ പി.ടി. തോമസ് സ്വാഗതവും റീജണൽ സെക്രട്ടറി എൽസി ജോബ് നന്ദിയും പറഞ്ഞു. ടീന ആശീഷ് എംസിയായി ചടങ്ങുകൾ നിയന്ത്രിച്ചു.

വിവിധ അസോസിയേഷനുകളെ പ്രതിനിധീകരിച്ച് പ്രദീപ് നായർ, വർഗീസ് എം. കുര്യൻ, ജോസ് മലയിൽ, മാത്യു ചാക്കോ, റോയി ചെങ്ങന്നൂർ, തോമസ് നൈനാൻ, സുരേഷ് നായർ, ആശിഷ് ജോസഫ്, ബിജു ഉമ്മൻ, കുര്യാക്കോസ് വർഗീസ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

ശബരിനാഥിന്റെ ഗാനമേളയും വിവിധ ഡാൻസ് സ്കൂളുകളിലെ കുട്ടികൾ അവതരിപ്പിച്ച നൃത്തങ്ങളും പരിപാടിയുടെ മോടി കൂട്ടി.





# ഫോമാ സെൻട്രൽ റീജിയൻ ആർ.വി.പി സ്ഥാനാർത്ഥി ജോഷി വള്ളിക്കളം

ചിക്കാഗോ: ചിക്കാഗോയിലെ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിലെ നിറസാന്നിദ്ധ്യവും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ജോഷി വള്ളിക്കളം ഫോമായുടെ 2024-26-ലേക്കുള്ള സെൻട്രൽ റീജിയൻ റീജിയണൽ വൈസ് പ്രസിഡണ്ട് സ്ഥാനത്തേയ്ക്ക് മത്സരിക്കുന്നു. ആഗസ്റ്റ് മാസം 8 മുതൽ 11 വരെ പുന്റാ കാനായിൽ വെച്ച് നടക്കുന്ന നാഷണൽ കൺവൻഷനിൽ വെച്ചാണ് ഇലക്ഷൻ നടക്കുന്നത്.

ഫോമാ സെൻട്രൽ റീജിയന്റെ ആർ.വി.പി ആയി മത്സരിക്കുവാൻ മുമ്പോട്ടു വന്നിരിക്കുന്ന ജോഷി വള്ളിക്കളം വിവിധങ്ങളായ തലങ്ങളിൽ തന്റെ കഴിവ് തെളിയിച്ച വ്യക്തിത്വമാണ്. ഏതു പ്രതിസന്ധികളെയും മനോധൈര്യത്തോടെയും നിശ്ചയദാർഢ്യത്തോടെയും തരണം ചെയ്ത് താൻ ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾ പൂർത്തീകരിക്കാനുള്ള കഴിവാണ് അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നത്. സംഘടനകളുടെ നിയമാവലിക്കുള്ളിൽ നിന്നുകൊണ്ട് അതിനെ ശക്തമായി മുന്നോട്ട് നയിക്കുവാനുള്ള കഴിവ് പ്രത്യേകം എടുത്തു പറയേണ്ടതാണ്.

ജോഷി വള്ളിക്കളത്തിന്റെ സാമൂഹിക പ്രവർത്തന മണ്ഡലങ്ങൾ വിവിധങ്ങളാണ്. ചിക്കാഗോ മലയാളി അസോസിയേഷന്റെ പ്രസിഡണ്ടായിരുന്നപ്പോൾ അസോസിയേഷന്റെ 50-ാം വാർഷികം വളരെ ഗംഭീരമായി നടത്തുവാൻ സാധിച്ചു എന്നുള്ളത് ഒരു അഭിമാനമായി തന്നെ കരുതുന്നു. മലയാളികളുടെ രണ്ട് നാഷണൽ അസോസിയേഷനുകളായ ഫോമായുടെയും ഫൊക്കാനയുടെയും നേതാക്കളെ ഉൾപ്പെടുത്തിക്കൊണ്ട് ബൃഹത്തായ രീതിയിൽ തന്നെ ഗോൾഡൻ ജൂബിലി ആഘോഷിച്ചത് അദ്ദേഹത്തിന്റെ ജനസമ്മതിയുടെയും സുഹൃദ്ബന്ധത്തിന്റെയും ഒരു തെളിവാണ്. ചിക്കാഗോയിൽ എത്തിയ വർഷംതന്നെ ചിക്കാഗോ മലയാളി അസോസിയേഷന്റെ സ്ഥിരാംഗത്വമെടുത്ത് 1992-ൽ ജോയിന്റ് സെക്രട്ടറി, 1994-ൽ ഇലക്ടീവ് ജോ. സെക്രട്ടറി, പലപ്രാവശ്യം ബോർഡ് മെംബർ, 2008-ലും 2018-ലും സെക്രട്ടറി, 2021-23-ൽ പ്രസിഡണ്ട് എന്നീ നിലകളിൽ ചിക്കാഗോ മലയാളി അസോസിയേഷനിൽ സ്തുത്യർഹമായ സേവനം ചെയ്തിട്ടുണ്ട്. അതുപോലെ എസ്ബി-അസംപ്ഷൻ അലൂംമ്നി ചിക്കാഗോ ചാപ്റ്റർ ജോ. ട്രഷറർ, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (ചിക്കാഗോ) മുൻ സെക്രട്ടറി, സീറോമലബാർ കാത്തലിക് കോൺഗ്രസ് മുൻ പ്രസിഡണ്ട് എന്നീ വ്യത്യസ്തങ്ങളായ തലങ്ങളിലും അദ്ദേഹം തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. എസ്.എം.സി.സി.യുടെ പ്രസിഡണ്ടായിരുന്ന കാലഘട്ടത്തിൽ 450-ലധികം വ്യക്തികൾക്ക് ഒസിഐ കാർഡ് ഡ്രൈവ് നടത്തി സമൂഹത്തിലെ നാനാതുറകളിലുള്ളവരുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രമായി.



ജോഷിയുടെ രാഷ്ട്രീയജീവിതവും സാമൂഹിക പ്രവർത്തനങ്ങളും ഹൈസ്കൂൾ തലംമുതൽ ആരംഭിച്ചതാണ്. കേരളത്തിലെ ചങ്ങനാശേരി എൻ.എസ്.എസ് ഹൈസ്കൂൾ സ്കൂൾ ലീഡർ, ചങ്ങനാശേരി യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട്, എസ്.ബി. കോളജ് യൂണിറ്റ് പ്രതിനിധി, എസ്.ബി. കോളജ് വൈസ് ചെയർമാൻ എന്നീ നിലകളിലും കഴിവ് തെളിയിച്ച വ്യക്തിയാണ്. 1991-ൽ എസ്.ബി കോളജ് ചെയർമാനായി വിജയിച്ചപ്പോൾ അത് കോളജിന്റെ ചരിത്രത്തിലെ ഒരു ചരിത്രസംഭവമായിരുന്നു. എസ്.ബി. കോളജ് ഇലക്ഷനിൽ വിദ്യാർത്ഥി കോൺഗ്രസ് ഒറ്റയ്ക്ക് മത്സരിച്ചിട്ട് അദ്ദേഹം 95 ശതമാനം വോട്ടോടെ വിജയിച്ച് കോളജ് യൂണിയൻ ചെയർമാനായത് തങ്കലിപികളിൽ രേഖപ്പെടുത്തിയ സംഭവമാണ്.


അങ്ങനെ സാമൂഹിക തലങ്ങളിൽ വ്യത്യസ്തങ്ങളായ സ്ഥാനങ്ങൾ വഹിച്ച്, വളരെ പ്രവർത്തന പരിചയമുള്ള കർമ്മനിരതനായ വ്യക്തിത്വത്തിനുടമയായ ജോഷി വള്ളിക്കളം ഫോമയുടെ സെൻട്രൽ റീജിയൻ ആർ.വി.പി സ്ഥാനാർത്ഥിയായി മുന്നോട്ടു വരുന്നത് ഫോമയുടെ വരുംകാല പ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടായിരിക്കും എന്നുള്ളതിന് ഒരു സംശയവുമില്ല. ജോഷി വള്ളിക്കളത്തിന്റെ സ്ഥാനാർത്ഥിത്വത്തെ ഫോമ സെൻട്രൽ റീജിയന്റെ ഇപ്പോഴത്തെ ആർ.വി.പി ടോമി എടത്തിൽ തന്റെ പൂർണ്ണ പിന്തുണയോടെ സ്വാഗതം ചെയ്തു. സെൻട്രൽ റീജിയനിലെ മറ്റ് മെംബർ അസോസിയേഷനുകളും തങ്ങളുടെ പിന്തുണ അദ്ദേഹത്തെ അറിയിച്ചിട്ടുണ്ട്.

# ടാമ്പായിൽ 'സീനിയർ വെൽനസ് ഫോറം' ചർച്ചകൾക്കു തുടക്കമായി

രാജു മൈലപ്ര



ഫാ. ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പ



കെ.കെ. ഏബ്രഹാം



കമാൻഡർ ജോർജ് കോരുത്



സ്റ്റീഫൻ ലൂക്കോസ്



ഏബ്രഹാം പതിയിൽ



ഉണ്ണികൃഷ്ണൻ



രാജു മൈലപ്ര

ടാമ്പാ: മലയാളി സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മുതിർന്ന പൗരന്മാരുടെ ശാരീരികവും മാനസികവും സാമ്പത്തികവുമായ പ്രശ്നങ്ങൾക്ക് പ്രായോഗികമായ പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും ചർച്ചചെയ്യുന്നതിനുമായി മെയ് 4-നു ശനിയാഴ്ച ടാമ്പായിലെ സെ. ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഓഡിറ്റോറിയത്തിൽ ഒരു സമ്മേളനം ചേരുകയുണ്ടായി.

കഴിഞ്ഞ മുപ്പതു വർഷത്തിലേറെയായി ടാമ്പായിലെ സീനിയർ സിറ്റിസൺസിനോടൊപ്പം ഒരു പ്രഫഷണൽ സോഷ്യൽ വർക്കറായും സാമൂഹിക പ്രവർത്തകനായും സേവനമനുഷ്ഠിച്ചു പോരുന്ന റവ.ഫാ. ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പ ചർച്ചകൾക്കു നേതൃത്വം നല്കി.

തന്റെ ഔദ്യോഗിക ജീവിതത്തിലും അല്ലാതെയും നേരിട്ടറിവുള്ള ചില മലയാളികൾ, അവരുടെ സ്വന്തം കുടുംബാംഗങ്ങളിൽ നിന്നുപോലും വാർദ്ധക്യകാലത്ത് നേരിടേണ്ടിവരുന്ന ദുരിതപൂർണ്ണമായ അനുഭവങ്ങൾ അദ്ദേഹം സദസ്യരോട് പങ്കുവെച്ചു. സീനിയർ സിറ്റിസൺസിന വേണ്ടി സർക്കാർ നടത്തിപ്പോരുന്ന ചില ക്ഷേമപദ്ധതികളെക്കുറിച്ച് അച്ചൻ വിവരണം നല്കി.

വാർദ്ധക്യകാലത്തും നമ്മൾ മുടങ്ങാതെ അനുഷ്ഠിക്കേണ്ട ആരോഗ്യ പരിപാലനത്തെപ്പറ്റിയും ചില ലളിതമായ വ്യായാമ മുറകളെപ്പറ്റിയും സീനിയർ ഫിസിക്കൽ തെറാപ്പിസ്റ്റായി ദീർഘകാല പ്രവർത്തന പരിചയമുള്ള കെ.കെ. ഏബ്രഹാം ഒരു ചെറിയ വിവരണം നല്കി.

ശാരീരികവും മാനസികവുമായ ആരോഗ്യമുള്ള സമയത്തുതന്നെ നമ്മുടെ മരണാനന്തരം കുടുംബാംഗങ്ങൾക്കു ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ, മതിയായ സംവിധാനങ്ങളും രേഖകളും നിയമപരമായി തയ്യാറാക്കി വെക്കേണ്ടതിന്റെ പ്രധാന്യത്തെപ്പറ്റി ഫൊക്കാന മുൻ പ്രസിഡണ്ട് കമാൻഡർ ജോർജ് കോരുത് ഓർമ്മിപ്പിച്ചു.

യുവജനങ്ങൾക്കു വേണ്ടി നിരവധി ക്ഷേമപദ്ധതികൾ തയ്യാറാക്കുന്ന മലയാളി ദേശീയ സംഘടനകൾ വർദ്ധിച്ചുവരുന്ന മുതിർന്ന പൗരന്മാരുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമുള്ള പദ്ധതികൾ കൂടി പ്രാവർത്തികമാക്കുവാൻ ശ്രമിക്കണമെന്ന് സ്റ്റീഫൻ ലൂക്കോസ് അഭ്യർത്ഥിച്ചു.

വിദേശരാജ്യങ്ങളിൽ മുതിർന്ന മലയാളികളെ സഹായിക്കുന്നതിന്, അവിടെയുള്ള സംഘടനകൾ നടത്തുന്ന സേവനങ്ങളെക്കുറിച്ച് ഏബ്രഹാം പതിയിൽ ഒരു ചെറിയ വിവരണം നല്കി.

ബുദ്ധിമുട്ടും പ്രയാസങ്ങളും അവശതയും അനുഭവിക്കുന്ന നമ്മുടെ സമൂഹത്തിലെ വയോധികരുടെ വാർദ്ധക്യകാലം സന്തോഷപ്രദമാക്കുവാൻ എന്തു ചെയ്യുവാൻ കഴിയുമെന്ന് മറ്റു സംഘടനകളുമായി യോജിച്ച് ആശയവിനിമയം നടത്തണമെന്ന് ഫോമ മുൻ ജനറൽ സെക്രട്ടറി ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെട്ടു.

നമ്മുടെ സമൂഹത്തിൽ വിവിധ തുറകളിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകളെ ഉൾപ്പെടുത്തി ഒരു സപ്പോർട്ട് സിസ്റ്റം അഥവാ പിന്തുണാ സംവിധാനം രൂപീകരിക്കുന്നത് നല്ലതായിരിക്കുമെന്ന് രാജു മൈലപ്ര നിർദ്ദേശിച്ചു.

മലയാളി സമൂഹത്തിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന നിരവധി ആളുകൾ ഈ യോഗത്തിൽ പങ്കെടുത്ത് അവരുടെ അഭിപ്രായങ്ങളും ക്രിയാത്മകമായ നിർദ്ദേശങ്ങളും നല്കി.



കമ്മിറ്റി അംഗങ്ങൾ

ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി ഉണ്ണികൃഷ്ണൻ കോ-ഓർഡിനേറ്ററായി കമാൻഡർ ജോർജ് കോരുത്, സ്റ്റീഫൻ ലൂക്കോസ്, ഏബ്രഹാം പതിയിൽ, സണ്ണി ജേക്കബ് എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.

ഫാ. ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പ ഉപദേശക സമിതിയിൽ തുടരും. സണ്ണി ജേക്കബ്, ടിറ്റോ ജോൺ, ജോൺ ജേക്കബ് എന്നിവരാണ് ഈ സമ്മേളനത്തിനു വേണ്ട ക്രമീകരണങ്ങൾ നടത്തിയത്.

# എസ്ബി – അസംപ്ഷൻ വിദ്യാഭ്യാസ പ്രതിഭാ പുരസ്കാരത്തിന് അപേക്ഷകൾ ക്ഷണിച്ചു

തോമസ് ഡിക്രൂസ്

ചിക്കാഗോ: ചിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന ചങ്ങനാശേരി എസ്ബി-അസംപ്ഷൻ കോളജ് പൂർവ വിദ്യാർത്ഥി സംഘടനയുടെ 2023 വർഷത്തെ വിദ്യാഭ്യാസ പ്രതിഭാ പുരസ്കാരത്തിന് അപേക്ഷകൾ ക്ഷണിച്ചു. ഹൈസ്കൂൾ തലത്തിൽ പഠന-പാഠ്യേതര രംഗങ്ങളിൽ മികവ് പുലർത്തിയിട്ടുള്ള സംഘടനാംഗങ്ങളുടെ മക്കൾക്കു വേണ്ടി സ്ഥാപിച്ചിട്ടുള്ളതാണ് ഈ പുരസ്കാരങ്ങൾ. ജിപിഎ, എസിടി അഥവാ എസ്എടി, പഠന-പാഠ്യേതര മേഖലകളിലെ മികവുകൾ എന്നീ ത്രിതല മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും പുരസ്കാര നിർണയം നടത്തുക.





അപേക്ഷാർത്ഥികളുടെയും അവരുടെ മാതാപിതാക്കളുടെയും സംഘടനാ പ്രവർത്തനങ്ങളിലുള്ള സജീവ പങ്കാളിത്തം അധികയോഗ്യതയായും പരിഗണിക്കും. തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് വിദ്യാർത്ഥികൾക്ക് അസോസിയേഷന്റെ ചിക്കാഗോ ചാപ്റ്റർ നല്കുന്ന റവ.ഡോ. ജോർജ് മാത്തിപ്പറമ്പിൽ പൗരോഹിത്യ സുവർണ്ണജൂബിലി മെമ്മോറിയൽ പുരസ്കാരവും മാത്യു വാച്ചാപറമ്പിൽ സ്മാരക പുരസ്കാരവും ഒപ്പം ക്യാഷ് അവാർഡ്, പ്രശംസാപത്രം, ഫലകം എന്നിവയും അടങ്ങുന്നതാണ് എസ്.ബി ആൻഡ് അസംപ്ഷൻ അലൂമ്നി അസോസിയേഷൻ ഹൈസ്കൂൾ അക്കാഡമിക് എക്സലൻസ് അവാർഡ്.

ഈ പുരസ്കാര ദാനം 2024 ജൂൺ 23-ാം തീയതി ഞായറാഴ്ച വൈകിട്ട് അഞ്ചിന് നടക്കുന്ന വിപുലമായ പൂർവവിദ്യാർത്ഥി സമ്മേളനത്തിൽ എസ്.ബി. കോളജ് മുൻ പ്രിൻസിപ്പൽ റവ.ഡോ. ജോർജ് മാത്തിപ്പറമ്പിൽ നിർവഹിക്കുമെന്ന് അസോസിയേഷൻ പ്രസിഡണ്ട് ഡോ. മനോജ് നേര്യംപറമ്പിലും എക്സിക്യൂട്ടീവ് ഭാരവാഹികളും അറിയിച്ചു. ചിക്കാഗോയിൽ 2023-ൽ ഹൈസ്കൂൾ ഗ്രാജുവേഷൻ കഴിഞ്ഞ എല്ലാ അലൂമ്നി അംഗങ്ങളുടെ മക്കൾക്കും അപേക്ഷ നല്കാമെന്ന് അവാർഡ് നിർണ്ണയ കമ്മിറ്റി അംഗംങ്ങളായ പ്രൊഫ. ജെയിംസ് ഓലിക്കര, ജിജി മാടപ്പാട്ട്, അമ്പിളി ജോർജ് എന്നിവർ അറിയിച്ചു.

അർഹരായ അപേക്ഷകർ 2024 ജൂൺ 10-നകം അവാർഡ് കമ്മിറ്റിയുമായി ബന്ധപ്പെടേണ്ടതാണ്.

E-mail: sbaaacademicexcellence@gmail.com

# കോവിഷീൽഡ് വാക്സിൻ പിൻവലിച്ചു

ന്യൂയോർക്ക്: കോവിഡ് പ്രതിരോധത്തിനുള്ള കോവിഷീൽഡ് വാക്സിൻ വിപണിയിൽനിന്ന് പിൻവലിച്ച് നിർമാതാക്കളായ അസ്ട്രസെനക്ക. വാണിജ്യപരമായ കാരണങ്ങളാലാണ് വാക്സിൻ പിൻവലിക്കുന്നതെന്നാണ് കമ്പനിയുടെ വിശദീകരണം. കോവിഷീൽഡിന് പാർശ്വഫലങ്ങളുണ്ടെന്ന് കമ്പനി സമ്മതിച്ചതായ വാർത്തകൾ പുറത്തുവന്നതിനു പിന്നാലെയാണു നടപടി.


ഓക്സ്ഫഡ് സർവകലാശാലയുമായി ചേർന്നാണ് ഈ പ്രതിരോധ വാക്സിൻ അസ്ട്രസെനക്ക വികസിപ്പിച്ചത്. കോവിഷീൽഡ് എന്ന പേരിൽ സിറം ഇൻസ്റ്റിറ്റ്യൂട്ട് ആണ് അസ്ട്രസെനക്കയുടെ വാക്സിൻ ഇന്ത്യയിൽ വിപണിയിലിറക്കിയത്. കോവിഷീൽഡിന് പാർശ്വഫലങ്ങളുണ്ടെന്ന് ബ്രിട്ടനിലെ കോടതിയിലാണ് അസ്ട്രസെനക്ക സമ്മതിച്ചത്. ഇതിനു പിന്നാലെ ഈ വാക്സിന്റെ ഉപയോഗം ബ്രിട്ടൻ അവസാനിപ്പിക്കുകയും ചെയ്തു. എന്നാൽ, വാണിജ്യപരമായ കാരണങ്ങളാലാണ് വാക്സിൻ പിൻവലിക്കുന്നതെന്നാണ് അസ്ട്രസെനക്ക അറിയിച്ചതെന്ന് ദി ടെലഗ്രാഫ് റിപ്പോർട്ട് ചെയ്തു. കോവിഡ് വൈറസിന്റെ പുതിയ വകഭേദങ്ങളെ നേരിടാൻ ശേഷിയുള്ള അപ്ഡേറ്റ് ചെയ്ത വാക്സിനുകൾ വിപണിയിൽ സുലഭമായതോടെയാണ് കോവിഷീൽഡിന്റെ നിർമാണവും വിതരണവും നിലച്ചത്. പുതിയ വാക്സിനുകൾ കോവിഷീൽഡിനെ അപ്രസക്തമാക്കിയെന്നു കമ്പനി അറിയിച്ചതായും ടെലിഗ്രാഫിന്റെ റിപ്പോർട്ടിൽ പറയുന്നു. ബ്രിട്ടനിലെ കോടതിയിലെ കേസുമായി ഇപ്പോഴത്തെ തീരുമാനത്തിനു ബന്ധമില്ലെന്നും അസ്ട്രസെനക്ക അറിയിച്ചു.

ബ്രിട്ടീഷ് പൗരനായ ജെയ്മി സ്കോട്ട് ആണ് കോവിഷീൽഡിനു ഗുരുതരമായ പാർശ്വഫലങ്ങളുണ്ടെന്നു ചൂണ്ടിക്കാട്ടി കോടതിയെ സമീപിച്ചത്. പരാതി ശരിവെക്കുന്ന മറുപടിയാണ് അസ്ട്രസെനക്ക കോടതിയിൽ നൽകിയത്. കോവിഷീൽഡ് വാക്സിൻ എടുത്തവർക്ക് രക്തം കട്ടപിടിക്കുന്ന ത്രോംബോസിസ് വിത്ത് ത്രോംബോസൈറ്റോപീനിയ സിൻഡ്രോം (ടിടിഎസ്) എന്ന രോഗമുണ്ടാകാനും പ്ലേറ്റ്ലെറ്റിന്റെ എണ്ണം കുറയാനും സാധ്യതയുണ്ടെന്നാണ് കമ്പനി കോടതിയെ അറിയിച്ചത്. ഇതോടെയാണ് കോവിഷീൽഡിനെക്കുറിച്ചുള്ള ആശങ്കകൾ ശക്തമായത്. എന്നാൽ, വാക്സിനെടുത്ത് 21 ദിവസത്തിനുള്ളിലാണ് പാർശ്വഫലമുണ്ടാകാൻ സാധ്യതയെന്നും നേരത്തേ വാക്സിനെടുത്തവർക്ക് ആശങ്ക വേണ്ടെന്നുമായിരുന്നു കമ്പനിയുടെ വിശദീകരണം. ഇന്ത്യയിൽ കോവിഡ് വാക്സിനേഷൻ യജ്ഞം ഏറെക്കുറെ അവസാനിച്ചതിനാൽ കോവിഷീൽഡിനുള്ള ആവശ്യകത കുറഞ്ഞതാണ് നിർമാണം അവസാനിപ്പിക്കാനുള്ള കാരണമായി കമ്പനി ചൂണ്ടിക്കാട്ടുന്നത്.

സർക്കാർ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ, കോവിഡ്-19 വാക്സിനേഷൻ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കഴിഞ്ഞ രണ്ടു വർഷമായി വാക്സിനുള്ള ആവശ്യകത കുറഞ്ഞു. ഇതോടെ 2021 ഡിസംബറിൽ കോവിഷീൽഡ് ഉത്പാദനം നിർത്തിയിരുന്നു.

KERALA EXPRESS പ്രവാസി താളുകൾ

# പാട്ടുത്സവം സാൻഹൊസെയിൽ വൻവിജയം





കാലിഫോർണിയ: പ്രശസ്ത സിനിമാ പിന്നണി ഗായികയും അവതാരകയും, അഭിനേത്രിയുമായ റിമി ടോമിയുടെ നേതൃത്വത്തിൽ അമേരിക്കയിൽ നടന്ന പാട്ടുത്സവം എന്ന മെഗാഷോ കാലിഫോർണിയയിലെ സാൻഹൊസെയിൽ വൻവിജയം. കാലിഫോർണിയയിൽ സാൻ ഹൊസെ ഉൾപ്പെടുന്ന ബേ ഏരിയയിലെ ക്നാനായ കമ്യൂണിറ്റി ആയിരുന്നു ഈ മെഗാഷോ സംഘടിപ്പിച്ചത്. ബേ ഏരിയാ ക്നാനായ

**അമോൽ ചെറുകര**

കൂട്ടായ്മയ്ക്കുവേണ്ടി ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്തേൺ കാലിഫോർണിയ (കെസിസിഎൻസി), സെ. മേരീസ് ക്നാനായ കാത്തലിക് ചർച്ച് എന്നിവർ സംയുക്തമായിട്ടാണ് ഈ മെഗാഷോ ഇവിടെ സംഘടിപ്പിച്ചത്. റെഡ്‌വുഡ് സിറ്റിയിലെ പ്രശസ്തമായ ഫോക്സ് തിയേറ്ററിൽ ഏപ്രിൽ 28-നായിരുന്നു ഈ മെഗാഷോ അരങ്ങേറിയത്. കോവിഡ് എന്ന മഹാമാരിക്കു ശേഷം ആദ്യമായാണ് ഇത്തരത്തിൽ ഒരു മെഗാഷോ നടന്നത്.

റിമി ടോമിയോടൊപ്പം പ്രശസ്ത പിന്നണി ഗായകരായ ബിജു നാരായണൻ, ശ്രീനാഥ്, യുവത്വത്തിന്റെ തുടിപ്പുമായി കൗഷിക് എന്നീ ഗായകരും കോമഡി താരങ്ങളായ അനീഷ്, അശ്വതി, മായാ എന്നിവരും പങ്കെടുത്തു. പാട്ടിനോടൊപ്പം ചടുല നൃത്തച്ചുവടുകളുമായി റിമി സ്റ്റേജിൽ വന്നപ്പോൾ ജനസാഗരം ഇളകിമറിഞ്ഞു. റിമിയുടെ നൃത്തത്തിനു മാറ്റുകൂട്ടാനായി സാൻ ഹൊസെയിലെ വിവിധ കലാകാരന്മാരും പങ്കുചേർന്നു. തങ്ങൾക്ക് ലഭിച്ച ഈ പിന്തുണയിലും ആവേശത്തിലും ഈ സംഘവും ഈ മെഗാ ഷോ അമേരിക്കയിൽ ഉടനീളം സംഘടിപ്പിച്ച ഡയസ് ദാമോദരനും നന്ദി രേഖപ്പെടുത്തി.

ഈ മെഗാ ഷോയുടെ വിജയത്തിനു പിന്തുണ നല്കിയ എല്ലാ ബിസിനസ്, മെഗാ സ്പോൺസേഴ്സിനെയും ആദരിക്കുന്നതിനായി ഏപ്രിൽ 29-ന് നടന്ന വിരുന്നു സൽക്കാരത്തിൽ പാട്ടുത്സവത്തോടനുബന്ധിച്ചുള്ള എല്ലാ കലാകാരന്മാരും പങ്കുചേർന്നു. തങ്ങൾക്ക് സാൻഹൊസെയിലെ മലയാളി സമൂഹത്തിൽ നിന്നും ലഭിച്ച സ്വീകരണവും സ്നേഹവും വളരെ ഹൃദയസ്പർശിയായിരുന്നുവെന്ന് താരങ്ങൾ അറിയിച്ചു.

ഈ മെഗാഷോ ഇവിടെ കൊണ്ടുവരുന്നതിനും വിജയിപ്പിക്കുന്നതിനുമായി അഹോരാത്രം പ്രവർത്തിച്ച കെസിസിഎൻസി പ്രസിഡണ്ട് ഷിബു പാലക്കാട്ടിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി മെംബേഴ്സിനെ സെ. മേരീസ് ക്നാനായ കാത്തലിക് പള്ളി വികാരി ഫാ. ജെമി പുതുശ്ശേരി അനുമോദിക്കുന്നതിനോടൊപ്പം ഈ ഷോയുമായി സഹകരിച്ച എല്ലാ മലയാളികളോടും ക്നാനായ സമൂഹത്തിന്റെ പേരിൽ നന്ദി രേഖപ്പെടുത്തി.

ഷിബു ബേബി പാലക്കാട്ട് (പ്രസിഡണ്ട് കെസിസിഎൻസി), സിജോ പറപ്പള്ളി (വൈസ് പ്രസിഡണ്ട് കെസിസിഎൻസി), അനീഷ് പുതുപ്പറമ്പിൽ (സെക്രട്ടറി കെസിസിഎൻസി), അനു അമോൽ ചെറുകര (ജോയിന്റ് സെക്രട്ടറി കെസിസിഎൻസി), രാജു മാത്യു കറുത്തേടം (ട്രഷറർ കെസിസിഎൻസി), ജോസ് മാമ്പിള്ളിൽ (ട്രസ്റ്റി, സെ. മേരീസ് ക്നാനായ കാത്തലിക് ചർച്ച്), ബിജു പുളിക്കൽ (നാഷണൽ കൗൺസിൽ മെംബർ കെസിസിഎൻസി), രാജു ചെമ്മാച്ചേരിൽ, അനിൽ കണ്ടാരപ്പള്ളിൽ, കൊച്ചുമോൻ കൊക്കരവാലയിൽ, റ്റോമി പഴയമ്പള്ളിൽ, മാത്യു തുരുത്തെപീടികയിൽ, റ്റാന്യ കുടിലിൽ എന്നിവരായിരുന്നു കോർ കമ്മിറ്റി മെംബേഴ്സ്.

# നായർ ബനവലന്റ് അസോസിയേഷന് നവനേതൃത്വം

**ജയപ്രകാശ് നായർ**

ന്യൂയോർക്ക്: നായർ ബനവലന്റ് അസോസിയേഷന്റെ വാർഷിക പൊതുയോഗവും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 2024 മെയ് 5-ന് എൻ.ബി.എ സെന്ററിൽ വെച്ച് നടന്നു. പ്രസിഡണ്ട് അപ്പുക്കുട്ടൻ നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ട്ടറി ജയപ്രകാശ് നായർ, ട്രഷറർ-രാധാമണി നായർ എന്നിവരെയും എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് ഗോപിനാഥക്കുറുപ്പ്, മുരളീധരപ്പണിക്കർ, നരേന്ദ്രനാഥൻ നായർ, രത്നമ്മ നായർ, സേതുമാധവൻ, ശ്രീധരൻപിള്ള, വത്സല ഉണ്ണികൃഷ്ണൻ നായർ എന്നിവ



ക്രിസ് പിള്ള തോപ്പിൽ
പ്രസിഡണ്ട്



രഘുവരൻ നായർ
ജനറൽ സെക്രട്ടറി



രാധാമണി നായർ
ട്രഷറർ



ബാബു മേനോൻ
വൈസ് പ്രസിഡണ്ട്



ജയപ്രകാശ് നായർ
ജോ. സെക്രട്ടറി



വനജ നായർ
ട്രസ്റ്റി ബോർഡ് മെംബർ

ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടും ട്രഷറർ ഗോപിനാഥക്കുറുപ്പ് അവതരിപ്പിച്ച കണക്കുകളും അംഗീകരിച്ചു. ട്രസ്റ്റി ബോർഡ് ചെയർമാൻ രഘുവരൻ നായർ തന്റെ പ്രസംഗത്തിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയമായിരുന്നുവെന്ന് പറഞ്ഞു.

തുടർന്ന് ട്രസ്റ്റി ബോർഡ് മെംബർമാരായ ജി.കെ. നായർ, ഉണ്ണികൃഷ്ണൻ നായർ, രഘുനാഥൻ നായർ എന്നിവരുടെ നേതൃത്വത്തിൽ 2024-25-ലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡണ്ട് ക്രിസ് പിള്ള തോപ്പിൽ (ജനാർദ്ദനൻ), വൈസ് പ്രസിഡണ്ട്-ബാബു മേനോൻ, ജനറൽ സെക്രട്ടറി-രഘുവരൻ നായർ, ജോ. സെക്രരെയും ഓഡിറ്റർമാരായി അപ്പുക്കുട്ടൻ പിള്ള, പ്രഭാകരൻ നായർ എന്നിവരെയും ബോർഡ് ഓഫ് ട്രസ്റ്റിയിലേക്ക് വനജ നായരെയും എതിരില്ലാതെ തെരഞ്ഞെടുത്തു. വനജ നായരെക്കൂടാതെ ജി.കെ. നായർ, രാമചന്ദ്രൻ നായർ എന്നിവരാണ് ട്രസ്റ്റി ബോർഡിലുള്ളത്. അപ്പുക്കുട്ടൻ നായർ എക്സ് ഒഫീഷ്യോ ആയി പ്രവർത്തിക്കും.

മെയ് 12-ന് രാവിലെ 11 മണി മുതൽ അധികാര കൈമാറ്റച്ചടങ്ങുകൾ നടക്കുന്നതാണ്. അന്നേദിവസം മൂന്നു മണിക്ക് മദേഴ്സ് ഡേ ആഘോഷങ്ങൾ ഉണ്ടായിരിക്കുന്നതാണെന്നും തദവസരത്തിൽ എല്ലാ അമ്മമാരും പങ്കെടുക്കണമെന്നും നിയുക്ത പ്രസിഡണ്ട് ക്രിസ് പിള്ള തോപ്പിൽ അഭ്യർത്ഥിച്ചു.

# പീഡനമനുഭവിക്കുന്ന ക്രൈസ്തവർക്കായി പ്രാർത്ഥനാസംഗമം സംഘടിപ്പിച്ചു

ഫിലാഡൽഫിയ: പീഡനമനുഭവിക്കുന്ന ക്രൈസ്തവർക്കായി പ്രവർത്തിക്കുന്ന രാജ്യാന്തര സംഘടനയായ എക്ലീഷ്യ യുണൈറ്റഡ് ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ ഫിലാഡൽഫിയയിൽ പ്രാർത്ഥനാ സംഗമം സംഘടിപ്പിച്ചു. ഫിലാഡൽഫിയയിലെ വിവിധ ക്രൈസ്തവ സഭാ വിഭാഗങ്ങളെ പ്രതി

**ബിമൽ ജോൺ**

യുക്രെയ്ൻ ഓർത്തഡോക്സ് ചർച്ച് ഫിലാഡൽഫിയാ ബിഷപ് റവ. ലൂക്കാസ്, പാസ്റ്റർ ബിജു മാത്യു, പാസ്റ്റർ നെൽസൺ എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി. ഇവാഞ്ചലിക്കൽ ചർച്ച് റിട്ട. ബിഷപ് റവ. സി.വി. മാത്യു, നൈജീരിയയിലും ഇന്ത്യയിലടക്കം ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും വർദ്ധിച്ചു വരുന്ന ക്രൈസ്തവ പീഢനങ്ങളിൽ സംഗമം ആശങ്ക പ്രകടിപ്പിച്ചു. എക്ലീഷ്യ യുണൈറ്റഡ് ഇന്റർനാഷണൽ പ്രസിഡണ്ട് ബിമൽ ജോൺ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സംഘടനയുടെ രാജ്യാന്തര കമ്മിറ്റി വൈസ്



നിധീകരിച്ചു പുരോഹിതരും വിശ്വാസികളും സംഗമത്തിൽ പങ്കെടുത്തു. പിഎഫ്ജിഎ ഹാളിൽ നടന്ന ചടങ്ങ് പെൻസിൽവേനിയയിൽ നിന്നുള്ള അമേരിക്കൻ കോൺഗ്രസ് അംഗം ഗ്ലെൻ തോംസൺ ഉദ്ഘാടനം ചെയ്തു.

ഫാ. സിബി ജോൺ ഡാനിയേൽ, റിപ്പബ്ലിക്കൻ പാർട്ടി നേതാവ് ആരോൺ ബഷീർ, സാം ഫാഡിസ്, പാസ്റ്റർ ജോസഫ് ബിഷപ്, ബിൽ അല്ലെൻ, പ്രൊഫ. അല പുഷ്‌ത്തെവ എന്നിവർ പ്രസംഗിച്ചു.

ചെയർമാൻ സ്റ്റാൻലി ജോർജ് സ്വാഗതവും കമ്യൂണിക്കേഷൻസ് ഡയറക്ടർ സാം തോമസ് നന്ദിയും പറഞ്ഞു. ബ്രദർ ഡെവിന്റെ നേതൃത്വത്തിൽ എക്ലീഷ്യ മ്യൂസിക് ടീം ചടങ്ങിൽ ഗാനങ്ങൾ ആലപിച്ചു.

KERALA EXPRESS പ്രവാസി താളുകൾ

# ഹൂസ്റ്റൺ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം



ഹൂസ്റ്റൺ: സെ. മേരീസ് ക്നാനായ ഫൊറോനാ ദേവാലയത്തിൽ 23 കുട്ടികളുടെ ദിവ്യകാരുണ്യ സ്വീകരണം ഭക്തിസാന്ദ്രമായി നടത്തപ്പെട്ടു. മെയ് 4-ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് ആരംഭിച്ച തിരുക്കർമ്മങ്ങൾക്ക് ഫാ. അബ്രാഹം മുത്തോലത്ത് മുഖ്യ കാർമ്മികത്വം വഹിച്ചു. ഫാ. തോമസ് മെത്താനത്ത്, ഫാ. മാത്യു കൈതമലയിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

**ബിബി തെക്കനാട്ട്**

ദിവ്യകാരുണ്യം സ്വീകരിച്ച കുട്ടികളും അവരുടെ മാതാപിതാക്കളും ബന്ധുജനങ്ങളും ഇടവകസമൂഹവും തിങ്ങിനിറഞ്ഞ ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ കുട്ടികൾ അവരുടെ രക്ഷകനായി ഈശോയെ ആദ്യമായി സ്വീകരിച്ചു.



ബെഞ്ചമിൻ ആനാലിപ്പാറയിൽ, ക്രിസ് ആട്ടുകുന്നേൽ, എറിക് ചാക്കാലക്കൽ, അലിസാ ഇഞ്ചനാട്ട്, സുഹാനി എരനിക്കൽ, ജിഷ ഇല്ലിക്കാട്ടിൽ, ജോനാഥൻ കൈതമലയിൽ, അന്ന കല്ലിടുക്കിൽ, നോയൽ കണ്ണാലിൽ, നിവ്യ കാട്ടിപ്പറമ്പിൽ, ഇസബെൽ കിഴക്കേക്കാട്ടിൽ, മരിയ കിഴക്കെവാലയിൽ, ഐസയ കൊച്ചുചെമ്മന്തറ, സരിൻ കോഴംപ്ലാക്കിൽ, അലക്സാണ്ടർ മറുതാച്ചിക്കൽ, ബെഞ്ചമിൻ പാലകുന്നേൽ, ഇഷാൻ പുത്തൻമന്നത്, ഇഷേത പുത്തൻമന്നത്, ജെറോം തറയിൽ, ജയിക്ക് തെക്കേൽ, ജൂലിയൻ തോട്ടുങ്കൽ, ക്രിസ്റ്റഫർ ഉള്ളാടപ്പിള്ളിൽ, ഐസക് വട്ടമറ്റത്തിൽ എന്നിവരാണ് ദിവ്യകാരുണ്യം സ്വീകരിച്ചത്.

ജോൺസൺ വട്ടമറ്റത്തിൽ, എസ്.ജെ.സി. സിസ്റ്റേഴ്സ്, വേദപാഠാദ്ധ്യാപകർ എന്നിവരാണ് കുഞ്ഞുങ്ങളെ പരിശീലിപ്പിച്ചത്.

ആൻസിൻ താന്നിച്ചുവട്ടിൽ, ദിവ്യ ചെറുതാന്നിയിൽ, ക്രിസ്റ്റി ചേന്നാട്ട്, ജോസ് കുറുപ്പൻപറമ്പിൽ, ബെറ്റ്സി എടയാഞ്ഞിലിയിൽ എന്നിവരുടെ നേതൃത്വത്തിലുള്ള ഗായകസംഘവും ചടങ്ങുകൾക്കു മാറ്റുകൂട്ടി. മാതാപിതാക്കളുടെ പ്രതിനിധി സ്മിതോഷ് ആട്ടുകുന്നേൽ എല്ലാവർക്കും വേണ്ടി നന്ദി പ്രകാശിപ്പിക്കുകയും മതബോധന അദ്ധ്യാപകർ, മറ്റ് പ്രതിനിധികൾ എന്നിവർക്ക് ഉപഹാരങ്ങൾ നല്കുകയും ചെയ്തു.

പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങളായ ഷാജുമോൻ മുകളേൽ, ബാബു പറയൻകാലായിൽ, ജോപ്പൻ പൂവപ്പാടത്ത്, ജോസ് പുളിക്കത്തൊട്ടിയിൽ, ടോം വിരിപ്പൻ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നല്കി.

മനോഹരമായി അലങ്കരിച്ച ദേവാലയാങ്കണത്തിൽ നടന്ന ഹൃദ്യമായ ചടങ്ങുകൾക്കു ശേഷം എല്ലാവർക്കും മാതാപിതാക്കളുടെ ആഭിമുഖ്യത്തിൽ ലഘുഭക്ഷണവും ക്രമീകരിച്ചിരുന്നു.

# നഷ്ടമായത് മനുഷ്യസ്നേഹിയായ ആത്മീയാചാര്യൻ

**തോമസ് റ്റി. ഉമ്മൻ**

ചിക്കാഗോ: കെ.പി. യോഹന്നാൻ മെത്രാപ്പൊലീത്തയുടെ ആകസ്മിക വിയോഗത്തിലൂടെ തികഞ്ഞ ദാർശനികനും ദീർഘവീക്ഷണമുള്ള മനുഷ്യസ്നേഹിയുമായ ആത്മീയാചാര്യനെയാണ് സമൂഹത്തിനു നഷ്ടമായിരിക്കുന്നതെന്നു ഇന്ത്യൻ ക്രിസ്ത്യൻ ഫോറം നേതാവ് തോമസ് റ്റി. ഉമ്മൻ ഒരു അനുശോചന സന്ദേശത്തിൽ അറിയിച്ചു. 2003-ൽ ബിഷപ് സ്ഥാനലബ്ധിക്കുശേഷം ന്യൂയോർക്ക് കെന്നഡി എയർപോർട്ടിൽ ആദ്യമായി വന്നിറങ്ങിയ ബിഷപ് കെ.പി. യോഹന്നാനെ ഇന്ത്യൻ ക്രിസ്ത്യൻ ഫോറം ഭാരവാഹികളായ തോമസ് റ്റി. ഉമ്മൻ (പ്രസിഡണ്ട്), റവ. ഡോ. ഇട്ടി ഏബ്രഹാം, പാസ്റ്റർ വിൽസൺ ജോസ്, ജോർജ് ഏബ്രഹാം, പി.വി. വർഗീസ് എന്നിവർ ചേർന്നാണ് സ്വീകരിച്ചത്.



2003-ൽ ബിഷപ്പിനെ സ്വീകരിക്കുന്ന ചിത്രം

തിരുവല്ലായിലുള്ള ബിലീവേഴ്സ് സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ കോളജ് ഹോസ്പിറ്റൽ, നിരവധി എഞ്ചിനീയറിംഗ് കോളജുകൾ, ഇതര പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ ആരംഭിച്ചതിനു പുറമെ, സമൂഹത്തിന് പ്രയോജനകരമായ ഒട്ടേറെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ വലിയ മനുഷ്യസ്നേഹിയായിരുന്നു മെത്രാപ്പൊലീത്തയെന്ന് തോമസ് റ്റി. ഉമ്മൻ പറഞ്ഞു. ക്രൈസ്തവ വിശ്വാസത്തിന്റെ വെളിച്ചം അനേകർക്ക് പകർന്നു നൽകിയ സുവിശേഷകനായിരുന്നു അദ്ദേഹം. മെത്രാപ്പോലീത്തയുടെ കുടുംബത്തെയും സഭാവിശ്വാസികളെയും ഇന്ത്യൻ ക്രിസ്ത്യൻ ഫോറത്തിന്റെ അനുശോചനം തോമസ് റ്റി. ഉമ്മൻ അറിയിച്ചു.

# ചിക്കാഗോ ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് സിൽവർ ജൂബിലി നിറവിൽ

**കുര്യൻ ഫിലിപ്പ്**




ചിക്കാഗോ: ചിക്കാഗോയിൽ ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി കൺവൻഷനും പ്രത്യേക സ്തോത്ര ശുശ്രൂഷ സമ്മേളനവും മെയ് 31 മുതൽ ജൂൺ രണ്ട് വരെ കെനോഷാ ബൈബിൾ ചർച്ചിൽ വെച്ച് നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. ജൂൺ ഒന്നിന് ശനിയാഴ്ച വൈകിട്ടു നടക്കുന്ന പ്രത്യേക സമ്മേളനത്തിൽ കെനോഷാ സിറ്റി മേയർ ഡേവിഡ് ബോഗ്ഡോള ഉൾപ്പെടെയുള്ള വിശിഷ്ട അതിഥികൾ പങ്കെടുക്കും. സിൽവർ ജൂബിലി തീം സോങ് ക്വയർ അവതരിപ്പിക്കും. സഭയുടെ ചരിത്രം അടങ്ങിയ സുവനീർ ഈ സമ്മേളനത്തിൽ പ്രകാശനം ചെയ്യും. ശാരോൺ ഫെല്ലോഷിപ്പ് ചർച്ചസ് ഓഫ് നോർത്ത് അമേരിക്കയുടെ മിഡ്‌വെസ്റ്റ് റീജിയൻ കൺവൻഷനും ഇതോടനുബന്ധിച്ച് നടക്കും. റവ. റോബർട്ട് ജോൺസൻ, റവ. തോമസ് മാമ്മൻ, റവ. ഡോ. റ്റിങ്കു തോംസൺ, റവ. ജോൺ തോമസ് എന്നിവർ പ്രസംഗിക്കും. റവ. ജിജു ഉമ്മൻ (പ്രസിഡണ്ട്), ഷെറി കെ. ജോർജ് (സെക്രട്ടറി), ജെയിംസ് ഉമ്മൻ (പ്രോഗ്രാം കോ-ഓർഡിനേറ്റർ) എന്നിവരുടെയും ചർച്ച് ബോർഡിന്റെയും നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിച്ചു വരുന്നു.

# ഫിലാഡൽഫിയയിലെ സൺഡേസ്കൂൾ വാർഷികം വർണാഭം



ഫിലാഡൽഫിയ: വിശ്വാസ പരിശീലന ക്ലാസുകളിലൂടെ കുട്ടികൾ ഒരു വർഷം മുഴുവൻ ഹൃദിസ്ഥമാക്കിയ ബൈബിളിലെ പ്രധാനപ്പെട്ട ആശയങ്ങളും കഥകളും സഭാപഠനങ്ങളും കൊച്ചുകൊച്ചു പ്രാർത്ഥനകളും വിശുദ്ധരുടെ ജീവിതസാക്ഷ്യങ്ങളും ആ

ജോസ് മാളേയ്ക്കൽ

ക്ഷൻ സോംഗ്, ഭക്തിഗാനം, സ്കിറ്റ്, ആനിമേഷൻ വീഡിയോ, നൃത്തം തുടങ്ങിയ വിവിധ കലാമാധ്യമങ്ങളിലൂടെ രസകരമായി അവതരിപ്പിക്കാൻ കുട്ടികൾക്കു വീണുകിട്ടുന്ന അവസരമാണല്ലോ സ്കൂൾ വാർഷികവും ടാലന്റ് ഷോയും.



'വിശ്വാസം പ്രവൃത്തിയിലൂടെ' എന്ന സന്ദേശവുമായി കുട്ടികൾ അവരുടെ നൈസർഗിക കലാവാസനകൾ വിശ്വാസ പരിശീലന ക്ലാസുകളിൽ പഠിച്ച അറിവിന്റെ വെളിച്ചത്തിൽ വിവിധ കലാരൂപങ്ങളായി സ്റ്റേജിൽ അവതരിപ്പിച്ച് കാണികളുടെ പ്രശംസ പിടിച്ചുപറ്റി. മെയ് നാലിനു ശനിയാഴ്ച വൈകുന്നേരം അഞ്ചരമണി മുതൽ അരങ്ങേറിയ ഫിലാഡൽഫിയ സെന്റ് തോമസ് സീറോമലബാർ വിശ്വാസ പരിശീലന സ്കൂൾ വാർഷികവും സിസിഡി കുട്ടികളുടെ ടാലന്റ് ഷോയും വർണാഭമായി.

ചെറുപ്രായത്തിൽ ക്ലാസ്മുറിയിൽ നിന്നും കുട്ടികൾക്കു ലഭിച്ച വിശ്വാസവും സഭാപഠനങ്ങളും കൂദാശാധിഷ്ഠിത ജീവിതവും മാനുഷിക മൂല്യങ്ങളും പ്രകൃതിസ്നേഹവും ബൈബിൾ അധിഷ്ഠിതമായ അറിവും വൈവിധ്യമാർന്ന സ്റ്റേജ് പരിപാടികളിലൂടെ അവതരിപ്പിച്ച് എങ്ങനെ കാണികളായ മാതാപിതാക്കളെയും മതാദ്ധ്യാപകരെയും ത്രില്ലടിപ്പിക്കാം എന്നതായിരുന്നു പ്രീകെ മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള 230-ൽപരം കുട്ടികളുടെ മനസിൽ.

ശനിയാഴ്ച വൈകുന്നേരം 5.30-നു കൈക്കാരന്മാരായ ജോജി ചെറുവേലിൽ, ജോസ് തോമസ്, സജി സെബാസ്റ്റ്യൻ, ജെറി കുരുവിള, പാരീഷ് സെക്രട്ടറി ടോം പാറ്റാനിയിൽ, സൺഡേസ്കൂൾ പ്രിൻസിപ്പാൾ ജേക്കബ് ചാക്കോ, വൈസ് പ്രിൻസിപ്പാൾ ജോസ് മാളേയ്ക്കൽ, പിടിഎ പ്രസിഡണ്ട് ജോബി കൊച്ചുമുട്ടം, റവ. സി. അൽഫോൻസ്, ചെറുപുഷ്പ മിഷൻ ലീഗ് പ്രസിഡണ്ട് ലില്ലി ചാക്കോ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ജയിൻ സന്തോഷ്, മതാദ്ധ്യാപകർ, മാതാപിതാക്കൾ എന്നിവരെ സാക്ഷിയാക്കി ഇടവക വികാരി റവ. ഡോ. ജോർജ് ദാനവേലിൽ ഭദ്രദീപം തെളിച്ച് സിസിഡി വാർഷികാഘോഷങ്ങളും, ടാലന്റ് നൈറ്റും ഉദ്ഘാടനം ചെയ്തു. ഫാ. ദാനവേലിൽ മുഖ്യപ്രഭാഷണവും, ജേക്കബ് ചാക്കോ ആശംസയുമർപ്പിച്ചു. പ്രോഗ്രാം കോ-ഓർഡിനേറ്റർ ജയിൻ സന്തോഷ് ആമുഖ പ്രസംഗത്തിലൂടെ എല്ലാവരേയും സ്വാഗതം ചെയ്തു.

ജുവാന ജോമോന്റെ പ്രാർത്ഥനയോടെയും ഗ്ലോറിയാ സന്തോഷ്, അനിതാ അലക്സ്, താരാ ജോസഫ്, ഗ്രെയിസ് ജോസഫ്, ജെസെൽ മത്തായി എന്നിവരുടെ വിശേഷാൽ സമൂഹ നൃത്തത്തോടെയും ആരംഭിച്ച സിസിഡി നൈറ്റിൽ പ്രീകെ മുതൽ പന്ത്രണ്ടുവരെ എല്ലാ ക്ലാസുകളിലെയും കുട്ടികൾ വ്യത്യസ്തങ്ങളായ പരിപാടികൾ അവതരിപ്പിച്ചു. പ്രീകെ കുട്ടികളുടെ ആക്ഷൻ സോങ് മുതൽ പന്ത്രണ്ടാം ക്ലാസിന്റെ സമൂഹനൃത്തവും, മതാദ്ധ്യാപകരുടെ കൃതജ്ഞതാ ഗാനവും ശ്രദ്ധേയമായി.



എയ്ഡൻ ബിനു, ജോഹാൻ പൂവത്തുങ്കൽ, എമിലിൻ ജെയിംസ്, ജോയൽ സോബിൻ, വിൻസന്റ് ഐസക്ക് എന്നിവരുടെ സമാപന കൃതജ്ഞതാ ഗാനത്തോടെ സിസിഡി നൈറ്റിനു തിരശീല വീണു.

ബൈബിൾ സ്പെല്ലിങ്ങ് ബീ ചാമ്പ്യൻ ലിലി ചാക്കോ, റണ്ണർ അപ് ആയ ജോസ്‌ലിൻ ജോസഫ് എന്നിവർക്ക് മതാദ്ധ്യാപകരായ ഡോ. ബിന്ദു, ഡോ. ബ്ലെസി മെതിക്കളം എന്നിവർ സ്പോൺസർ ചെയ്ത കാഷ് അവാർഡും അംഗീകാര സർട്ടിഫിക്കറ്റും മതബോധന സ്കൂൾ മുൻ ഡയറക്ടർ ഡോ. ജെയിംസ് കുറിച്ചി നൽകി.

(ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.51 |
| യൂറോ | 90.04 |
| സ്റ്റെർലിംഗ്പൗണ്ട് | 104.62 |
| സ്വിസ് ഫ്രാങ്ക് | 92.05 |
| സിംഗപ്പൂർ ഡോളർ | 61.68 |
| കനേഡിയൻ ഡോളർ | 61.05 |
| ഒമാൻ റിയാൽ | 216.96 |
| ബഹ്റൈൻ ദിനാർ | 221.57 |
| സൗദി റിയാൽ | 22.27 |
| യു.എ.ഇ. ദിർഹം | 22.74 |
| കുവൈത്ത് ദിനാർ | 271.59 |




# ബെൻസൻവിൽ ക്നാനായ ഇടവകയിൽ കുട്ടികളുടെ ദിവ്യകാരുണ്യ സ്വീകരണം മെയ് 25-ന്

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിൽ ഈ വർഷത്തെ ആഘോഷമായ കുർബാന സ്വീകരണം മെയ് 25-ന് ശനിയാഴ്ച നടക്കും.

അന്നേ ദിവസം നാല് മണിക്ക് കോട്ടയം അതിരൂപത മെത്രാപ്പൊലീത്ത അഭി. മാർ മാത്യു മൂലക്കാട്ടിന്റെ മുഖ്യകാർമികത്വത്തിലും ഇടവക വികാരി ഫാ. തോമസ് മുളവനാൽ, ഫാ. സിജു മുടക്കോടിൽ, ഫാ. ബിൻസ് ചേത്തലിൽ, ഫാ. ജോഷി വലിയവീട്ടിൽ എന്നിവരുടെ സഹകാർമികത്വത്തിലും നടക്കുന്ന ദിവ്യബലിയിൽ ഇടവകയിലെ പതിനൊന്ന് കുഞ്ഞുങ്ങൾ ഈശോയെ സ്വീകരിക്കുന്നു.

ദിവ്യകാരുണ്യ സ്വീകരണശുശ്രൂഷകൾ ക്രമമായും ചിട്ടയായും ഭക്തിനിർഭരമായും നടക്കുന്നതിന് വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ നടന്ന് വരുന്നു എന്ന് മതബോധന ഡയറക്ടർ സഖറിയ ചേലയ്ക്കൽ അറിയിച്ചു. മഞ്ജു ചകിരിയാംതടത്തിൽ, ആൻസി ചേലയ്ക്കൽ എന്നിവരുടെ നേതൃത്വത്തിൽ കുട്ടികളെ പ്രത്യേകം ക്ലാസ്സുകൾ നടത്തി ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിനായി ഒരുക്കുന്നുണ്ട്. മേഘ അഞ്ചുകണ്ടത്തിൽ, ബഞ്ചമിൻ ഓളിയിൽ, അലീഷ മുണ്ടുപാലത്തിങ്കൽ, ഹന്നാ വാച്ചാച്ചിറ, ഡൈലൻ ചെരുവിൽ, നെവിൻ പണിക്കശേരിൽ, സിറിയക് അരിക്കാട്ട്, ഗ്രെയ്സ് ആക്കാത്തറ, സാമുവൽ തേവർമറ്റം, സയാന ഒറവക്കുഴിയിൽ, മിലിറ്റ് പുത്തൻപുരയിൽ എന്നിവരാണ് ഇടവകയിലെ ദിവ്യകാരുണ്യം സ്വീകരിക്കുന്ന കുട്ടികൾ. മെയ് 18-ന് ശനിയാഴ്ച ദൈവാലയത്തിൽവെച്ച് ഇവരുടെ ആദ്യ കുമ്പസാരം നടക്കും. ഇടവകയുടെ ആഘോഷനിർഭരമായ ചടങ്ങിനായി കുഞ്ഞുങ്ങളും മാതാപിതാക്കളും ഇടവകസമൂഹം മുഴുവനും സന്തോഷത്തോടെയും പ്രാർത്ഥനയോടെയും നടത്തുന്ന ഒരുക്കങ്ങൾ എല്ലാം പൂർത്തിയായിക്കൊണ്ടിരിക്കുന്നു എന്ന് വികാരി ഫാ. തോമസ് മുളവനാൽ, അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങളായ തോമസ്സ് നെടുവാമ്പുഴ, സാബു മുത്തോലം, മത്തിയാസ് പുല്ലാപ്പള്ളിൽ, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപറമ്പിൽ എന്നിവർ അറിയിച്ചു.




# വിവാദ പരാമർശം; ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ചെയർമാൻ സ്ഥാനം സാം പിത്രോദ രാജിവെച്ചു

ന്യൂഡൽഹി: ഇന്ത്യയിലെ ജനങ്ങളുടെ വൈവിധ്യത്തെക്കുറിച്ചു സാം പിത്രോദ നടത്തിയ പരാമർശം വംശീയ അധിക്ഷേപമാണെന്ന് ആരോപിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി കോൺഗ്രസിനെ കടന്നാക്രമിച്ചു. കോൺഗ്രസ് തള്ളിപ്പറഞ്ഞതിനു പിന്നാലെ പിത്രോദ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ചെയർമാൻ സ്ഥാനം രാജിവെച്ചു. 'കിഴക്കുള്ളവരെ കണ്ടാൽ ചൈനക്കാരെപ്പോലെയും തെക്കുള്ളവർ ആഫ്രിക്കക്കാരെപ്പോലെയും വടക്കുള്ളവർ വെള്ളക്കാരെപ്പോലെയും പടിഞ്ഞാറുള്ളവർ അറബികളെപ്പോലെയും ആണെങ്കിലും എല്ലാവരും സഹോദരങ്ങളാണ്' എന്നു മാധ്യമ അഭിമുഖത്തിൽ പിത്രോദ പറഞ്ഞതാണ് മോദി വിവാദമാക്കിയത്.



ഇതിൽ 'തെക്കുള്ളവർ ആഫ്രിക്കക്കാരെപ്പോലെ' എന്ന പ്രയോഗം പ്രത്യേകമായെടുത്ത് ഇന്ത്യക്കാരെ നിറത്തിന്റെ പേരിൽ അപമാനിക്കുകയാണെന്ന വാദവുമായി മോദി രംഗത്തെത്തി. രാഹുൽ ഗാന്ധി ഇതിനു മറുപടി പറയണമെന്നും ആവശ്യപ്പെട്ടു. രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ നിറത്തിന്റെ പേരിലാണ് ദ്രൗപദി മുർമുവിനെ കോൺഗ്രസ് തോൽപിക്കാൻ ശ്രമിച്ചതെന്നും ആരോപിച്ചു.

കോൺഗ്രസ് ബന്ധം ഉപേക്ഷിച്ച് തമിഴ്നാട്ടുകാരുടെ ആത്മാഭിമാനം ഉയർത്തിപ്പിടിക്കാൻ മുഖ്യമന്ത്രി സ്റ്റാലിൻ തയാറുണ്ടോയെന്നും വെല്ലുവിളിച്ചു. മണിപ്പൂർ മുഖ്യമന്ത്രി എൻ. ബീരേൻ സിങ്, അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ അടക്കമുള്ളവരും വിവാദം ഏറ്റുപിടിച്ചു. പിത്രോദയുടെ വാക്കുകൾ അംഗീകരിക്കാൻ കഴിയില്ലെന്ന നിലപാടാണ് എഐസിസി ജനറൽ സെക്രട്ടറി ജയറാം രമേശും സ്വീകരിച്ചത്. പിത്രോദയുടെ പ്രസ്താവനയെ ഇന്ത്യാസഖ്യത്തിലുള്ള ആരും പിന്തുണയ്ക്കുന്നില്ലെന്ന് ആം ആദ്മി പാർട്ടി എംപി സഞ്ജയ് സിങ്ങും പറഞ്ഞു.

# നേഴ്സുമാരുടെ വിജയകഥ പങ്കുവെച്ച് ഐറിഷ് പാർലമെന്റിൽ മിട്ടു

കൊച്ചി: ഐറിഷ് പാർലമെന്റിൽ പ്രസംഗിച്ചതിന്റെ സന്തോഷത്തിൽ കൊച്ചി കടവന്ത്ര സ്വദേശി മിട്ടു ഫാബിൻ ആലുങ്കൽ. അയർലൻഡിൽ കുടിയേറുന്ന നേഴ്സുമാരുടെ വിജയകഥ നേഴ്സിങ് ദിനാചരണത്തിന്റെ ഭാഗമായി അവതരിപ്പിക്കാൻ തെരഞ്ഞെടുക്കപ്പെടുകയായിരുന്നു.



17 വർഷം മുൻപാണ് അയർലൻഡിൽ എത്തിയത്. ഡബ്ലിനിൽ നേഴ്സിങ് ഹോമിൽ ഡയറക്ടർ ഓഫ് നേഴ്സിങ് ആയി ജോലി നോക്കുന്നു. അയർലൻഡിലേക്കു കുടിയേറുന്ന നേഴ്സുമാരെ സഹായിക്കുന്ന സംഘടനാ പ്രതിനിധിയും നേഴ്സസ് ആൻഡ് മിഡ്വൈഫ് ബോർഡ് ഓഫ് അയർലൻഡ് അംഗവുമാണ്.

ഇന്ത്യയിൽ ഒരു മധ്യവർഗ കുടുംബത്തിൽ ജനിച്ച താൻ എങ്ങനെ അയർലൻഡിൽ എത്തി എന്ന കഥയാണു മിട്ടു പങ്കുവെച്ചത്. നേഴ്സിങ് ജോലി, അയർലൻഡിൽ നേരിട്ട പ്രതിബന്ധങ്ങൾ ഇവയൊക്കെ പറഞ്ഞു. പരേതരായ ഫാബിൻ ലോപ്പസ്-ഷീല ആലുങ്കൽ ദമ്പതികളുടെ മകളാണ്. ഭർത്താവ് ഷിബു അയർലൻഡിൽ നേഴ്സ് മാനേജരാണ്.



# ബാങ്ക് ജീവനക്കാർ എടുക്കുന്ന വായ്പയിൽ ലാഭിക്കുന്ന തുകയ്ക്ക് നികുതി ഈടാക്കാം: സുപ്രീം കോടതി

ന്യൂഡൽഹി: ബാങ്കുകൾ അവരുടെ ജീവനക്കാർക്കു നൽകുന്ന പലിശരഹിതമോ കുറഞ്ഞ പലിശയോടെ ഉള്ളതോ ആയ വായ്പകളിലൂടെ ലാഭിക്കുന്ന പണം ആദായനികുതിയുടെ പരിധിയിൽ വരുമെന്നു സുപ്രീം കോടതി വ്യക്തമാക്കി.

പൊതുമേഖല ബാങ്കുകളിൽ തൊഴിലെടുക്കുന്ന ആയിരക്കണക്കിനു ജീവനക്കാർക്കു തിരിച്ചടിയാകുന്നതാണ് തീരുമാനം. ആദായനികുതി നിയമത്തിലെ 17(2)(8), ആദായനികുതി ചട്ടത്തിലെ 3(7)(1) വകുപ്പുകളുടെ സാധ്യത ശരിവെച്ചുകൊണ്ടാണ് ജഡ്ജിമാരായ സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവരുടെ ബെഞ്ച് ഇക്കാര്യം വ്യക്തമാക്കിയത്.

സ്വന്തം ജീവനക്കാർക്കുള്ള ആനുകൂല്യമായി നൽകുന്ന ഇത്തരം വായ്പകളിലൂടെ നേടുന്ന ലാഭത്തിന് ഈ വകുപ്പുകളുടെ പിൻബലത്തിൽ നികുതി ഈടാക്കാൻ അനുമതി നൽകിയതാണ് ഹർജിയിൽ ചോദ്യം ചെയ്തിരുന്നത്. 'നികുതി രഹിതമോ വായ്പാനിരക്ക്' കുറഞ്ഞതോ ആയ വായ്പകൾ ജീവനക്കാർക്ക് ലഭിക്കുന്ന സവിശേഷ ആനുകൂല്യമാണ്. പതിവ് വരുമാനത്തിനു മുകളിലുള്ളൊരു ആനുകൂല്യമാണത്. അതുകൊണ്ടുതന്നെ നികുതി ഈടാക്കാം'- കോടതി വ്യക്തമാക്കി.

ഓൾ ഇന്ത്യ ബാങ്ക് ഓഫീസേഴ്സ് കോൺഫെഡറേഷനും ഒട്ടേറെ ബാങ്കുകളിലെ ജീവനക്കാരുടെയും ഓഫീസർമാരുടെയും സംഘടനകളും ചേർന്നു നൽകിയ ഹർജികൾ പരിഗണിച്ചാണ് നടപടി.

## ഖാർഗെയുടെ കോപ്റ്ററിലും പരിശോധന

ന്യൂഡൽഹി: കോൺഗ്രസ് ദേശീയാദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ സഞ്ചരിച്ച ഹെലികോപ്റ്ററിൽ പരിശോധന നടത്തി തെരഞ്ഞെടുപ്പ് കമ്മീഷൻ അധികൃതർ. ബിഹാറിലെ സമസ്തിപൂരിലായിരുന്നു സംഭവം. പരിശോധനയ്ക്കെതിരെ പ്രതിഷേധവുമായി കോൺഗ്രസ് രംഗത്തുവന്നു.

“രാഹുൽ ഗാന്ധിക്കു പിന്നാലെ ഇപ്പോൾ മല്ലികാർജുൻ ഖാർഗെയുടെ ഹെലികോപ്ടറും തെരഞ്ഞെടുപ്പ് കമ്മീഷനും പോലീസും പരിശോധിച്ചിരിക്കുന്നു. പ്രതിപക്ഷത്തോടുള്ള തെരഞ്ഞെടുപ്പ് കമ്മീഷന്റെ ദുരുദ്ദേശ്യപരമായ പെരുമാറ്റമാണ് ഇതു വെളിവാക്കുന്നത്. ഇത് ജനാധിപത്യത്തെ ഇല്ലാതാക്കും” ബിഹാറിലെ കോൺഗ്രസ് വക്താവ് രാജേഷ് റാത്തോർ പറഞ്ഞു. ബിജെപി നേതാക്കൾക്കും അത്തരത്തിൽ പരിശോധന ഏർപ്പെടുത്തുന്നുണ്ടോയെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കണമെന്നും അദ്ദേഹം പറഞ്ഞു. പ്രതിപക്ഷ നേതാക്കളെ തെരഞ്ഞുപിടിച്ചു വേട്ടയാടുകയാണെന്നു റാത്തോർ ആരോപിച്ചു.

## ഡ്രഡ്ജർ അഴിമതി കേസ്: ഡച്ച് കമ്പനിക്ക് ചോദ്യാവലി തയാറാക്കി വിജിലൻസ്

കൊച്ചി: മുൻ ഡിജിപി ജേക്കബ് തോമസിനെതിരായ ഡ്രഡ്ജർ അഴിമതി കേസിൽ ഡച്ച് കമ്പനിയായ ഐഎച്ച്സി ബീവെറിനു നൽകാൻ ചോദ്യാവലി തയാറാക്കി വിജിലൻസ്.

കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചാൽ, കത്തു കൈമാറും. കരാർ ഉറപ്പിക്കുംമുമ്പു ഡച്ച് കമ്പനി പ്രതിനിധികൾ ജേക്കബ് തോമസിനെ വന്നുകണ്ടതു ക്രിമിനൽ ഗൂഢാലോചനയാണെന്നാണു വിജിലൻസിന്റെ നിഗമനം. ഇക്കാര്യത്തിൽ വിശദീകരണം തേടിയാണു ചോദ്യാവലി തയാറാക്കിയത്. ജേക്കബ് തോമസുമായി കൂടിക്കാഴ്ച നടത്തിയെന്നതു വാസ്തവമാണോ, എന്തിനാണു വന്നുകണ്ടത്, ആരെല്ലാമാണു സംഘത്തിൽ ഉണ്ടായിരുന്നത്, സർക്കാരിന്റെ അറിവോടെയായിരുന്നോ തുടങ്ങിയ ചോദ്യങ്ങളാണു ചോദ്യാവലിയിലുള്ളത്.

ചെളി കോരി മാറ്റാനുള്ള പൈപ്പ് കരാറിലുണ്ടായിരുന്നെങ്കിലും ഡ്രഡ്ജറിനൊപ്പം കിട്ടിയില്ല. ഇതു അഴിമതിയാണെന്നാണു വിജിലൻസിന്റെ വാദം. ഹോളണ്ടിലെ കമ്പനിയുമായി കരാർ ഉണ്ടാക്കാൻ ജേക്കബ് തോമസ് പ്രത്യേകം താൽപര്യമെടുത്തു. പൊതുമേഖലാ സ്ഥാപനമായ ഭെല്ലിനെ മറികടന്നു ക്രമവിരുദ്ധമായാണു ഡച്ച് കമ്പനിയ്ക്കു കരാർ നൽകിയത്. ക്വട്ടേഷൻ നൽകിയാൽ പൊതുമേഖലാ സ്ഥാപനത്തിനു നൽകണമെന്നാണു ചട്ടം. എന്നാൽ, ഈ ചട്ടം നിയമവിരുദ്ധമായി മറികടന്നു ഡച്ച് കമ്പനിയ്ക്കു കരാർ നൽകുകയായിരുന്നു.

നിർണായക രേഖയായ മിനുട്സ് ബുക്ക് ഇതുവരെ കണ്ടെത്താൻ കഴിയാത്തത് അന്വേഷണത്തിൽ തിരിച്ചടിയാണ്. പഴയകേസായതിനാൽ, തെളിവുകൾ ലഭിക്കാൻ പ്രയാസമാണെന്നതും വിജിലൻസിനെ കുഴയ്ക്കുന്നു.

ഇതിനിടെ, അന്വേഷണത്തിനു അടുത്തമാസം 30 വരെ സുപ്രീം കോടതി സമയം നീട്ടി നൽകിയിട്ടുണ്ട്. ഡച്ച് കമ്പനിയുടെ വിവരങ്ങൾ തേടി രണ്ടുവർഷം മുമ്പു കേരളം കേന്ദ്രത്തെ സമീപിച്ചിരുന്നു. ഇതിന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് ലെറ്റർ റോഗടറി കൈമാറിയതുമാണ്. എന്നാൽ, ഇതുവരെ മറുപടി ലഭിക്കാത്തതിനെ തുടർന്നാണു വീണ്ടും കത്തയച്ചത്.

ആഭ്യന്തര മന്ത്രാലയത്തിന്റെ തീരുമാനത്തിനു കാത്തിരിക്കുകയാണെന്നു വിജിലൻസ് സുപ്രീം കോടതിയെ അറിയിച്ചു. കേന്ദ്ര ഇടപെടൽ കൂടി ഉണ്ടായാലേ അന്വേഷണത്തിൽ കൂടുതൽ പുരോഗതിയുണ്ടാക്കാനാകൂ. ഇതു കണക്കിലെടുത്ത് ഉത്തരവിന്റെ പകർപ്പു കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിനു നൽകാനും കോടതി നിർദേശിച്ചിട്ടുണ്ട്.

അതേസമയം, ഡ്രഡ്ജർ ഇടപാടുമായി ബന്ധപ്പെട്ടു നടത്തിയ അന്വേഷണത്തിൽ സുപ്രധാന തെളിവുകളോ രേഖകളോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് വിജിലൻസ് സുപ്രീം കോടതിയിൽ നൽകിയ റിപ്പോർട്ടിൽ പറയുന്നത്. സംസ്ഥാന തുറമുഖ വകുപ്പിന്റെ ഡയറക്ടർ പദവിയിലിരിക്കുമ്പോൾ വിദേശ കമ്പനിയിൽനിന്നു ഡ്രഡ്ജർ വാങ്ങിയ ഇടപാടിൽ സംസ്ഥാന സർക്കാരിനു 20 കോടി രൂപയുടെ നഷ്ടമുണ്ടാക്കിയെന്നാണു ജേക്കബ് തോമസിനെതിരായ ആരോപണം.

## തെരുവുനായ പ്രശ്നം തീർപ്പാക്കി സുപ്രീംകോടതി

ന്യൂഡൽഹി: തെരുവുനായ പ്രശ്നവുമായി ബന്ധപ്പെട്ട ഹർജികൾ തീർപ്പാക്കി സുപ്രീംകോടതി.

2023-ൽ പുതിയ മൃഗ ജനനനിയന്ത്രണ ചട്ടം (എബിസി) നിലവിൽ വന്നതിനാൽ ഹർജിയിൽ ഇടപെടാൻ സാധിക്കില്ലെന്നും അതത് ഹൈക്കോടതികളെ സമീപിക്കാമെന്നും ജസ്റ്റിസ് ജെ.കെ. മഹേശ്വരി, സഞ്ജീവ് കൗർ എന്നിവരുൾപ്പെട്ട ബെഞ്ച് വ്യക്തമാക്കി.

കേരളം ഉൾപ്പെടെ മിക്ക സംസ്ഥാനങ്ങളുടെയും വിവിധ സംഘടനകളുടെയും ഹർജിയാണ് സുപ്രീംകോടതി പരിഗണിച്ചത്.

2001-ലെ എബിസി ചട്ടപ്രകാരം കേരള, കർണാടക, ബോംബെ ഹൈക്കോടതികൾ വ്യത്യസ്ത വിധി പുറപ്പെടുവിച്ചിരുന്നു. തെരുവുനായ്ക്കളെ കൊല്ലാമെന്ന് ബോംബെ ഹൈക്കോടതി വിധിച്ചപ്പോൾ പാടില്ലെന്ന് കേരള, കർണാടക ഹൈക്കോടതികൾ വിധിച്ചു.

പുതിയ എബിസി ചട്ടം നിലവിൽ വന്നതിനാൽ തത്കാലം ഈ കേസിലേക്ക് കടക്കുന്നില്ലെന്ന് സുപ്രീംകോടതി പറഞ്ഞു. തെരുവുനായ്ക്കളെ വന്ധ്യംകരണം ചെയ്യുന്നത് അടക്കമുള്ള വ്യവസ്ഥകൾ പുതിയ എബിസി ചട്ടത്തിലുണ്ട്.

അതിനാൽ, പുതിയ എബിസി ചട്ടപ്രകാരമുള്ള ഹൈക്കോടതികളുടെ വിധിയിൽ തർക്കമുണ്ടെങ്കിൽ സുപ്രീം കോടതിയെ സമീപിക്കാമെന്നും ബെഞ്ച് വ്യക്തമാക്കി. ഹർജി അന്തിമവിധി പറയുന്നതിനായി മാറ്റിവെച്ചു.

## മുന്നണിയിൽ തർക്കം

(3-ാം പേജിൽനിന്നും)

എൽഡിഎഫ് പ്രവേശനത്തിനു പിന്നാലെ 2021 ജനുവരിയിൽ ജോസ് കെ. മാണി രാജിവെച്ചിരുന്നു. നവംബറിൽ എൽഡിഎഫിന്റെ ഭാഗമായി ഇതേ സീറ്റിൽ വിജയിച്ചു. ജോസ് കെ. മാണിയുടെ സീറ്റാണ് എന്നതിൽ തർക്കത്തിന്റെ കാര്യമില്ലെന്നു കേരള കോൺഗ്രസ് എം വാദിക്കുന്നു.

2027 ഏപ്രിൽ വരെ കാലാവധിയുള്ള ജോൺ ബ്രിട്ടാസ്, വി. ശിവദാസൻ (സിപിഎം), പി.വി. അബ്ദുൾ വഹാബ് (ലീഗ്) എന്നിവരും 2028 ഏപ്രിൽ വരെ കാലാവധിയുള്ള എ.എ. റഹിം (സിപിഎം), പി. സന്തോഷ്കുമാർ (സിപിഐ), ജെബി മേത്തർ (കോൺഗ്രസ്) എന്നിവരാണ് കേരളത്തിൽ നിന്നുള്ള മറ്റു രാജ്യസഭാംഗങ്ങൾ.

## കപ്പലിടിച്ച് രണ്ട് മരണം

(3-ാം പേജിൽനിന്നും)

ബോട്ടിലുണ്ടായിരുന്ന ആറു പേരിൽ നാലു പേരെ കപ്പലിൽ ഉണ്ടായിരുന്നവർ രക്ഷപ്പെടുത്തി. കടലിൽ മുങ്ങിപ്പോയ ബാക്കി രണ്ടു പേർക്കായി നടത്തിയ തെരച്ചിലിലാണ് ഇവരുടെ മൃതദേഹങ്ങൾ കണ്ടെത്തിയത്. അപകടമുണ്ടാക്കുന്ന വിധം തീരത്തോടു ചേർന്നാണ് കപ്പൽ സഞ്ചരിച്ചിരുന്നതെന്ന് മത്സ്യത്തൊഴിലാളികൾ പറഞ്ഞു. പൊന്നാനിയിൽ നിന്ന് 38 നോട്ടിക്കൽ മൈൽ അകലെയാണ് അപകടമുണ്ടായത്.

## മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പൊലീത്ത

(3-ാം പേജിൽനിന്നും)

കെ.പി. യോഹന്നാൻ എന്നായിരുന്നു മെത്രാപ്പൊലീത്തയാകും മുൻപുള്ള പേര്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ 'ഗോസ്പൽ ഫോർ ഏഷ്യ' സാമൂഹിക-സേവന പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. പ്രശസ്ത ആത്മീയ പ്രസംഗകനായിരുന്ന ഡോ. കെ.പി. യോഹന്നാന്റെ നേതൃത്വത്തിൽ 2003-ലാണു ബിലീവേഴ്സ് ചർച്ച് സ്വതന്ത്ര സഭയായി പ്രവർത്തനം ആരംഭിച്ചത്. 2003-ൽ സഭയുടെ സ്ഥാപക ബിഷപ്പായി.

16-ാം വയസ്സിൽ ഓപ്പറേഷൻ മൊബിലൈസേഷൻ എന്ന സംഘടനയുടെ ഭാഗമായി. 1974-ൽ ഡാളസിൽ വൈദ്യശാസ്ത്ര പഠനത്തിനു ചേർന്നു. തുടർന്നു പാസ്റ്ററായി പ്രവർത്തനം തുടങ്ങി. ഇതേ മേഖലയിൽ സജീവമായിരുന്ന ജർമൻ പൗര ഗിസിലയെ വിവാഹം ചെയ്തു. 1978-ലാണു ഭാര്യയുമായി ചേർന്നു ഗോസ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനം ആരംഭിച്ചത്. നീണ്ട വിദേശവാസത്തിനു ശേഷം തിരുവല്ല ആസ്ഥാനമായി പ്രവർത്തിക്കാൻ തീരുമാനിച്ചു. മക്കൾ: ഡാനിയൽ മാർ തിമോത്തിയോസ് (ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്, യുഎസ്), സാറാ ജോൺസൺ. മരുമക്കൾ: എറീക്കാ പുന്നൂസ്, ഫാ. ഡോ. ഡാനിയൽ ജോൺസൺ (ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് സഭാ സെക്രട്ടറി).

## കെജ്‌രിവാളിന് ഇടക്കാല ജാമ്യം

(3-ാം പേജിൽനിന്നും)

**പത്ത് ഉറപ്പുകൾ:** 24 മണിക്കൂറും പാവപ്പെട്ടവർക്ക് സൗജന്യ വൈദ്യുതി. സർക്കാർ സ്കൂളുകൾ മെച്ചപ്പെടുത്തും; സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കും. ഇന്ത്യയിലെ എല്ലാ ജില്ലകളിലും മൾട്ടി സ്പെഷാലിറ്റി ആശുപത്രികൾ സ്ഥാപിക്കും; എല്ലാ ഗ്രാമങ്ങളിലും സൗജന്യ ചികിത്സ നൽകുന്നതിനായി മൊഹല്ല ക്ലിനിക്കുകൾ സ്ഥാപിക്കും. ചൈന കൈയടക്കിയ ഭൂമി തിരിച്ചുപിടിക്കാൻ സൈന്യത്തിന് പൂർണ സ്വാതന്ത്ര്യം നൽകും. അഗ്നിവീർ നിർത്തലാക്കും; നിലവിലുള്ളവരെ സ്ഥിരപ്പെടുത്തും. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം വിളകൾക്ക് മിനിമം താങ്ങുവില. ഡൽഹിക്ക് പൂർണ സംസ്ഥാന പദവി. അടുത്ത ഒരുവർഷം രണ്ടു കോടി തൊഴിലവസരങ്ങൾ. അഴിമതിവിരുദ്ധ നടപടികൾ ശക്തമാക്കും. ജിഎസ്ടി ലഘൂകരിക്കും.

മദ്യനയക്കേസിൽ അറസ്റ്റിലായി 50-ാം ദിവസം ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് സുപ്രീം കോടതി ഉപാധികളോടെ ഇടക്കാല ജാമ്യം അനുവദിച്ചു. തെരഞ്ഞെടുപ്പു പ്രചാരണത്തിൽ പങ്കെടുക്കാനാണു ജാമ്യം അനുവദിച്ചത്. മുഖ്യമന്ത്രിയുടെ ഓഫീസിലോ ഡൽഹി സെക്രട്ടേറിയറ്റിലോ പോകരുത് എന്നതുൾപ്പെടെ വ്യവസ്ഥയുണ്ട്. ഇന്ത്യാസഖ്യത്തിന് ഊർജമേകുന്നതായിരുന്നു കെജ്‌രിവാളിന്റെ മോചനം. ആംആദ്മി പാർട്ടിക്ക് ഏറെ സ്വാധീനമുള്ള ഡൽഹിയിലും ഹരിയാനയിലും 25-നാണു തെരഞ്ഞെടുപ്പ്. പഞ്ചാബിൽ ജൂൺ ഒന്നിനും. ജൂൺ ഒന്നു വരെ 21 ദിവസത്തേക്കാണു ജാമ്യ കാലാവധി. രണ്ടിനു തിരികെ ജയിലിലേക്കു മടങ്ങണമെന്നു ജഡ്ജിമാരായ സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.

പ്രചാരണത്തിൽ സജീവമാകാമെന്നതു കെജ്‌രിവാളിന് ആശ്വാസമാണ്. അഴിമതിക്കാരനായി ചിത്രീകരിച്ചു തെരഞ്ഞെടുപ്പു പ്രചാരണത്തിൽനിന്നു ഒഴിവാക്കാമെന്ന ബിജെപിയുടെ കണക്കുകൂട്ടലിനും കോടതിയുടെ തീരുമാനം തിരിച്ചടിയായി. ഇടക്കാല ജാമ്യത്തെ എതിർത്ത് ഇഡി ഉയർത്തിയ പ്രധാന വാദങ്ങളിലൊന്ന് അംഗീകരിച്ചുകൊണ്ടാണ് സുപ്രീംകോടതി ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് അനുകൂലമായി നിലപാട് എടുത്തത്. മദ്യനയക്കേസിൽ ഹാജരാകാൻ ഒൻപത് തവണ നോട്ടീസ് നൽകിയിട്ടും കെജ്‌രിവാൾ ഹാജരായില്ലെന്നായിരുന്നു ഇഡിയുടെ പ്രധാന വാദങ്ങളിലൊന്ന്.

ജാമ്യം നൽകുന്നത് രാഷ്ട്രീയക്കാർക്കു പ്രത്യേക പരിഗണന നൽകുന്നതാകുമെന്ന് ഇഡി വാദിച്ചെങ്കിലും കേസിലെ മറ്റു സാഹചര്യങ്ങൾക്കു മുൻതൂക്കം നൽകേണ്ടതുണ്ടെന്നു കോടതി വ്യക്തമാക്കി.

കുറച്ചുകൂടി ഉദാരവും സമഗ്രവുമായ സമീപനം കെജ്‌രിവാളിന്റെ കാര്യത്തിലെടുക്കുന്നതു നീതികരിക്കപ്പെടുമെന്നും കോടതി വിലയിരുത്തി. ഇഡിയുടെ ശക്തമായ എതിർപ്പിനെ അവഗണിച്ചാണ് ജാമ്യം അനുവദിച്ചത്. കെജ്‌രിവാൾ ക്രിമിനൽ പശ്ചാത്തലമുള്ളയാളോ സമൂഹത്തിനു ഭീഷണിയോ അല്ലെന്ന് ഉത്തരവിൽ കോടതി വ്യക്തമാക്കി. ഗുരുതര ആരോപണങ്ങളാണ് ഉയർന്നതെങ്കിലും കുറ്റക്കാരനാണെന്നു കണ്ടെത്തിയിട്ടില്ലെന്നും കെജ്‌രിവാൾ ഡൽഹി മുഖ്യമന്ത്രിയും ദേശീയ പാർട്ടിയുടെ നേതാവുമാണെന്നും കോടതി ചൂണ്ടിക്കാട്ടി.

ജാമ്യാപേക്ഷ നൽകാതെ അറസ്റ്റ് നിയമവിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടിയായിരുന്നു കെജ്‌രിവാളിന്റെ ഹർജി. അതിലെ വാദം നീണ്ടുപോകുമെന്നതു കൂടി പരിഗണിച്ചാണ് ഹർജിക്കാരൻ ആവശ്യപ്പെടാതെ തന്നെ ജാമ്യം നൽകിയത്.

ഉത്തരവു പുറത്തുവന്നയുടൻ ആംആദ്മി പാർട്ടി പ്രവർത്തകർ ഡൽഹിയിലെമ്പാടും ആഘോഷ പരിപാടികൾ നടത്തി.

# SEEKING BRIDEGROOM

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US.
Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a profe-ssional background.

If interested, please email at **k64abraham@gmail.com** or **630-748-9314.**

# SEEKING BRIDE

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girls who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

## SEEKING BRIDEGROOM CONTD.....

KERALA EXPRESS

# നിര്യാതരായി

## തോമസ് ജോർജ്

**പുതുപ്പള്ളി:** പൂണെ കിർലോസ്കർ റിട്ട. എഞ്ചിനീയർ പുമറ്റം മുളയ്ക്കൽ (ഗ്രേസ് ഭവൻ) തോമസ് ജോർജ് (പൊന്നച്ചൻ-82) അന്തരിച്ചു. ഭാര്യ: കണിയാംകുളം പരേതയായ ഗ്രേസി തോമസ്. മക്കൾ: സുജ (യുഎസ്), സുഷ (ചെന്നൈ). മരുമക്കൾ: മനു മാടപ്പാട്ടിൽ (യുഎസ്), റോണി കരോലീന (ചെന്നൈ).

**കോട്ടയം:** തലവടി മാലിയിൽ പരേതനായ റവ. എം.ടി. ഫിലിപ്പിന്റെ ഭാര്യ മേരി ഫിലിപ് (മണി-78) അന്തരിച്ചു.

**കറ്റാനം:** വടക്കേടത്ത് ഡോ. തോമസ് വർഗീസിന്റെയും മിനിയുടെയും മകൻ റാണ തോമസ് (46) അന്തരിച്ചു.

## ചെറിയാൻ കുര്യാക്കോസ്




**അറ്റ്ലാന്റാ:** തൃശൂർ കണ്ണാറ വരിക്കലായിൽ ചെറിയാൻ കുര്യാക്കോസ് (72) അറ്റ്ലാന്റായിൽ അന്തരിച്ചു. ഭാര്യ മേഴ്സി കണ്ണാറ വൻമേലിൽ കുടുംബാംഗമാണ്. മക്കൾ: ജെസെൻ, ജെസ്സി. മരുമക്കൾ: റോസി, വെസ്ലി (എല്ലാവരും അറ്റ്ലാന്റാ).

**തലയോലപ്പറമ്പ്:** ബിഎസ്എൻഎൽ റിട്ട. ഉദ്യോഗസ്ഥൻ വയലാപറമ്പിൽ വി.കെ. തോമസ് (79) അന്തരിച്ചു.

**പെരുമ്പാവൂർ:** വിദ്യാഭ്യാസ വകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ ഒക്കൽ ചേലാമറ്റം നിർമാല്യം വീട്ടിൽ സൂര്യകുമാർ (82) അന്തരിച്ചു.

## തോമസ് ഏബ്രഹാം



ഹൂസ്റ്റൺ: റാന്നി ഐത്തല കിഴക്കേമുറിയിൽ തോമസ് ഏബ്രഹാം (തങ്കച്ചൻ) ഹൂസ്റ്റണിൽ അന്തരിച്ചു. പരേതന്റെ ഭാര്യ മറിയാമ്മ കല്ലിശ്ശേരി ആലുംമൂട്ടിൽ കുടുംബാംഗമാണ്. മക്കൾ: ബിജു (ഫ്ളോറിഡ), ടോം (ഹൂസ്റ്റൺ), സുജ (ന്യൂയോർക്ക്), റെജീന (ന്യൂയോർക്ക്), റെനി (ടാമ്പാ), സോണി (ഹൂസ്റ്റൺ). മരുമക്കൾ: ബെനോ (കളരിക്കൽ), ഷൈനി (അറയ്ക്കപെരുമേത്ത്), ജെയിംസ് (ചെറിയമൂഴിയിൽ), സജു (കണ്ണംകുഴയത്ത്), ലോമോൻ (തറയിൽ), ലവ്‌ലിൻ (മാലിയിൽ). എല്ലാവരും യുഎസ്.

**മീനടം:** തുരുത്തിപറമ്പിലായ കരുന്നാട്ട് അന്നമ്മ കുര്യാക്കോസ് (97) അന്തരിച്ചു.

## ശോശാമ്മ കുര്യൻ

**മീനടം:** പാലാക്കുന്നേലായ മധുരംചേരിൽ ശോശാമ്മ കുര്യൻ (84) അന്തരിച്ചു. മണർകാട് ഒറ്റപ്ലാക്കൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ കുര്യൻ മത്തായി. മക്കൾ: എം.കെ. മാത്യു, ഷീബ (യുഎസ്). മരുമക്കൾ: ബിന്ദു മാത്യു കാവികുന്നേൽ (നേഴ്സ്, മന്ദിരം ആശുപത്രി, മാങ്ങാനം), അനിയൻകുഞ്ഞ് കദളിക്കാട്ടിൽ തടിയൂർ (യുഎസ്).

**നെടുമുടി:** തെക്കേമുറി പതിനഞ്ചിൽ ചിറയിൽ റോസമ്മ ആന്റണി (86) അന്തരിച്ചു.

# മേരി ജോസഫ് പാണ്ടിക്കാട്ട് അന്തരിച്ചു



പരേതനായ അരീക്കര പാണ്ടിക്കാട്ട് ജോസഫിന്റെ ഭാര്യ മേരി ജോസഫ് (91) മെയ് അഞ്ചിന് ഞായറാഴ്ച വാർദ്ധക്യ സഹജമായ രോഗത്താൽ ഹൂസ്റ്റണിൽ അന്തരിച്ചു. പരേത താമരക്കാട് വെളിയത്ത് കുടുംബാംഗമാണ്. മക്കൾ: ചിന്നമ്മ, ഏലിക്കുട്ടി & തോമസ്സ് മൂക്കേട്ട്, റവ. കുരുവിള പാണ്ടിക്കാട്ട് എസ്ജെ, എബ്രഹാം & ലിസ്സി (മണ്ണാരുമറ്റത്തിൽ) പാണ്ടിക്കാട്ട്, ജസ്സി & സ്റ്റീഫൻ കല്ലിടിക്കിൽ, അൽഫോൻസാ & ജോസഫ് മൂലക്കാട്ട്. ഗ്രാൻഡ് ചിൽഡ്രൻ: ജോസ് & ജൂലി നെല്ലികുഴിയിൽ, ടീനാ & ജെറാൾഡ് വിജയ്, ടിൻസി & ജിൻജോ, സബിൻ & അനുമോൾ പാണ്ടിക്കാട്ട്, സബിതാ & അജോ പടപുരയ്ക്കൽ, ടോം & സ്റ്റെഫി കല്ലിടിക്കിൽ, ടോബിൻ കല്ലിടിക്കിൽ, മീരാ & ജോയൽ കുഴിവേലിൽ, ക്രിസ്റ്റിമോൾ & നവീൻ ഊന്നുകല്ലേൽ, ഷെറിൻ മൂലക്കാട്ട്, ഗ്രേറ്റ് ഗ്രാൻഡ് ചിൽഡ്രൻ: ആൽവിൻ നെല്ലിക്കുഴിയിൽ, ആൽബർട്ട് നെല്ലിക്കുഴിയിൽ, ജോനത്തൻ ജെ.ആർ, ജെറമി ജെ.ആർ, ഐഡൻ പാണ്ടിക്കാട്ട്, ഇവാനാ പാണ്ടിക്കാട്ട്, ലിയോനാ പാണ്ടിക്കാട്ട്, അയോനാ പടപുരയ്ക്കൽ.

## അന്നക്കുട്ടി മാത്യു

**ഏറ്റുമാനൂർ:** തറക്കുന്നേൽ അന്നക്കുട്ടി മാത്യു (92) അന്തരിച്ചു. കുളത്തൂക്കടവ് കൊച്ചെട്ടൊന്നിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ് മാത്യു. മക്കൾ: തമ്പി മാത്യു, ലില്ലി മാത്യു, ജോസ് മാത്യു, മാത്യു എം. തറക്കുന്നേൽ, ഫിലോമിന മാത്യു, ആനി ബി. ജോസഫ് (യുഎസ്), മിനി സാവിയോ. മരുമക്കൾ: പൗളിൻ ജോസ് കാലാപ്പറമ്പിൽ (കാഞ്ഞിരപ്പള്ളി), സേലമ്മ ആന്റണി പെരിഞ്ചേരിമണ്ണിൽ പുന്നവേലി, ബെന്നി ജോസഫ് കുന്താനം കരൂർ (യുഎസ്), സോഫി തോമസ് ഇല്ലിക്കൽ, സാവിയോ തെങ്ങുമ്മൂട്ടിൽ തിടനാട്, പരേതരായ പി.പി. മാത്യു മടുക്കക്കുഴി കാഞ്ഞിരപ്പള്ളി, എം.ഡി. മാത്യു മുതുപുന്നക്കൽ (പൂഞ്ഞാർ).

## കെ.എം. ഏലിയാമ്മ



**തിരുവല്ല:** പരേതനായ കെ.സി. ജോർജിന്റെ ഭാര്യ റിട്ട. അദ്ധ്യാപിക ചാത്തമല കൊച്ചുപറമ്പിൽ കെ.എം. ഏലിയാമ്മ (95) അന്തരിച്ചു. കിഴക്കുംമുറി കണ്ടത്തിൽ കുടുംബാംഗമാണ്. സെ. പോൾസ് ഓർത്തഡോക്സ് ചർച്ച് (മെക്കിനി, ഡാളസ്) അംഗമായ സൂസൻ കുര്യാക്കോസിന്റെ മാതാവാണ് പരേത. മരുമകൻ: മേപ്രാൽ വെട്ടുചിറയിൽ വി.എം. കുര്യാക്കോസ് (ഡാളസ്).

**പുതുപ്പള്ളി:** വടശ്ശേരി മഞ്ഞാക്കിയിൽ ശോശാമ്മ (അമ്മിണി-91) അന്തരിച്ചു. അന്താരാഷ്ട്ര ഫാർമസ്യൂട്ടിക്കൽ കമ്പനികളായ ഗ്ലാക്സോ, സാൻഡോസ് എന്നിവയുടെ വിവിധ രാജ്യങ്ങളിലെ കമ്പനികളുടെ ഡയറക്ടർ ബോർഡ് അംഗമായിരുന്നു. നേഴ്സിങ് സേവനത്തിലെ മികവിന് രാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണനിൽനിന്ന് പുരസ്കാരം നേടി. ഭർത്താവ്: ഗ്ലാക്സോ ഉപമേധാവി ആയിരുന്ന കുറുപ്പന്തറ കാരാപ്പള്ളിൽ പരേതനായ ഡോ. ജയിംസ് ചാക്കോ.

## ശ്രീകുമാർ

**കിടങ്ങൂർ:** അബുദാബി അഡ്നോക് എഞ്ചിനീയർ ശ്രീവിഹാറിൽ ശ്രീകുമാർ (54) അന്തരിച്ചു. ഭാര്യ: ഡോ. ലക്ഷ്മി കേസരി. മക്കൾ: ശ്രീധർ എസ് കേസരി (യുഎസ്), ശ്രദ്ധ എസ് കേസരി.

**കോട്ടയം:** കാഞ്ഞിരത്താനം വെട്ടിക്കത്തടത്തിൽ വി.എ. ജോർജ് (84) അന്തരിച്ചു.

## ഫാ. ജോസഫ് ഈഴാറാത്ത്

**പുന്നത്തുറ:** ആന്ധ്രയിലെ വിജയവാഡ രൂപതയിലെ ഫാ. ജോസഫ് ഈഴാറാത്ത് (88) അന്തരിച്ചു. ആന്ധ്രയിൽ വിവിധ ഇടവകകളിൽ സേവനത്തിനു ശേഷം അമേരിക്കയിലെ മിഷിഗൺ, ടൈലർ രൂപതകളിലെ ഇടവകകളിലും പ്രവർത്തിച്ചിട്ടുണ്ട്.

## തങ്കമ്മ ജോസഫ്

**കിഴപറയാർ:** പൊന്നെടുത്തകല്ലേൽ തങ്കമ്മ ജോസഫ് (84) അന്തരിച്ചു. ചെങ്ങളം പുൽത്തകിടിയേൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.എം ജോസഫ്. മക്കൾ: മാത്യു (ദുബായ്), പരേതനായ ടോമി, ലൗലി, ജോസി, ജിജി, ആന്റോ, ജോർജ് (യുഎസ്). മരുമക്കൾ: ഷീജ പെരുമായൻ (കാഞ്ഞൂർ), സാലി മണിമല (പാലക്കാട്), ജോയ് ആനക്കല്ലുങ്കൽ (ഉള്ളനാട്), ആൻസി തറപ്പേൽ (കിഴപറയാർ), ബിജു കുന്നുംപുറത്ത് (കിഴപറയാർ), ജാനറ്റ് കുന്നത്ത് (പാലാ), ജെയ്മി തെന്നിപ്ലാക്കൽ (കൊടുങ്ങൂർ).

## അച്ചാമ്മ ജോസഫ്

**പൈങ്ങോട്ടൂർ:** വടക്കേ പുന്നമറ്റം പൊന്നാരമറ്റത്തിൽ അച്ചാമ്മ (84) അന്തരിച്ചു. കുരുവിനാൽ അന്തിനാട്ട് കുടുംബാംഗമാണ്. ഭർത്താവ്: പി.ജെ. ജോസഫ്. മക്കൾ: റോസി ജോസ് (റിട്ട. അധ്യാപിക), ബേബി, ജോണി, ലാലി ജോസഫ്, റോയ് ജോസഫ് (സൂപ്രണ്ട്, സെൻട്രൽ ടാക്സ് ആൻഡ് കസ്റ്റംസ്, എറണാകുളം), ഡാർലി (യുഎസ്), സുനിൽ. മരുമക്കൾ: ജോസ് ഇടമുഞ്ഞാട്ട് (റിട്ട. ഓവർസീയർ, പിഡബ്ല്യുഡി പാലാ), പാതാമ്പുഴ പൊട്ടനാനിയിൽ ആൻസി, പാലാ ഉഴുത്തുവാൽ മിനി, എലിക്കുളം മുത്തോലിൽ സോണിയ മരിയറ്റ് ജോർജ്, ടോണി വാണിയകിഴക്കേൽ (യുഎസ്), പുല്ലുപാറ അയലുകുന്നേൽ സ്മിത, മൂന്നിലവ് കരോട്ട് കിഴക്കേൽ പരേതനായ ബിജു.

## മറിയാമ്മ ജോസഫ്

**കോട്ടയം:** കുമ്മനം ഗവ. യുപിഎസ് റിട്ട. പ്രധാനാധ്യാപി പുത്തനങ്ങാടി പുളിക്കൽ മറിയാമ്മ ജോസഫ് (കുഞ്ഞുമോൾ-76) അന്തരിച്ചു. പുന്നവേലി വടക്കേടത്ത് കുടുംബാംഗമാണ്. ഭർത്താവ്: തോമസ് മാത്യു (മലയാള മനോരമ റിട്ട. ഉദ്യോഗസ്ഥൻ). മക്കൾ: ദിനില (പുതുച്ചേരി), ദീപു (യുഎസ്). മരുമക്കൾ: ഷിനു എംആർഎഫ് പുതുച്ചേരി), ആശ (യുഎസ്).

**ചങ്ങനാശേരി:** ഡോട്ടേഴ്സ് ഓഫ് മേരി, സെന്റ് മേരീസ് പ്രൊവിൻസ് അംഗമായ സിസ്റ്റർ സലോമി (78) അന്തരിച്ചു.

**ചങ്ങനാശേരി:** വിമുക്തഭടൻ വടക്കേക്കര പുതുപ്പറമ്പിൽ ആന്റണി തോമസ് (96) അന്തരിച്ചു.

## എം.ജെ. ഫിലിപ്പ്

**കോട്ടയം:** എസ്.എച്ച് മൗണ്ട് മാലേപറമ്പിൽ എം.ജെ. ഫിലിപ്പ് (പോത്തൻ-96) അന്തരിച്ചു. ഭാര്യ വെളിയനാട് ചെറുകാട് പരേതയായ അന്നമ്മ. മക്കൾ: എത്സമ്മ (യുഎസ്), രാജു (ജയ്പൂർ), ജസി, ജയ്മോൻ. മരുമക്കൾ: ബേബി മണ്ണാംകുഴിയിൽ (യുഎസ്), ത്രേസ്യാമ്മ ഒഴുകയിൽ (ജയ്പൂർ), ജോസ് തെക്കേപറമ്പിൽ ഏറ്റുമാനൂർ), ക്ലാരമ്മ മുത്തൂറ്റിൽ (പുന്നത്തുറ).

## ലീലാമ്മ ജേക്കബ്

**വൈക്കം:** റിട്ട. അദ്ധ്യാപിക ഞായപ്പള്ളിയിൽ ലീലാമ്മ ജേക്കബ് (78) അന്തരിച്ചു. രാമപുരം വാഴക്കാമലയിൽ കുടുംബാംഗമാണ്. ഭർത്താവ് ജി.സി. ജേക്കബ്. മക്കൾ: നവീൻ, നിഷ (യുഎസ്), നീതു (സൗദി). മരുമക്കൾ: രമ്യ നവീൻ, ബിജു, അനു.


**തിരുവല്ല:** കോട്ടയം എംഡി സെമിനാരി എച്ച്എസ്എസ് അധ്യാപിക കാവുംഭാഗം കളത്തുപറമ്പിൽ മറിയാമ്മ വർഗീസ് (51) അന്തരിച്ചു.

## ജെയ്സ് ബിജു



**പരുത്തുംപാറ:** കൈതാരത്തിൽ ജെയ്സ് ബിജു (കുഞ്ഞുമോൾ-51) യുഎസിൽ അന്തരിച്ചു. പാലാ പുളിക്കപ്രാവിൽ കുടുംബാംഗമാണ്. ഭർത്താവ് ബിജു മർക്കോസ്. മക്കൾ: ജാക്, ഷോൺ, ഡാനി.

## എം.എസ് യോഹന്നാൻ മേലെ തെക്കേതിൽ



**ഡാളസ്:** എം.എസ്. യോഹന്നാൻ മേലെ തെക്കേതിൽ (മോനച്ചൻ-70) അന്തരിച്ചു. ദീർഘകാലം ദുബായിൽ എമിറേറ്റ്സ് ഉദ്യോഗസ്ഥനായിരുന്നു. ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ ഇടവകാംഗം വിൽസൺ മേലെ തെക്കേതിലിന്റെ സഹോദരനാണ് പരേതൻ. ഭാര്യ: ചെങ്ങന്നൂർ പിരളശ്ശേരിൽ മാളിയേക്കൽ കാവിൽ അച്ചാമ്മ. മക്കൾ: ജിനു, ജിൻസി, ജാൻസി (മൂവരും ദുബായ്). മരുമകൻ: കറ്റാനം കാട്ടൂരാൻ അജോ.

**കോട്ടയം:** കോടിമത കൊച്ചുപറമ്പിൽ (പാറക്കുളത്തിൽ) കെ.ജി. ചന്ദ്രശേഖരൻ (80) അന്തരിച്ചു.

**ഞീഴൂർ:** ആലപ്പാട്ട് മറിയാമ്മ (96) അന്തരിച്ചു.

**രാമക്കൽമേട്:** ബാലൻപിള്ളസിറ്റി പുന്നമൂട്ടിൽ ലീലാമ്മ (82) അന്തരിച്ചു.

## ക്രിസ്റ്റി ജോൺ സാമുവൽ

**കോട്ടയം:** ചാലുകുന്ന് മണത്രശേരിൽ ക്രിസ്റ്റി ജോൺ സാമുവൽ (64) അന്തരിച്ചു. ദുബായ് എമിറേറ്റ്സ് നാഷണൽ ബാങ്കിൽ ഉദ്യോഗസ്ഥൻ ആയിരുന്നു. ഭാര്യ: അമ്പാട്ട് മിനി ക്രിസ്റ്റി. മക്കൾ: ശിൽപ (ഓസ്ട്രേലിയ), വിവേക് (യുഎസ്). മരുമകൻ: വിഷ്ണു (ഓസ്ട്രേലിയ).

# ചേറ്റുകടവിൽ വർഗീസ് അന്തരിച്ചു



**ഫ്ളോറിഡ:** ഇലന്തൂർ ചിറക്കടവിൽ കുടുംബാംഗം ചേറ്റുകടവിൽ വർഗീസ് (കുഞ്ഞൂഞ്ഞ്-94) ലേക്‌ലാൻഡിൽ അന്തരിച്ചു. തോന്നിയാമലയിലെ പെന്തെക്കോസ്ത് പ്രവർത്തനങ്ങളുടെ ആരംഭകാല പ്രവർത്തകനും, ഐപിസി തോന്നിയാമല സഭയുടെ സ്ഥാപകാംഗവുമായിരുന്നു. മാരാമൺ ഐപിസി സഭയുടെ മുൻ അംഗവുമായിരുന്നു പരേതൻ. ഇലന്തൂർ ചെരിക്കരേത്ത് പരേതയായ ഏലിയാമ്മയാണ് ഭാര്യ. മക്കൾ: പൊന്നമ്മ, സൂസമ്മ, ബാബുക്കുട്ടി (ലേക്‌ലാൻഡ്). മരുമക്കൾ: പരേതനായ പാസ്റ്റർ വൈ. ബേബിക്കുട്ടി, ശാമുവേൽ വർഗീസ്, എൽസി.

മെയ് 17-ന് വെള്ളിയാഴ്ച വൈകുന്നേരം 7 മുതൽ 9 വരെ ലേക്‌ലാൻഡ് ഐപിസിയിൽ ഭൗതികശരീരം പൊതുദർശനത്തിനു വെക്കുന്നതും സംസ്കാര ശുശ്രൂഷകൾ 18-ന് ശനിയാഴ്ച രാവിലെ 9 മുതൽ ആരംഭിക്കുന്നതുമായിരിക്കും. ലേക്‌ലാൻഡ് ഐപിസി സഭ സീനിയർ പാസ്റ്റർ കെ.ജെ. കുര്യാക്കോസിന്റെ മുഖ്യ ശുശ്രൂഷയിൽ ഓക്ക് ഹിൽ ബറിയൽ പാർക്കിൽ സംസ്കാരം നടത്തപ്പെടുന്നതുമാണ്.

Live: www.Youtube.com/ipcflorida

വാർത്ത: നിബു വെള്ളവന്താനം

KERALA EXPRESS Classified

# CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**

**Thomasjacob1955@gmail.com**


# CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**


**713-885-6016**

*Favors Received*



*Inserted by: Firm Believer, New York*

*Favors Received*



*Inserted by: Firm Believer, New York*

*Favors Received*



*Inserted by: Firm Believer, Bloomingdale*

*Favors Received*



*Inserted by: Firm Believer, Bloomingdale*

# RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**

**847-508-5405**

# NANNY WANTED IN NEW JERSEY

Young couple residing at New Jersey looking for a Nanny (live-in or come and go Monday through Friday) to help take care of their 3 kids two of them are going to Daycare School and mother is also at home.

**Interested parties please contact**

**Marina @ 845-270-4426**

**Baby @. 845-270-4310**

# CAREGIVER WANTED IN NORTH CAROLINA

Live-in help needed to give company for a 80 year old healthy male with early signs of dementia living in Raleigh, North Carolina. Tasks include cooking Kerala style meals and administering medications (oral only) on time. Spacious room with private bathroom provided. Attractive compensation.

**Call or text Finny @ 919-446-4640**

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

**Visit Our Website: www.keralaexpress.com for Classified Advt.**

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. ആ ഇഷ്ടം വിവാഹാലോചനയിൽ എത്തിയെങ്കിലും വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു തുറന്നു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ചിറ്റയുടെ മറ്റൊരു മകൾ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരു ദിവസം ചന്ദ്രബാബുവിനെ കാണാതായി. അന്വേഷണം തുടർന്ന സന്ദീപ് ഇടുക്കിയിലെ പെരിയാർവാലിയിൽ അല്ലിമയുടെ മുത്തച്ഛനും മുത്തശ്ശിയും ജീവിച്ചിരിപ്പുണ്ടെന്നറിഞ്ഞ് അവിടെയെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി മുത്തച്ഛൻ ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തുന്നു. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അല്ലിമ രാജഗോപാലിന്റെ ദത്തുപുത്രിയാണെന്നു സന്ദീപിന്റെ ലേഖനത്തിലൂടെ എല്ലാവരുമറിയുന്നു. മുരിക്കാശേരി പോലീസ് വന്ന് ശേഖരൻകുട്ടി അല്ലിമയ്ക്കു കൊടുത്ത സ്യൂട്ട്കെയ്സ് കസ്റ്റഡിയിലെടുത്തു. ഇരുപത്തിരണ്ടു വർഷം മുൻപ് കല്ലാറ്റുപടിക്കൽ ഒരു പോത്ത് ചത്തെന്നും അതിനെ ആറ്റിറമ്പിൽ വെട്ടിമൂടിയെന്നും പഴയ തെങ്ങുകയറ്റക്കാരനിൽനിന്നു സന്ദീപ് അറിഞ്ഞു. അവർ മണിമലയിൽ ചെന്നത് എതിരാളികളിൽ അങ്കലാപ്പുണ്ടാക്കുന്നു....**

# കാണാത്ത തീരങ്ങൾ

ജോയ്സി

## 96

ടിവി ചാനലുകാർ വന്നു നടത്തിയ ഇന്റർവ്യൂ, ദിവസം മുഴുവൻ നീണ്ടുനിന്നു. ആദ്യം അല്ലിമയും ആങ്കറുമായുള്ള അഭിമുഖം. ചോദ്യോത്തരങ്ങൾ.

വിദ്യാഭ്യാസം, അഭിരുചികൾ, ഹോബികൾ എന്നിവയെപ്പറ്റിയുള്ള അന്വേഷണങ്ങൾ. എല്ലാം കണ്ടും കേട്ടും രാജഗോപാലും ശ്രീലക്ഷ്മിയും ഹാളിൽത്തന്നെ ഉണ്ടായിരുന്നു.

അഭിമുഖം നടത്തുന്ന സുദീപ്കുമാർ എന്നയാൾ ഒടുവിൽ രാജഗോപാലിനോടും ശ്രീലക്ഷ്മിയോടും കുറച്ചുസമയത്തേക്കു മാറി നിൽക്കാമോ എന്നു ചോദിച്ചു. സ്വകാര്യമായ ചില ചോദ്യങ്ങൾക്കുവേണ്ടിയാണെന്നു പറഞ്ഞപ്പോൾ അവർ മുറിയിലേക്കു പോകാനൊരുങ്ങി. അല്ലിമ പക്ഷേ, സമ്മതിച്ചില്ല.

“അച്ഛനും അമ്മയും കേൾക്കരുതാത്ത ഒരു ചോദ്യത്തിനും എനിക്കു മറുപടി പറയാനില്ല.”

“അവർക്ക് എന്തെങ്കിലും ബുദ്ധിമുട്ട് തോന്നിയെങ്കിലോ എന്നു വിചാരിച്ചിട്ടാണ്.”

“ഞങ്ങൾക്ക് ഒരു ബുദ്ധിമുട്ടും തോന്നില്ല.”

ശ്രീലക്ഷ്മി പറഞ്ഞു.

“നിങ്ങളുടെ സാന്നിധ്യത്തിൽ മിസ് അല്ലിമയ്ക്കു തുറന്നു പറയാൻ പറ്റിയെന്നു വരില്ല. അതുകൊണ്ടാണ്.” സുദീപ്കുമാർ സംശയം പ്രകടിപ്പിച്ചു.

“എന്റച്ഛന്റെയും അമ്മയുടെയും മുന്നിൽവെച്ച് എനിക്കു മറുപടി പറയാൻ പറ്റാത്ത ഒരു ചോദ്യവും ഇല്ലെന്നാ എന്റെ വിശ്വാസം.” അല്ലിമ ആത്മവിശ്വാസത്തോടെ പറഞ്ഞു.

“മിസ് അല്ലിമയുടെ ഈ അച്ഛനും അമ്മയും സ്വന്തം അച്ഛനുമമ്മയും ആയിരുന്നെങ്കിൽ കുറച്ചുകൂടി സ്നേഹവും കരുതലും കിട്ടിയേനെ എന്നു തോന്നുന്നുണ്ടോ?”

“അങ്ങനെ തോന്നുന്നില്ല.” അല്ലിമ മറുപടി പറഞ്ഞു.

“അതായത്, അല്ലിമയുടെ ഇളയവരായ രണ്ടു പേർക്കും അച്ഛനമ്മമാർ കൂടുതൽ സ്നേഹം കൊടുത്തു എന്നൊരു തോന്നൽ, കഴിഞ്ഞ കാലത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ... ഉണ്ടോ?”

“ഒരിക്കലുമില്ല. അവർക്കായിരുന്നു പരാതി. അച്ഛനും അമ്മയും എന്നെ കൂടുതൽ സ്നേഹിക്കുന്നെന്ന്.”

“സ്വന്തം അച്ഛനും അമ്മയും വളർത്തിയിരുന്നെങ്കിൽ ഇതിനെക്കാൾ കൂടുതൽ സ്നേഹവും സംരക്ഷണവും നല്ലൊരു ഭാവിയും കിട്ടിയേനെ എന്ന വിചാരമുണ്ടോ?”

“എനിക്കെന്തെങ്കിലുമൊരു പോരായ്മ തോന്നിയിട്ടുണ്ടെങ്കിമാത്രം അങ്ങനെ ചിന്തിച്ചാപ്പോരെ. എനിക്കു കിട്ടിയ ഏറ്റോം വല്യ ഭാഗ്യം എന്താന്നുവെച്ചാ, എന്നെ ആരാണോ ഉപേക്ഷിച്ചത് അവരെന്നെ ഈ അച്ഛന്റെയും അമ്മയുടെയും വീട്ടുവരാന്തയിൽ കൊണ്ടുചെന്നു കിടത്തി എന്നുള്ളതാ.”

“എന്നാലും സ്വന്തം അച്ഛന്റെയും അമ്മയുടെയും സ്നേഹം കിട്ടാത്ത മക്കൾക്ക് അതിന്റെയൊരു സങ്കടം ഉണ്ടാവില്ലേ?”

“അതിനെക്കാൾ കൂടുതൽ എനിക്കു കിട്ടിയല്ലോ. അച്ഛനും അമ്മയും ഇല്ലാത്ത കുറവ് ഞാനറിഞ്ഞിട്ടില്ല. എനിക്കു കിട്ടിക്കൊണ്ടിരുന്നതിന്റെ വിലയൊന്നും ഞാനിത്രേം നാളു തിരിച്ചറിഞ്ഞില്ല. എന്റെ വിചാരം ഞങ്ങൾ മൂന്നുമക്കൾക്കും ഏതാണ്ട് ഒരുപോലെയാ അച്ഛനമ്മമാരുടെ സ്നേഹോം സംരക്ഷണോം കിട്ടിക്കൊണ്ടിരുന്നതെന്നാ. പക്ഷേ, ഈ തിരിച്ചറിവിനുശേഷം എനിക്കു മനസ്സിലായി- എന്റനുജനും അനുജത്തിക്കും കിട്ടിയതിനെക്കാൾ എത്ര ഇരട്ടിയാ എനിക്കു കിട്ടിയത്. അവർക്കു കിട്ടിയത് അച്ഛനുമമ്മയ്ക്കും സ്വന്തം മക്കളോടുള്ള സാധാരണ സ്നേഹമാ. അത് നാചറലാണ്. പക്ഷേ, എനിക്കു കിട്ടിയത് ഒരു ഡിവൈൻ ലവ് ആണ്. അവർക്കു കിട്ടിയതിനെക്കാൾ ഗ്ലോറിയസായിട്ടുള്ള സ്നേഹോം വാത്സല്യോം. ഇത്രയും കാലം ഞാനതിന്റെ വിലയറിയാതെയാണല്ലോ ജീവിച്ചത് എന്ന സങ്കടം മാത്രമേയുള്ളു. ഇപ്പോ അറിയാം- മറ്റാർക്കും കിട്ടിയതിനെക്കാളും നൂറിരട്ടി വിലയുണ്ട് അതിനെന്ന്.” അല്ലിമ ഹൃദയം തുറന്നു പറഞ്ഞു.

“ഓകെ. വേറൊരു കാര്യം ചോദിക്കട്ടെ. അല്ലിമയുടെ സ്വന്തം അച്ഛനും അമ്മയും ജീവിച്ചിരിപ്പുണ്ടെന്നു സങ്കൽപിക്കുക. അവർ തേടിവന്നാൽ അവരോടുള്ള സമീപനം എങ്ങനെയായിരിക്കും. ഇവിടുള്ളവരെ വിട്ടിട്ട് അവരോടൊപ്പം പോകുമോ? അതോ ഇവിടെത്തന്നെ തുടരുമോ?”

“അവരുണ്ടെങ്കിൽ ഇതിനകം വരുമായിരുന്നല്ലോ. പത്രങ്ങളിലെല്ലാം വാർത്ത വന്നിട്ട് ദിവസങ്ങളായി. അവർ ഇതിനകം വാർത്തയെപ്പറ്റി അറിയുകേം അന്വേഷിച്ചു വരികേം ചെയ്തേനെ.”

“സപ്പോസ് ടു ബി എന്നാണുദ്ദേശിച്ചത്. അവർ മകളെ തേടി വന്നാൽ എന്തു ചെയ്യും?”

“ഇവിടുള്ള എന്റച്ഛനും അമ്മയും സമ്മതിച്ചാൽ ഞാൻ അവരോടൊപ്പം പോയി കുറച്ചുദിവസം താമസിച്ചെന്നിരിക്കും. ഇത് എന്റേംകൂടി വീടാ... എന്റച്ഛനും അമ്മേം സഹോദരങ്ങളുമാ ഇവിടുള്ളത്... ഇതുപേക്ഷിച്ചിട്ട് ഞാനെങ്ങോട്ടും പോകില്ല.”

“അവരോട് സ്നേഹോം അനുകമ്പേം തോന്നുന്നില്ലെന്നാണോ പറയുന്നെ?”

“സ്നേഹിക്കാൻ ഞാനവരെ കണ്ടിട്ടില്ല. അവരുടെ സ്നേഹം എനിക്കു കിട്ടീട്ടുമില്ല. സത്യം പറഞ്ഞാൽ അവരെന്റെ മനസ്സിലെ നീറുന്ന വേദനയാ... പറഞ്ഞറിയിക്കാൻ പറ്റാത്ത സങ്കടമാ...”

“ഓകെ... മനസ്സിലായി.” സുദീപ്കുമാർ തലയാട്ടി. “നമ്മുടെ ഇന്റർവ്യൂ ഏറെക്കുറെ കഴിഞ്ഞു. എന്തെങ്കിലും ഓർത്താൽ ചോദിക്കാം. ഇനി ഞങ്ങൾക്കു സംസാരിക്കാനുള്ളത് മിസ് അല്ലിമയുടെ അച്ഛനോടും അമ്മയോടുമാ...”

അതു കേട്ടതോടെ അല്ലിമ രംഗത്തുനിന്നു പിൻമാറി. ക്യാമറാമാന്റെയും അവതാരകന്റെയും നിർദേശങ്ങളനുസരിച്ച് രാജഗോപാലും ശ്രീലക്ഷ്മിയും തയാറായി വന്നു. ക്യാമറയുടെ ദൃഷ്ടി അവരുടെ മേൽ പതിഞ്ഞതോടെ ചോദ്യങ്ങളും ആരംഭിച്ചു.

“പോണ്ടിച്ചേരിയിലെ വാടകവീടിന്റെ വരാന്തയിൽനിന്ന്

നിങ്ങൾ എടുത്തു വളർത്തിയ കുട്ടിയാണല്ലോ അല്ലിമ. അങ്ങനെ ചെയ്യേണ്ടിയിരുന്നില്ല എന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?”

“ഇല്ല...” രണ്ടുപേരും ഏകസ്വരത്തിൽ പറഞ്ഞു.

“ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട്, ഇച്ഛാഭംഗം, അഭിമാനക്ഷതം... അങ്ങനെ എന്തെങ്കിലും?”

“ഞങ്ങൾക്ക് അവളെക്കുറിച്ച് അഭിമാനമേ തോന്നിയിട്ടുള്ളൂ.”

“ദത്തുപുത്രിയാണ് എന്ന സത്യം എല്ലാവരിൽനിന്നും മറച്ചുവെക്കാൻ എന്താ കാരണം?”

“കുഞ്ഞിനെയുംകൊണ്ടു പോണ്ടിച്ചേരീന്നു കോയമ്പത്തൂരിലോട്ട് വരുമ്പോഴും അങ്ങനെയൊരു പ്ലാൻ ഇല്ലായിരുന്നു. കോയമ്പത്തൂരിലെത്തി താമസം തുടങ്ങിയപ്പോ കുഞ്ഞിനെപ്പറ്റി ചോദിക്കുന്നവരോട് ഒരുത്തരം പറഞ്ഞേ പറ്റൂ. കൂടുതൽ ചോദ്യങ്ങളൊഴിവാക്കാൻവേണ്ടി ഞങ്ങൾടെ മോളാണ് എന്നു ഞാൻ പറഞ്ഞു. പിന്നെ മനസ്സിലായി അത് പറഞ്ഞാൽ മാത്രം പോരാ വിശ്വസിപ്പിക്കാനുംകൂടി ശ്രമിക്കണമെന്ന്. മോളാണെങ്കിൽ നാലഞ്ചു ദിവസംകൊണ്ട് ഞങ്ങളുമായി ഇണങ്ങിക്കഴിഞ്ഞു. അങ്ങനെ ഞങ്ങൾ ആലോചിച്ച് ഒരു ഡ്രാമ പ്ലാൻ ചെയ്തു. ലക്ഷ്മി പ്രസവിച്ച സ്ത്രീയായി കുറച്ചുനാൾ ബെഡ്റെസ്റ്റെടുത്ത് അയൽക്കാരെ വിശ്വസിപ്പിച്ചു. മൂന്നുമാസത്തിനുള്ളിൽ വേറൊരു വീട്ടിലേക്കു മാറിത്താമസിച്ചു. പിന്നെ, നാട്ടിലുള്ള ബന്ധുക്കളെ വിശ്വസിപ്പിക്കാൻ ചില കഥകളൊക്കെ മെനഞ്ഞു.” രാജഗോപാൽ ചെറുചിരിയോടെ നിർത്തി.

“പിന്നീട് സ്വന്തം രക്തത്തിൽ കുട്ടികളുണ്ടായപ്പോ അഡോപ്റ്റ് ചെയ്ത കുട്ടിയോടു സ്നേഹക്കുറവ് തോന്നിയില്ലേ... തോന്നേണ്ടതാണല്ലോ.”

“തീർച്ചയായിട്ടും. ജന്തുസഹജമായ ഒരു വികാരമാണത്. ഞങ്ങൾക്കും തോന്നീട്ടുണ്ട്. മനുഷ്യരാണല്ലോ ഞാനും ലക്ഷ്മിയും... ദിവ്യത്വമൊന്നുമില്ല. പക്ഷേ, അല്ലിമോളുടെ മുഖത്തേക്കു നോക്കുമ്പോ ഞങ്ങൾക്ക് സങ്കടം വരും. അവളാണ് ആദ്യമായിട്ടു ഞങ്ങളെ അച്ഛാ എന്നും അമ്മേ എന്നും വിളിച്ചത്. അവൾടെ സീറ്റ് റിസർവ്ഡ് ആയിരുന്നു. ഞങ്ങടെ മടിയിലും തോളത്തും ഞങ്ങൾടെ റൂമിലും കിടക്കയിലും എല്ലായിടത്തും. സ്വന്തം മകൾ ഉണ്ടായപ്പോഴത്തെ സ്നേഹക്കുറവിനെ മറികടക്കാൻവേണ്ടി ഞങ്ങളൊരു സ്ട്രോങ് ഡിസിഷനെടുത്തു. എന്തൊക്കെയായിരുന്നാലും ശരി ആരുടെ ദൃഷ്ടിയിലും ഞങ്ങൾടെ മൂത്തമകൾ അല്ലിമോൾ ആയിരിക്കണം. അല്ലിമോൾക്ക് ഒരിക്കലും ഒരു വിവേചനം അനുഭവപ്പെടരുത്. അത് പിന്നെ അങ്ങനെ ആയിത്തീർന്നു.” രാജഗോപാൽ വിശദീകരിച്ചു.

“ഓകെ- ഇനി വേറൊരു കാര്യം ചോദിക്കട്ടെ. അല്ലിമയുടെ മാതാപിതാക്കൾ വന്ന് അവളെ കൊണ്ടുപോയാൽ നിങ്ങളുടെ മാനസികാവസ്ഥ എന്തായിരിക്കും.”

“ഞങ്ങൾടെ മാനസികാവസ്ഥയ്ക്ക് ഒരു മാറ്റോം വരില്ല. അവരോടൊപ്പം പോയാലും അവൾ ഞങ്ങൾടെ മോളുതന്നെയാ. അവളെ കല്യാണം കഴിപ്പിച്ചു വിട്ടാലും അവൾ വിദേശത്ത് എവിടെയെങ്കിലും ജോലിക്കു പോയാലും അവൾ ഞങ്ങൾടെ മോളുതന്നെ. അതിനൊന്നും ഒരിക്കലും മാറ്റം വരില്ല.”

“ഇനി വേറൊന്നു ചോദിച്ചോട്ടെ... സത്യാവസ്ഥ അറിഞ്ഞശേഷം അല്ലിമയ്ക്ക് നിങ്ങളോട് എന്തെങ്കിലും സ്നേഹക്കുറവ് കാണാനുണ്ടോ, വാക്കിൽ, നോക്കിൽ, പെരുമാറ്റത്തിൽ...?” സുദീപിന്റെ ചോദ്യത്തിനു മറുപടി പറയാതെ ചെറുചിരിയോടെ രാജഗോപാൽ ഭാര്യയെ നോക്കി.

“അതിനുത്തരം താൻ പറഞ്ഞോ.”

“അല്ലിമോൾക്ക് ഞങ്ങളോട് സ്നേഹം കൂടീട്ടേയുള്ളു.”

ശ്രീലക്ഷ്മി പറഞ്ഞു. "അതെത്രയാണെന്ന് ഒരളവ് പറയാൻ പറ്റില്ല. ഭക്തിയാണവൾക്ക് ഞങ്ങളോട്... ഒള്ളതുപറയാല്ലോ... ഇപ്പഴാ ഞങ്ങൾക്ക് ഞങ്ങൾടെ വെല മനസ്സിലാകുന്നെ. ഞങ്ങള് കൊടുത്തതൊന്നും പാഴായിപ്പോയില്ല... ചോളം വിതച്ചിട്ട് സ്വർണം കൊയ്യുന്നപോലെയാ!"

അതു പറയുമ്പോൾ ശ്രീലക്ഷ്മിയുടെ കണ്ണുകളിൽ നനവ് തിളങ്ങി. സന്തോഷവും അഭിമാനവും സ്വരത്തിൽ ആർദ്രത പടർത്തി.

*** *** ***

ഒരു മണിക്കൂറോളം നീണ്ട അഭിമുഖം.

അത് അവസാനിച്ചപ്പോൾ സന്ദീപ് റിമോട്ട് എടുത്തു ടിവി ഓഫ് ചെയ്തു. അതോടെ ലിവിങ് റൂമിൽ സമ്പൂർണ നിശ്ശബ്ദതയായി. സന്ദീപ് അമ്മയെയും അച്ഛനെയും നോക്കി. രണ്ടുപേരും വികാരഭരിതരാണ്. നന്ദന, വെളിച്ചമണഞ്ഞ ടിവിയിൽനിന്നു കണ്ണെടുത്തിട്ടില്ല.

"എന്താ ആരും ഒന്നും മിണ്ടാത്തെ?"

സന്ദീപ് അമ്മയോടായി ചോദിച്ചു. ഇടംകണ്ണിട്ട് അച്ഛനെയും നോക്കി. ജയദേവൻ നമ്പ്യാർ ഒന്നും മിണ്ടാതെ സോഫയിൽനിന്ന് എഴുന്നേറ്റു. കോണിപ്പടിച്ചുവട്ടിലേക്കു നടന്നു. അച്ഛൻ സ്റ്റെയർകേസ് കയറിപ്പോകുന്നതു നോക്കി സന്ദീപ് ഇരുന്നു.



"അച്ഛനെന്താ ഇഷ്ടപ്പെടാത്തപോലെ..." സന്ദീപ് സ്വരം താഴ്ത്തി രാജശ്രീയോടു ചോദിച്ചു.

"നീ ഒറ്റയൊരുത്തനല്ലേ ഇതിനെല്ലാം കാരണക്കാരൻ."

"ഞാനാണോ...? അമ്മയെന്താ ഒരു വിവരോം ഇല്ലാത്ത മാതിരി?"

"നീ ആ പെണ്ണിനെ കല്യാണം ആലോചിച്ചതാ സകലതിനും കാരണം. അതില്ലാരുന്നെങ്കി ഒരു കുഴപ്പോം ഒണ്ടാവത്തില്ല. ഇതിപ്പോ ആ പെണ്ണിനൊരു സമാധാനം ഒണ്ടോ? അതിനെ ഇത്രേം വളർത്തിയെടുത്ത വീട്ടുകാർക്കൊണ്ടോ? നിന്റച്ഛന്റെ കുടുംബക്കാർക്കു മുഴുവൻ മാനക്കേടായില്ലേ. നീയല്ലേ ഇതിന്റെയെല്ലാം ആണിക്കല്ല്."

"ആ... അതെ." സന്ദീപിനു ദേഷ്യം വന്നു. "അതിഭീകരമായൊരു കുറ്റകൃത്യം ചെയ്തിട്ട് അതിനു മീതെ ആരുമങ്ങനെ സമാധാനമായിട്ടിരിക്കണ്ട. അമ്മ ആളുകൊള്ളാമല്ലോ. ഒരു ജഡ്ജീടെ വൈഫല്ലേ. ആ നീതിബോധം തരിമ്പെങ്കിലും വേണ്ടേ?"

"എടാ മോനേ... കുറേപ്പേരുടെ സമാധാനം കളഞ്ഞിട്ട് എന്തു കിട്ടാനാ? മരിച്ചുപോയവരെ ജീവിപ്പിക്കാൻ പറ്റ്വോ? നഷ്ടപ്പെട്ടവരുടെ നഷ്ടങ്ങള് തീർത്തുകൊടുക്കാൻ പറ്റ്വോ? കുറേപ്പേരുംകൂടെ ഇനീം വെഷമിക്കേണ്ടിവരും, അത്രതന്നെ."

"വെഷമിക്കേണ്ടിവരുന്നത് ആരാ? കുറ്റം ചെയ്തവര്. അവർക്കു സങ്കടോം അപമാനോം ഉണ്ടാകാതിരിക്കാൻ വേണ്ടി നമ്മളവരുടെ കൊലപാതകങ്ങൾ മൂടിവെക്കണം അല്ലേ? അങ്ങനെയാണെങ്കി കൊലപാതകക്കേസൊന്നും അന്വേഷിക്കേണ്ട ആവശ്യമില്ലല്ലോ. കേസന്വേഷണോം വിചാരണേം കോടതിവിധീം ജയിലും ഒക്കെയായിട്ട് ഗവൺമെന്റ് കോടിക്കണക്കിനു രൂപയല്ലേ ചെലവാക്കുന്നെ. അന്വേഷിക്കാൻ മെനക്കെടാതിരുന്നാ വമ്പിച്ച ലാഭം. കുറ്റവാളികൾക്കും സുഖം, സമാധാനം..."

"എന്നല്ല പറഞ്ഞത്, ഇതിപ്പം മലയാളക്കര മുഴുവനറിഞ്ഞില്ലേ... ഇനിയിപ്പോ എന്തൊക്കെയാ നടക്കാമ്പോണേന്ന് ആർക്കറിയാം. നീയാ പെണ്ണിനെ കല്യാണം കഴിക്കണംന്ന് വാശിപിടിക്കാതിരുന്നെങ്കി ഇതൊന്നും വരില്ലാരുന്നു."

"അങ്ങനെ നോക്കിയാ അച്ഛൻ, അല്ലിയുടെ ജാതകത്തിനു വാശിപിടിച്ചതല്ലേ എല്ലാറ്റിനും കാരണം. ജാതകം വേണ്ടെന്ന് അച്ഛൻ സമ്മതിച്ചിരുന്നെങ്കി ആരും ഒന്നും അറിയാൻ പോകുന്നില്ല."

"ഏട്ടൻ പറഞ്ഞതാ ശരി."

നന്ദന സന്ദീപിനെ പിന്താങ്ങി.

"അമ്മേ, സമാധാനക്കേട് അനീതി ചെയ്തവർക്ക് മാത്രേയുള്ളൂ. ബാക്കിയുള്ളവർക്ക് സത്യം വെളിച്ചത്തുവരണമെന്നാ..."

അതിനിടയിൽ സന്ദീപിന്റെ ഫോൺ റിങ് ചെയ്തു. സന്ദീപ് ഡിസ്പ്ലേ നോക്കിയപ്പോൾ അല്ലിമയാണ്.

"ഹലോ...." സന്ദീപ് വിളിച്ചു.

"പ്രോഗ്രാം കണ്ടോന്നറിയാൻ വേണ്ടി വിളിച്ചതാ..." അല്ലിമയുടെ ശബ്ദം വന്നു.

"കണ്ടു... ഇപ്പോ തീർന്നതല്ലേയൊള്ളൂ."

"എങ്ങനുണ്ടാരുന്നു സന്ദുവേട്ടാ. ഞാൻ ബോറായില്ലല്ലോ?"

"നന്നായിരുന്നു. ഇവിടെല്ലാവരും നല്ല ഫീലിലാ ഇരുന്നു കണ്ടത്. വെരി ഗുഡ് പെർഫോമൻസ്." സന്ദീപ് അഭിനന്ദിച്ചു.

"അഭിനയിച്ചതൊന്നുമല്ലാ... ട്ടോ.... അവര് ഓരോന്നു ചോദിച്ചപ്പോ മനസ്സിലൊള്ളത് പറഞ്ഞന്നേയുള്ളൂ."

"നന്നായിട്ട് പെർഫോം ചെയ്തൂന്നു പറഞ്ഞതും അഭിനയം നന്നായെന്നല്ല. മനസ്സിൽ തട്ടിയെന്നാ."

"ഇന്ന് അച്ഛനും ഞാനുംകൂടെ ആലുവായ്ക്കു പോയിട്ടുണ്ടാരുന്നു. റൂറൽ എസ്പിയില്ലേ, എന്റെ ഫ്രണ്ടിന്റച്ഛൻ. അദ്ദേഹം വിളിച്ചിട്ടു പോയതാ..."

"അദ്ദേഹം എന്തു പറഞ്ഞു?"

"ലോക്കൽ പോലീസിന്റെ അന്വേഷണംകൊണ്ടു കേസ് ഒരിടത്തും എത്തിക്കാൻ പറ്റില്ലെന്നാ പറഞ്ഞത്. ഞാൻ അച്ഛനു കൊടുക്കട്ടെ. അച്ഛൻ പറയും."

"ശരി."

"ഹോൾഡ് ചെയ്യണേ..." എന്നിട്ട് അല്ലിമ പതിയെ പറയുന്നതും കേട്ടു. "അച്ഛൻ സംസാരിച്ചോ."

"ഹലോ സന്ദീപ്"

"ങ്ഹാ... അങ്കിളേ... അല്ലിപറഞ്ഞു ആലുവ റൂറൽ എസ്പി വിളിപ്പിച്ചെന്ന്."

"അദ്ദേഹത്തിന്റെ അഭിപ്രായം ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്നാ. ഇതിപ്പോ മൂന്നു സ്ഥലത്തായിട്ടാണല്ലോ സംഭവങ്ങൾ നടന്നത്. ചന്ദ്രബാബുവും മാളവികയും താമസിച്ചിരുന്ന സ്ഥലം പെരുവന്താനം സ്റ്റേഷനതിർത്തിയിലാണ്. ചന്ദ്രബാബുവിനെ കാണാതായ സ്ഥലം പീരുമേട് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ഏലപ്പാറയിൽവെച്ചാണ്. മാളവികയെ വീട്ടുകാർ വന്നു വിളിച്ചോണ്ടു പോയത് മുരിക്കാശേരി പോലീസ് സ്റ്റേഷനതിർത്തിയിലുള്ള സ്ഥലത്തുനിന്നും ഈ മൂന്നു പോലീസ് സ്റ്റേഷനും ഏകോപിച്ച് ഒരു അന്വേഷണം എന്നൊക്കെ പറഞ്ഞാ അതിന് പ്രാക്ടിക്കൽ ഡിഫിക്കൽറ്റീസൊണ്ട്. പറയാനൊക്കെ എളുപ്പമാ. പക്ഷേ, ആർക്കുമാർക്കും ഉത്തരവാദിത്തമില്ലാതെ സംഗതി പ്രഹസനമായിത്തീരും. കേസന്വേഷിച്ചോ? അന്വേഷിച്ചു. എന്തെങ്കിലും തെളിവ് കിട്ടിയോ, ഇല്ല. കടലാസിലെഴുതിയ കുറച്ചു റിപ്പോർട്ട് മാത്രമേ ബാക്കിയുണ്ടാകൂ. അതുകൊണ്ടാണ് മറ്റേതെങ്കിലും അന്വേഷണ ഏജൻസി കേസ് ഏറ്റെടുക്കണമെന്ന് അദ്ദേഹം പറഞ്ഞത്."

"ക്രൈംബ്രാഞ്ച് അന്വേഷിക്കട്ടെ അങ്കിളേ."

"അതിന് ഗവൺമെന്റോ കോടതിയോ ഉത്തരവാകണം. ക്രൈംബ്രാഞ്ചിന് അന്വേഷണം കൈമാറണം എന്നുപറഞ്ഞ് നമ്മൾ പ്രഷർ ചെയ്യണം. അതായത് കോടതീൽ ഹർജി, രാഷ്ട്രീയ സമ്മർദം... അങ്ങനെ..."

"മൂന്നു പോലീസ് സ്റ്റേഷനുംകൂടി ഒരു കോർകമ്മിറ്റി ഉണ്ടാക്കി അന്വേഷണം നടത്തിയാലും മതിയല്ലോ." സന്ദീപ് അഭിപ്രായപ്പെട്ടു.

"അതൊന്നും പ്രായോഗികമല്ല. പോലീസിന് അല്ലാതെതന്നെ പിടിപ്പത് പണിയൊണ്ട്. ഈ കേസ് അന്വേഷിച്ച് തെളിയിക്കണമെന്ന് ആർക്കാ നിർബന്ധം. കേസ് തെളിയിച്ചാ ആർക്കു കിട്ടും അതിന്റെ ക്രെഡിറ്റ്... അതിനെല്ലാം പുറമെയാ അവർക്കുമേലെ വരുന്ന പലതരം സമ്മർദങ്ങൾ. കേസ് ദുർബലപ്പെടുത്താൻവേണ്ടി മണിമലക്കാര് അവരെക്കൊണ്ടു സാധിക്കുന്നതെല്ലാം ചെയ്യും. കാരണം, ഇപ്പഴും അവര് പറയുന്നത് മാളവികയെ അവർ ഏറ്റെടുക്കുകയോ പോണ്ടിച്ചേരിക്കു കൊണ്ടുപോകുകയോ ചെയ്തിട്ടില്ലെന്നാ."

"പോലീസ് പോണ്ടിച്ചേരിയിൽ പോയി അന്വേഷിച്ചാ അതിനും തെളിവ് കിട്ടും. ക്ലൂണി ഹോസ്പിറ്റലിൽ റെക്കോർഡ്സ് ഉണ്ട്."

"സന്ദീപ്, മുരിക്കാശേരി പോലീസ് പോണ്ടിച്ചേരിയിൽ പോയി അന്വേഷിച്ചു. ഇടുക്കി എസ്പി പ്രത്യേകം താൽപര്യം എടുത്തിട്ട് ചെയ്യിച്ചതാ."

"എന്നെ അറിയിച്ചില്ലല്ലോ അങ്കിൾ. ഞാനറിയണ്ടേ? ഞാൻ കൂടെ പോകുമായിരുന്നല്ലോ. എനിക്കല്ലേ എല്ലാ സ്ഥലങ്ങളും കൃത്യമായിട്ട് അറിയാവുന്നെ."

"സന്ദീപിന്റെ ലേഖനത്തിൽ എല്ലാ ഡീറ്റെയ്ൽസും ഉണ്ടായിരുന്നില്ലേ. അതുവെച്ച് പോലീസ് ക്ലൂണി ഹോസ്പിറ്റലിൽ ചെന്നു. തൊണ്ണൂറ്റാറ് ഡിസംബർ മൂന്നിന് അവിടെ സിന്ധുജ എന്നു പേരുള്ള ഒരു സ്ത്രീ പ്രസവിച്ചതായി ഹോസ്പിറ്റൽ റെക്കോർഡിൽ ഉണ്ട്."

"അത് തങ്കം ആന്റിയുടെ പേരാ... ഭാസിയമ്മാമേടെ മകന്റെ ഭാര്യ." സന്ദീപ് പഞ്ഞു.

"അതെ. ആ സ്ത്രീ ക്ലൂണി ഹോസ്പിറ്റലിൽ അഡ്മിറ്റായിട്ടുമില്ല. അവിടെവെച്ച് പ്രസവിച്ചിട്ടുമില്ല. അവിടെ പൊളിഞ്ഞില്ലേ എല്ലാം."

"പിന്നെങ്ങനെ സിന്ധുജ എന്ന പേരും ഭാസിയമ്മാമേടെ അഡ്രസും റെക്കോർഡ്സിൽ വന്നു?"

"അത് ആർക്കുമറിയില്ല. ഭാസ്കരമേനോനും ഫാമിലിയും അത് നിഷേധിച്ചാൽ പിന്നെ ആർക്കെങ്കിലും നിർബന്ധിച്ച് സമ്മതിപ്പിക്കാൻ പറ്റ്വോ? ആരോ അവരുടെ അഡ്രസ് ഉപയോഗിച്ച് കള്ളത്തരം കാണിച്ചതായിരിക്കും എന്നാണ് അവരുടെ വാദം. ഐവിറ്റ്നസ് ഇല്ല. എവിഡൻസ് ഇല്ല. അന്നു ജോലിചെയ്തിരുന്ന ആരുംതന്നെ ഇപ്പോ ആ ഹോസ്പിറ്റലിൽ ഇല്ല."

"ഡോക്ടർ അമീലിയായുടെ കാര്യം ഞാൻ റിപ്പോർട്ടിൽ ചേർത്തിരുന്നു."

"അവരിപ്പോ ഫ്രാൻസിലാണത്രെ. ഏതോ ക്ലോസ് റിലേറ്റീവ് മരണപ്പെട്ടിട്ട് പോയതാ. എപ്പോ തിരിച്ചുവരുമെന്നറിയില്ല."

"ചുരുക്കിപ്പറഞ്ഞാ പോലീസിന്റെ പോണ്ടിച്ചേരി അന്വേഷണം കഴിഞ്ഞു..." സന്ദീപ് ആശ്ചര്യപ്പെട്ടു.

"രണ്ടേരണ്ടു ദിവസമേ വേണ്ടിവന്നുള്ളൂ. പോയതുപോലെ അവർ തിരിച്ചുപോന്നു."

"മണിമലേന്ന് മാളവികേടെ ബന്ധുക്കൾ ഭാസിയമ്മാമേടെ വീട്ടിൽ ചെന്നിട്ടുമില്ലേ?"

"ഇല്ലെന്നു പറഞ്ഞാ ഉണ്ടെന്ന് എങ്ങനെ തെളിയിക്കും. വർഷം ഇരുപത്തിരണ്ട് കഴിഞ്ഞു."

"അപ്പോ മാളവികേടെ കേസ്?"

"അത് ചുരുട്ടിക്കെട്ടും. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുക്കണം. രണ്ടു കേസും ഒരൊറ്റ ഏജൻസീടെ കീഴിൽ വരുമ്പോ അന്വേഷണത്തിനൊരു പുതിയ വഴി തെളിയും."

"അതിനിപ്പോ നമ്മളെന്താ ചെയ്യണ്ടേ?"

"സന്ദീപ് ഇന്നോ നാളെയോ ഇങ്ങോട്ടു വാ... നമുക്കൊന്നും നേരിട്ടു ചെയ്യാൻ പറ്റില്ല. ശേഖരൻകുട്ടിയെക്കൊണ്ടും മകനെക്കൊണ്ടും ചെയ്യിക്കണം."

"ഞാൻ നാളെയോ മറ്റന്നാളോ അങ്ങോട്ടുവരാം അങ്കിളേ."

"ശരി... വാ.... നേരിട്ട് സംസാരിക്കാം. അല്ലിമോൾക്ക് കൊടുക്കട്ടെ."

"വേണ്ട. ഞാൻ പിന്നെ വിളിച്ചോളാം അങ്കിൾ."

"റൈറ്റ്. കട്ട് ചെയ്യുവാ..."

കോൾ മുറിഞ്ഞു.

(ശേഷം 30-ാം പേജിൽ)

## പ്രതിഭാ റായിക്ക് ഒഎൻവി പുരസ്കാരം

തിരുവനന്തപുരം: ഒഎൻവി കൾചറൽ അക്കാദമിയുടെ സാഹിത്യ പുരസ്കാരം (മൂന്ന് ലക്ഷം രൂപ) ജ്ഞാനപീഠ ജേതാവും പ്രമുഖ എഴുത്തുകാരിയുമായ പ്രതിഭാ റായിക്കു ലഭിച്ചു. ദുർഗ പ്രസാദിന്റെ 'രാ



ത്രിയിൽ അച്ചാങ്കര' എന്ന കവിതാ സമാഹാരത്തിനാണ് ഒഎൻവി യുവ സാഹിത്യ പുരസ്കാരം (50,000 രൂപ). 27-നു തിരുവനന്തപുരത്തു സമ്മാനിക്കും. ഒഡിയ ഭാഷയിൽ എഴുതുന്ന പ്രതിഭാ റായിക്കു 2011-ൽ ആണ് ജ്ഞാനപീഠം ലഭിച്ചത്. ദ്രൗപദി, ശീലാപത്മ, ബർസ ബസന്ത ബൈശാഖ എന്നിവയാണ് പ്രധാന കൃതികൾ.

# വ്യാജ ആധാറുമായി കേരളത്തിൽ എത്തിയത് അരലക്ഷം അഭയാർഥികൾ

കൊച്ചി: ബംഗ്ലാദേശ്, ശ്രീലങ്ക, മ്യാൻമർ എന്നിവിടങ്ങളിൽനിന്നുള്ള അരലക്ഷത്തിലേറെ അഭയാർഥികൾ വ്യാജ ആധാർ കാർഡുമായി കേരളത്തിൽ കഴിയുന്നതായി മിലിറ്ററി ഇന്റലിജൻസ് റിപ്പോർട്ട് ചെയ്തു.

അസമിലെ മധുപുർ, നൗഗാവ്, ബംഗാളിലെ കലിംപോങ്, നദിയ, ഉത്തര ദിനാജ്പുർ, കേരളത്തിലെ പെരുമ്പാവൂർ എന്നിവിടങ്ങളിലെ ആധാർ കേന്ദ്രങ്ങളിൽ നുഴഞ്ഞുകയറി വ്യാജ ആധാർ കാർഡ് നിർമിച്ചതായാണു കണ്ടെത്തൽ.

അഭയാർഥികൾ വിവിധ സംസ്ഥാനങ്ങളിൽ തങ്ങുന്നതിനും ഇന്ത്യക്കാരായ കുറ്റവാളികൾ യാത്രാരേഖകളുണ്ടാക്കി രാജ്യം വിട്ടുപോവുന്നതിനും വ്യാജ ആധാർ കാർഡുകൾ ദുരുപയോഗിക്കുന്നുണ്ട്. മിലിറ്ററി ഇന്റലിജൻസ് റിപ്പോർട്ടിനെ തുടർന്ന് അതിർത്തി സംസ്ഥാനങ്ങളിൽ അതിർത്തി രക്ഷാസേനയുടെ (ബിഎസ്എഫ്) നിരീക്ഷണം ശക്തമാക്കി. കേരളം അടക്കമുള്ള കടൽത്തീര സംസ്ഥാനങ്ങളിൽ കോസ്റ്റ്ഗാർഡും നിരീക്ഷണം വ്യാപിപ്പിച്ചു.

വ്യാജ ആധാർ ഉപയോഗിച്ചു കേരളത്തിലേക്ക് നുഴഞ്ഞുകയറ്റം നടക്കുന്നതായി കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികളും ഒരുവർഷം മുൻപു സൂചന നൽകിയിരുന്നു.

ഫെബ്രുവരിയിൽ മലപ്പുറം തൃപ്രങ്ങോട് അക്ഷയ കേന്ദ്രത്തിലെ ഓൺലൈൻ ആധാർ സംവിധാനത്തിൽ നുഴഞ്ഞുകയറി 50 ആധാർ ഐഡികൾ വ്യാജമായി നിർമിച്ചതായി കേന്ദ്ര ഏജൻസി റിപ്പോർട്ട് ചെയ്തു. ബംഗാൾ, ജാർഖണ്ഡ് എന്നിവിടങ്ങളിലെ ഇന്റർനെറ്റ് പ്രോട്ടോകോൾ (ഐപി) വിലാസങ്ങളിൽനിന്നാണു നുഴഞ്ഞുകയറ്റം നടത്തിയത്.

പെരുമ്പാവൂരിലെ ഭായ് മാർക്കറ്റുകളുടെ ഉള്ളിൽ ബോർഡ് ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാജ ആധാർ കേന്ദ്രങ്ങളിൽ ഒരേ ചിത്രം ഉപയോഗിച്ചു വിവിധ പേരുകളിലും വിലാസങ്ങളിലും ആധാർ കാർഡുകൾ നിർമിച്ചു നൽകുന്നതായി വിവരമുണ്ട്.

കേരള പോലീസിന്റെ ആന്റി ടെററിസ്റ്റ് സ്ക്വാഡ് ഈയിടെ നടത്തിയ പരിശോധനകളിൽ പിടിച്ചെടുത്ത പല ആധാർ കാർഡുകളും വ്യാജമായി നിർമിച്ചതാണ്.

വ്യാജ ആധാർ കാർഡ് നിർമിക്കുന്നതും തിരിച്ചറിയൽ രേഖയായി ദുരുപയോഗിക്കുന്നതും ആധാർ ആക്ട് (2016) പ്രകാരം മൂന്ന് വർഷം വരെ തടവും 10,000 രൂപ മുതൽ ഒരു ലക്ഷം രൂപവരെ പിഴയും ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

## സൺഡേസ്കൂൾ വാർഷികം

(22-ാം പേജിൽനിന്നും)

രൂപതാ തലത്തിൽ നടത്തിയ ബൈബിൾ ക്വിസ് മത്സരത്തിൽ ഇടവകയിൽ നിന്നും ഫൈനലിലെത്തിയ ആസ്മി തോമസ്, ബീനാ ബിജു, ജെന്നാ നിഖിൽ, ജിൻസി ജോൺ, ജോസ്‌ലിൻ സോജൻ, റബേക്കാ ജോസഫ്, ജെറമിയ ജോസഫ് എന്നിവരെ ഫാ. ദാനവേലിൽ പ്രശംസാ സർട്ടിഫിക്കറ്റുകൾ നൽകി ആദരിച്ചു.

എബിൻ സെബാസ്റ്റ്യൻ ശബ്ദ വെളിച്ച നിയന്ത്രണ സാങ്കേതിക സഹായവും, ജോസ് തോമസ് ഫോട്ടോഗ്രഫിയും നിർവഹിച്ചു. ജെയ്ക് ബെന്നി, ജാനറ്റ് ജെയിംസ്, ഗ്ലോറിയാ സന്തോഷ് എന്നിവർ എം.സി.മാരായി.

ഗോസ്പിറ്റാലിറ്റി ടീം ജോയി കരുമത്തി, ജോജോ ജോസഫ് എന്നിവരുടെ മേൽനോട്ടത്തിൽ സെ. വിൻസന്റ് ഡി പോൾ, പിടിഎ ഭാരവാഹികൾ ഭക്ഷണം തയാറാക്കുന്നതിലും സ്റ്റേജ് ക്രമീകരണങ്ങൾക്കും സഹായകമായി.

ഷീബാ സോണി, ബിന്ദു വെള്ളാറ, ഹെലൻ ഐസക്ക്, ലെവിൻ സോണി, ആരൺ മൈക്കിൾ എന്നിവരുടെ സഹായത്തോടെ മതാദ്ധ്യാപിക ജെയിൻ സന്തോഷ് പരിപാടികൾ സമയബന്ധിതമായി കോർഡിനേറ്റു ചെയ്തു.

**ഫോട്ടോ: ജോസ് തോമസ്**

## നോവൽ

(29-ാം പേജിൽ നിന്നും)

"നീ ഇനീം അങ്ങോട്ടു പോകുവാണോ?" രാജശ്രീ ചോദിച്ചു.

"പോകണം." സന്ദീപ് കോണിപ്പടി കയറി മുകളിലേക്കു പോയി. കോടതിക്കാര്യങ്ങൾ അച്ഛനോടു ചോദിച്ചു മനസ്സിലാക്കാമെന്നു തീരുമാനിച്ചു. ഹർജികൾ ഏതു കോടതിയിൽ കൊടുക്കണം, എന്തെല്ലാം അതിൽ ഉൾക്കൊള്ളിക്കണം എന്നെല്ലാം അച്ഛനേ കൃത്യമായിട്ടറിയൂ.

റൂമിൽ ചെന്ന് ഡയറിയും പേനയും എടുത്ത് ഇറങ്ങുമ്പോഴേക്കും അനിബാബുവിന്റെ കോൾ വന്നു. സന്ദീപ് ഫോണെടുത്തു ഹലോ വിളിച്ചു.

"സാറെ, ഞാൻ മുണ്ടക്കയത്ത്ന്നാ വിളിക്കുന്നെ. കൂട്ടിക്കൽ സുകു ജാമ്യത്തിലെറങ്ങി."

"ങ്ഹാ.... എന്നിട്ട്?"

"ഞാൻ എന്റെ ചെല പരിചയക്കാരെ സെറ്റ്ചെയ്തു വെച്ചിട്ടൊണ്ട് സാറെ."

"കുഴപ്പക്കാരാണോ?"

"സാറുംകൂടെ ഒന്നു വന്നിരുന്നെങ്കി..."

"മുണ്ടക്കയത്തിനോ?"

"കുട്ടിക്കാനത്തായാലോ..."

"ചേട്ടാ എന്നെ ഇതിലൊക്കെ ഉൾപ്പെടുത്തണോ?"

"സാറൊന്നും ചെയ്യണ്ട. എല്ലാം കണ്ടും കേട്ടും പൊറകി നിന്നാ മതി."

"എന്താ നിങ്ങടെ പ്ലാൻ?"

"കൂട്ടിക്ക സുകൂനെ പൊക്കണം."

"അയാളെവിടൊണ്ട്?"

"സാറെ, അവന്റെ താമസസ്ഥലമൊക്കെ കണ്ടുപിടിച്ചു..."

"മുണ്ടക്കയത്താണോ?"

"മുണ്ടക്കയത്തൂന്ന് കൂട്ടിക്കലിനു പോണ വഴിക്കാ. സാറുംകൂടിങ്ങുവന്നാ നമ്മക്ക് ഒരു തീർച്ചയൊണ്ടാരുന്നു."

"ഞാൻ വന്നിട്ട് എന്തു ചെയ്യാനാ...?"

"അവനോടു ചോദിക്കേണ്ട രീതി എന്താന്ന് എനിക്കറിയാം. പക്ഷേങ്കി, ചോദിക്കേണ്ട ചോദ്യങ്ങള് എന്താന്ന് അറിയാമ്മേല. അതിനൊരു നയോം തന്ത്രോം ഒക്കെ വേണ്ടേ... സാറതൊക്കെ ഒന്നു വേണ്ടപോലെ പറഞ്ഞുതന്നാ മതി."

"ഞാൻ കുറച്ചുകഴിഞ്ഞു തിരിച്ചു വിളിക്കാം."

"ശെരി സാറെ..."

സന്ദീപ് ചിന്താക്കുഴപ്പത്തിലായി.

ഒരു ക്രിമിനൽ സംഘത്തോടൊപ്പം ചേരാൻ മനസ്സുമടിച്ചു. അവർക്ക് എന്തെങ്കിലും അബദ്ധം സംഭവിച്ചാൽ അതിൽ തനിക്കും പങ്കാളിത്തമുണ്ടാകും. പക്ഷേ, ഇതൊരു സുവർണാവസരമാണെന്നു സന്ദീപ് ഓർത്തു.

പോലീസ് എത്ര അന്വേഷിച്ചാലും തുമ്പു കിട്ടാതെപോകുന്ന ഒരു കേസിന്റെ ഗതി തിരിച്ചുവിടാൻ ഈ സന്ദർഭം പ്രയോജനപ്പെടുത്താവുന്നതേയുള്ളൂ. താനൊരു പത്രപ്രവർത്തകൻ കൂടിയാണ്. ഒരു യഥാർത്ഥ റിപ്പോർട്ടറുടെ ജോലി സാഹസം നിറഞ്ഞതും ഭീഷണികൾ മുഴങ്ങുന്നതും അപായസൂചനകൾ ഉള്ളതും ധീരത ആവശ്യപ്പെടുന്നതും ആയിരിക്കും. അര മണിക്കൂർ നീണ്ട ആലോചനയ്ക്കുശേഷം സന്ദീപ് അനിബാബുവിനെ തിരിച്ചു വിളിച്ചു.

"ഞാനിന്നുതന്നെ മുണ്ടക്കയത്തു വരാം. ഞാൻ റൂമെടുത്തിട്ടു വിളിക്കുമ്പോ എന്റെ റൂമിലേക്കു വന്നാ മതി."

"ശെരി സാറെ... എനിക്ക് ധൈര്യമായി."

"ഞാൻ വരുമ്പോ രാത്രി കുറച്ച് ലേറ്റാകും."

"ഹരിപ്പാട്ട്ന്നു മൂന്നു മണിക്കൂറ് മതി സാറെ..."

"നോക്കട്ടെ. ഓകെ." സന്ദീപ് ഫോൺ വെച്ചു. വൈകുന്നേരം ഓഫീസിലേക്കു പോകാൻ എന്ന വ്യാജേന കാറിൽ മുണ്ടക്കയത്തിനു തിരിച്ചു. യാത്രയ്ക്കിടയിൽ കിഷോറിനെയും അല്ലിമയെയും വിളിച്ച് താൻ അത്യാവശ്യമായി മുണ്ടക്കയത്തിനു പോവുകയാണെന്ന് അറിയിച്ചു. മുണ്ടക്കയത്ത് എത്തുമ്പോൾ രാത്രി ഒൻപതുമണിയായി. പാരമൗണ്ട് ഹോട്ടലിൽ മുറിയെടുത്തശേഷം അനിബാബുവിനെ വിളിച്ച് വിവരം അറിയിച്ചു. പത്ത് മിനിറ്റിനുള്ളിൽ അനിബാബു വന്നുചേർന്നു.

"എവിടാ താമസിക്കുന്നെ?"

സന്ദീപ് തിരക്കി.

"പാലത്തിനടുത്ത് കുളത്തിങ്കൽ ലോഡ്ജ്." അനിബാബു പറഞ്ഞു.

"എന്തെങ്കിലും ഐഡിയാ ഉണ്ടോ കൂട്ടിക്കൽ സുകുവിനെ പൊക്കാൻ?"

"അയാള് താമസിക്കുന്നത്... മുണ്ടക്കയത്ത്ന്നു കൂട്ടിക്കൽ പോണ വഴി റോസ്മൗണ്ടും ചെളിക്കുഴിയും കഴിഞ്ഞു റോഡ് പറത്താനത്തിനു തിരിയും. ചോലത്തടം വഴി ഈരാറ്റുപേട്ടയ്ക്കുള്ള റോഡാണത്. അതിലെ കുറച്ചു പോയിക്കഴിയുമ്പോ ഒരു പോക്കറ്റ് റോഡ്. മൺറോഡാ. അതൊരു പഴയ വീട്ടിലോട്ടാ ചെല്ലുന്നെ. വീട് അടച്ചിട്ടിരിക്കുവാ. അതിന്റെ കാർ ഷെഡിലാ അവന്റെ താമസം."

"ഒറ്റയ്ക്കാണോ?"

"മിക്കവാറും ഒറ്റയ്ക്കാ..."

"അതവന്റെ വീടാണോ?"

"വീടൊരു പ്ലാന്ററുടെയാ... അയാൾ വേറെ ബംഗ്ലാവുവെച്ച് മാറി. പഴയവീട് അങ്ങനെതന്നെ ഇട്ടേക്കുവാ... പണ്ടു കാലത്ത് കാർപോർച്ച് ഇല്ലല്ലോ. വണ്ടിപ്പെരയല്ലേ. വല്യ ഗേറ്റ് മാതിരി ഇരുമ്പു വാതിലൊക്കെയൊള്ള ഷെഡ്ഡാ. തോട്ടമായതുകൊണ്ട് അടുത്തെങ്ങും ആൾ താമസവുമില്ല."

"പിടിച്ചാ കിട്ടുന്നവനാണോ?"

"ഞങ്ങള് നാലഞ്ചുപേരൊണ്ട് സാറെ. പൈസ മൊടക്കണം. എന്റെ കയ്യില് സാറ് തന്ന കാശേ ഒള്ളൂ."

"എന്നാണ് സംഗതി നടത്തുന്നെ?"

"നാളെത്തന്നെ ചെയ്യാം സാറെ. വൈകിക്കണ്ട. സബ്ജയിലീന്ന് എറങ്ങിയതല്ലേയൊള്ളൂ. ഇത്തിരി ക്ഷീണത്തിലാ സുകു. ആ പ്ലാന്ററാ ഇപ്പ അവന്റെ രക്ഷാകർത്താവ്. അയാൾക്ക് തടിക്കച്ചവടോം ഒണ്ട്."

"ശരി... ഞാൻ സമ്മതിച്ചു."

"മറ്റവൻമാരെ വിളിച്ച് പറയട്ടോ?"

"പറഞ്ഞോളൂ." അനിബാബു ഫോണെടുത്ത് ഓരോരുത്തരെ വിളിച്ചുതുടങ്ങി.

(തുടരും)


**SUBSCRIPTION FORM**

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

**Take Advantage Of Our New Low Rates**

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

**KERALA EXPRESS**

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

*Subscription fee non-refundable*

VISA MasterCard DISCOVER




FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
Shashi Tharoor
Mukesh
John Brittas
21ST FOKANA
Convention at WASHINGTON DC
2024
July
18, 19 & 20
Nikesh Kumar
Anju Joseph
Murukan Kattakada
Kallu & Mathu
DR. BABU STEPHEN
President
DR. KALA SHAHI
Gen. Secretary
BIJU JOHN
Treasure
JOHNSON THANKACHAN
Convention Chairman

# വേർപാടിന്റെ
## 33 വർഷം...

**മെയ് 15, 2024**



# ബാബു ചാഴികാടൻ

**1991–ൽ കേരള നിയമസഭയിലേക്ക് നടന്ന**
**തെരഞ്ഞെടുപ്പിൽ ഏറ്റുമാനൂർ നിയോജക മണ്ഡലത്തിൽ നിന്നും**
**മത്സരിച്ച ബാബു ചാഴികാടൻ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടയിൽ**
**ആകസ്മികമായി നമ്മളിൽ നിന്നും വേർപിരിഞ്ഞിട്ട്**
**മെയ് 15–ന് 33 വർഷം പൂർത്തിയാകുന്നു.**
**ബാബു ചാഴികാടന്റെ ഓർമ്മകൾക്കു മുമ്പിൽ പ്രണാമം.**

**ദുഃഖസ്മരണകളോടെ**
**കുടുംബാംഗങ്ങളും, സുഹൃത്തുക്കളും**

Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**